**നം. കെ.എസ്.എ. സിൽ.എ 3/224/2017** **തീയതി 17.10.2017**

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

(1976- ലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (ഫിനാൻസ് & അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18, 1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് -4, 1996- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

*****************

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ശ്രീ. നജീം. എച്ച്**<br>**ഡെപ്യൂട്ടി ഡയറക്ടർ**<br>**01.05.2017 മുതൽ 31.05.2017 വരെ**<br>**ശ്രീ. വിക്രംസിംഗ്. സി**<br>**ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്** | **ശ്രീ. വിക്രംസിംഗ്. സി**<br>**ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ** | **1. ശ്രീ. സലിം. എ.ആർ**<br>**ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)**<br><br>**2. ശ്രീമതി. സുനി മാധവൻ. ഡി**<br>**അസി. ഓഡിറ്റ് ഓഫീസർ**<br>**23.05.2017 വരെ**<br><br>**3. ശ്രീമതി. ഷീബാരാജ്**<br>**അസി. ഓഡിറ്റ് ഓഫീസർ**<br>**03.06.2017 മുതൽ**<br><br>**4. ശ്രീമതി. സെലിൻ. ആർ**<br>**അസി. ഓഡിറ്റ് ഓഫീസർ** |

| | |
|---|---|
| | 5. ശ്രീമതി. സുനിതാ ബാബു. ബി.എസ്<br>ഓഡിറ്റർ<br><br>6. ശ്രീ. വിനോദ് കുമാർ. വി<br>ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച കാലയളവ് | 01.05.2017 മുതൽ 30.09.2017 വരെ |
| <u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ</u><br><br>1. ഡയറക്ടർ | <br><br>ഡോ. എം. ആർ തമ്പാൻ<br>(01.04.2016 മുതൽ 04.08.2016 വരെ)<br>പ്രൊഫ. വി. കാർത്തികേയൻ നായർ<br>(05.08.2016 മുതൽ 31.03.2017 വരെ) |
| 2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1. ശ്രീമതി . പി. ശോഭന<br>(01.04.2016 മുതൽ 16.06.2016 വരെ)<br>2. ശ്രീമതി. ജയലേഖാദേവി. ജെ<br>(17.06.2016 മുതൽ 30.06.2016 വരെ)<br>3. ശ്രീ. സേവ്യർ സെബാസ്റ്റ്യൻ<br>(01.07.2016 മുതൽ 31.10.2016 വരെ)<br>4. ശ്രീ. മുരളീധരൻ. എ<br>(01.11.2016 മുതൽ 31.03.2017 വരെ) |
| 3. ഫിനാൽഷ്യൽ അസിസ്റ്റന്റ് | 01.04.2016 മുതൽ 18.09.2016 വരെ കാലയളവിൽ എഫ്.എ. യുടെ ചുമതല ആർക്കും നൽകിയിട്ടില്ല.<br><br>ശ്രീമതി. എ.വി. കൃഷ്ണകുമാരി<br>(19.09.2016 മുതൽ 31.03.2017 വരെ) |

ഈ റിപ്പോർട്ട് കൈപ്പറ്റിയാൽ ഉടൻ തന്നെ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ടിൽ പറയുന്ന

ന്യൂനതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി, ഗവേണിംഗ് ബോഡിയിൽ ഓഡിറ്റ് റിപ്പോർട്ടും പരിഹാര നടപടികളും വിശദമായി ചർച്ച ചെയ്യേണ്ടതാണ്. [1976 ലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഫിനാൻസ് & അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 18(V)].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന തടസ്സങ്ങൾ/ പരാമർശങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച മറുപടി പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. [1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)]ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി ലഭ്യമാക്കാത്ത പക്ഷം ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അംഗീകരിക്കുന്നു എന്ന നിഗമനത്തിൽ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിഷയ സൂചിക


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1. | ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ | 4 മുതൽ 6 വരെ |
| 2. | പൊതു അവലോകനം | 7 മുതൽ 8 വരെ |
| 3. | ബജറ്റ് അവലോകനം | 9 |
| | **ഭാഗം - 2** | |
| 4 മുതൽ 19 വരെ | പ്രസിദ്ധീകരണ വിഭാഗം - ഓഡിറ്റ് നിരീക്ഷണങ്ങൾ | 10 മുതൽ 30 വരെ |
| | **ഭാഗം- 3** | |
| 20 മുതൽ 24 വരെ | വിജ്ഞാനകൈരളി മാസിക | 31 മുതൽ 38 വരെ |
| | **ഭാഗം - 4** | |
| 25 മുതൽ 40 വരെ | പൊതുവായ ഓഡിറ്റ് നിരീക്ഷണങ്ങൾ | 39 മുതൽ 50 വരെ |

| | | |
|---|---|---|
| ഭാഗം- 5 | | |
| 41 മുതൽ 54 വരെ | കോഴിക്കോട് പ്രാദേശിക കേന്ദ്രം | 51 മുതൽ 67 വരെ |
| ഭാഗം- 6 | | |
| 55 മുതൽ 57 വരെ | സാമ്പത്തിക നില | 68 മുതൽ 73 വരെ |
| 58 | റിവോൾവിംഗ് ഫണ്ട് | 74 |
| 59 മുതൽ 66 വരെ | ഓഡിറ്റ് പ്രത്യവലോകനം | 74 മുതൽ 78 വരെ |
| | **അനുബന്ധം - 1**<br>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 79 മുതൽ 80 വരെ |
| | **അനുബന്ധം - 2**<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് | 81 |

# ഭാഗം - 1

## 1) ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, അനുബന്ധ സ്ഥാപനങ്ങളായ കോഴിക്കോട് പ്രാദേശിക കേന്ദ്രം, കണ്ണൂർ പുസ്തക വിൽപ്പനശാല, സംസ്കാര പുസ്തക വിൽപ്പനശാല തിരുവനന്തപുരം, എന്നിവയുടെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി.

### എ) വാർഷിക കണക്കുകൾ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാൻ വരവ് ചെലവുകളും നോൺ-പ്ലാൻ വരവ് ചെലവുകളും പ്രത്യേകം തയ്യാറാക്കിയാണ് 2016-17 വർഷത്തെ കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ നോൺ-പ്ലാൻ വരവ് ചെലവ് കണക്കുകളിൽ കൂടി പ്ലാൻ കണക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു. വാർഷിക കണക്ക് പ്രകാരം നോൺ-പ്ലാൻ ഇനത്തിൽ ലഭിച്ച ആകെ വരവ് തുക 5,49,77,023/- രൂപയിൽ പ്ലാൻ ഇനത്തിൽ ലഭിച്ച 1,75,00,000/- രൂപ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതേ രീതിയിൽ നോൺ-പ്ലാൻ ചെലവ് ഭാഗത്ത്

മാനേജ്മെന്റ് (പ്ലാൻ) ചെലവുകൾക്കായി 1,73,545/- രൂപയും അക്കാദമിക് വിഭാഗത്തിൽ പ്ലാൻ ചെലവുകൾക്കായി 37,56,098/- രൂപയും, (കണ്ടിജൻസീസ്) - ൽ പ്ലാൻ ചെലവായി 75,000/- രൂപയും കോഴിക്കോട് കേന്ദ്രത്തിന്റെ (പ്ലാൻ) ചെലവായി 39,29,973/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം നോൺ-പ്ലാൻ വരവ് ചെലവുകളിൽ പ്ലാൻ വരവ് ചെലവുകൾ കൂടി ഉൾപ്പെടുത്തുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

**ബി) <u>വാർഷിക കണക്ക് യഥാർത്ഥ വരവു ചെലവുമായി പൊരുത്തപ്പെടുന്നില്ല</u>**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വാർഷിക കണക്കിലെ തുകകൾ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**i)** സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള പരസ്യ രജിസ്റ്റർ പ്രകാരം വിജ്ഞാന കൈരളി പരസ്യ വരവ് 2,17,500/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 30,000/- രൂപ മാത്രമാണ്.

**ii)** ഇ-ടെണ്ടർ ഓൺലൈൻ പാസ്ബുക്ക് പ്രകാരം EMD വരവായി 94,198/- രൂപ 15.06.2016 ൽ ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ പ്രസ്തുത ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 14,154/- രൂപ മാത്രമാണ്.

**iii)** വിജ്ഞാനമുദ്രണം പ്രസ്സ് പേപ്പർ കട്ടിംഗ്സ്/ സോയിൽഡ് പേപ്പർ വിൽപ്പന വരവ് ബന്ധപ്പെട്ട രസീത് പ്രകാരം 1,09,581/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 39,795/- രൂപ മാത്രമാണ്.

**iv)** വിജ്ഞാനമുദ്രണം പ്രസ്സിന്റെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളും തമ്മിൽ താഴെച്ചേർക്കുന്ന പ്രകാരമുള്ള വ്യത്യാസമുണ്ട്.

| ക്രമ നം | ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | വിജ്ഞാന മുദ്രണം പ്രസ് ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | പേ &അലവൻസ് ഓഫ് സ്റ്റാഫ് | 3480340 | 3373385 |
| 2 | ഇ.എസ്.ഐ. കോൺട്രിബ്യൂഷൻ | 86085 | 23434 |
| 3 | മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | 14714 | 3138 |

ഇപ്രകാരം മേൽ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമ നമ്പർ (i) മുതൽ (iii) വരെയുള്ള വരവ് തുകകൾ അക്കൗണ്ട്സിൽ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പി.ഡി. അക്കൗണ്ട്, ട്രഷറി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയതെന്ന് വ്യക്തമല്ല. ഓരോ ഇനത്തിലുമുള്ള ലഡ്ജറുകൾ യഥാസമയം തയ്യാറാക്കാത്തത് ക്യാഷ് കൈകാര്യം ചെയ്യുന്നതിലെ ഗുരുതരമായ വീഴ്ചയാണ് വ്യക്തമാക്കുന്നത്. സ്ഥാപനത്തിൽ പരിപാലിക്കുന്ന എല്ലാ അക്കൗണ്ടുകളും റീക്കൺസിലിയേഷൻ ചെയ്യാത്തതും യഥാർത്ഥ വരവ് ചെലവ് തുകകൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്താത്തതും പണാപഹരണത്തിന് ഇടയാക്കുന്ന വസ്തുതകളാണ്. ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി അതാത് ദിവസം തന്നെ എഴുതി പൂർത്തിയാക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ അപാകതകളോടു കൂടി വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിനു സമർപ്പിച്ചത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. യഥാർത്ഥ വരവും ചെലവും ഉൾപ്പെടുത്തി വാർഷിക കണക്ക് തയ്യാറാക്കുന്നതിനും അപാകതകൾ ഒഴിവാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2) പൊതു അവലോകനം

മലയാള ഭാഷയുടെ സർവ്വതോൻമുഖമായ വികസനത്തിന് വേണ്ടിയാണ് 1968- ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. ഇൻസ്റ്റിറ്റ്യൂട്ടിന് നാല് വിഭാഗങ്ങളാണുള്ളത്.

**1) അക്കാദമിക വിഭാഗം**

**2) ഭരണ വിഭാഗം**

**3) വിൽപ്പന വിഭാഗം**

**4) വിജ്ഞാന മുദ്രണം പ്രസ്സ്**

മേൽ നാല് വിഭാഗങ്ങളും തമ്മിലുള്ള ഏകോപനത്തിലെ പോരായ്മ സ്ഥാപനത്തിന്റെ സുഗമമായ പ്രയാണത്തിന് തടസ്സമാകുന്നുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയും ജീവനക്കാരുടെ നിയമനത്തിന് ശരിയായ നിയമ വ്യവസ്ഥയില്ലാത്തതുമാണ് ഇതിന് കാരണം.

### i) അക്കാദമിക വിഭാഗം

ഇൻസ്റ്റിറ്റ്യൂട്ട് ഓരോ വർഷവും പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതും അംഗീകരിക്കുന്നതും ഈ വിഭാഗമാണ്. മലയാളത്തെ സ്നേഹിക്കുന്ന ഒരു തലമുറ വളർന്ന് വരേണ്ട അനിവാര്യമായ ഒരു ഘട്ടത്തിലാണ് നമ്മൾ എത്തി നിൽക്കുന്നത്. അതിനാൽ കുട്ടികളുടെ അഭിരുചി കുടി കണക്കിലെടുത്തുള്ള പുസ്തകങ്ങൾക്ക് പ്രാധാന്യം നൽകിയാൽ അത് അവരിൽ ഭാഷാ സ്നേഹം വളർത്തുന്നതിന് സഹായിക്കും. പുസ്തക പ്രസിദ്ധീകരണത്തെ സംബന്ധിച്ച ഓരോ വർഷത്തെയും സമഗ്രമായ പദ്ധതി മുൻകൂട്ടി തന്നെ തയ്യാറാക്കുന്നതിൽ അക്കാദമിക വിഭാഗം കുറച്ച് കുടി ശ്രദ്ധിക്കേണ്ടതുണ്ട്.

### ii) ഭരണവിഭാഗം

പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച ജോലികളുടെ ഭരണ നിർവ്വഹണം നടത്തുന്നത് ഈ വിഭാഗമാണ്.

പുസ്തകങ്ങളുടെ പുന:പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി, ടൈപ്പ്സെറ്റിംഗ്, കവർ ഡിസൈൻ, പ്രൂഫ് റീഡിംഗ് എന്നീ പ്രവൃത്തികൾക്ക് പ്രതിഫലം അനുവദിച്ചത് ക്രമവിരുദ്ധമാണ് (ഖണ്ഡിക 4,5) കാണുക.

സ്വകാര്യ പ്രസ്സുകളെ ജോലി ഏൽപ്പിക്കുമ്പോൾ വ്യക്തമായ കരാർ ഉണ്ടാക്കാത്തതിനാൽ, അനാവശ്യമായ കാലതാമസം നേരിടുകയും തൻമൂലം അച്ചടിച്ചെലവ് വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഖണ്ഡിക (8,9) കാണുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിൽ ഇപ്പോൾ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കുന്ന തിനുള്ള അടിയന്തിര നടപടികൾ അനിവാര്യമാണ്. (ഖണ്ഡിക 13) കാണുക.

## iii) <u>വിൽപ്പന വിഭാഗം</u>

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ധനസഹായത്തിന് പുറമേ, പുസ്തക വിൽപ്പനയാണ് സ്ഥാപനത്തിന്റെ മറ്റൊരു വരുമാന സ്രോതസ്സ്. പുസ്തക വിൽപ്പനയിൽ തൻവർഷം മുൻവർഷത്തേക്കാൾ 54% വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, ഗോഡൗണിൽ കെട്ടിക്കിടക്കുന്ന പുസ്തകങ്ങളുടെ വിൽപ്പനയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികൃതർ അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പ്, ഗ്രന്ഥശാലകൾ എന്നിവ മുഖേന ഓർഡറുകൾ സ്വീകരിക്കുകയും പ്രീപബ്ലിക്കേഷൻ വിൽപ്പന ഊർജ്ജിതമാക്കുകയും ചെയ്യുന്നത് ഭാഷയുടെ വികസനത്തിനും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക സ്ഥിതിക്കും ഗുണകരമാകു ന്നതാണ്.

## iv) <u>വിജ്ഞാന മുദ്രണം പ്രസ്സ്</u>

തൻവർഷം പ്രസിദ്ധീകരിച്ച 283 പുസ്തകങ്ങളിൽ 200 എണ്ണവും സ്വകാര്യ പ്രസ്സുകളിലും ബാക്കി 83 എണ്ണം വിജ്ഞാന മുദ്രണം പ്രസ്സിലും അച്ചടിച്ചു.

ഇവിടെ ആവശ്യത്തിന് ജീവനക്കാരുണ്ടെങ്കിലും കൃത്യമായ പദ്ധതിയുടെ അഭാവത്താൽ അവരുടെ സേവനം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയുന്നില്ല. കൂടാതെ കാലാനുസൃതമായ ആധുനികവൽക്കരണം

പ്രസ്സിൽ നടത്തുന്നതിനും അധികൃതർ വിമുഖത കാട്ടുന്നു. ഇക്കാരണങ്ങളാലാണ് അമിത പണം നൽകി സ്വകാര്യ പ്രസ്സുകളിൽ പുസ്തകം പ്രിന്റ് ചെയ്യേണ്ടി വരുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ പ്രിന്റിംഗിലെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തനങ്ങൾ വി.എം.പി. യിൽ തന്നെ നിർവ്വഹിച്ച് പൂർത്തീകരിക്കുന്ന തരത്തിൽ വിജ്ഞാന മുദ്രണം പ്രസ്സ് നവീകരിക്കേണ്ടത് അനിവാര്യമാണ്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അനുബന്ധ സ്ഥാപനങ്ങളായ കോഴിക്കോട് പ്രാദേശിക കേന്ദ്രം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം പുസ്തക വിൽപ്പന ശാലകൾ എന്നിവ സ്ഥാപനത്തിന്റെ മുതൽക്കൂട്ടാണ്. ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുമാണ്.

## 3) ബഡ്ജറ്റ് അവലോകനം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ ബഡ്ജറ്റ് 02.03.2016 ൽ കൂടിയ ഭരണസമിതിയിൽ ഐറ്റം നം. '2' ആയി അംഗീകരിച്ചു. പദ്ധതിയിനത്തിൽ 447 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 650 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിച്ചാണ് 2016-17 ലെ ബഡ്ജറ്റ് തയ്യാറാക്കിയത്. എന്നാൽ കെട്ടിട നിർമ്മാണത്തിന് 175 ലക്ഷം രൂപയും മലയാളഭാഷാ കമ്പ്യൂട്ടിംഗിനായി 100 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി പദ്ധതിയിനത്തിൽ 722 ലക്ഷം രൂപയുടെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് 23.09.2016 ൽ സർക്കാരിന് സമർപ്പിച്ചു. 2016-17 ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ ചെലവ് പദ്ധതിയിനത്തിൽ 7,06,48,643/- രൂപയും പദ്ധതിയിതരയിനത്തിൽ 5,49,59,937/- രൂപയു മാണ്.

പദ്ധതിയിനത്തിൽ കെട്ടിടനിർമ്മാണത്തിനായി 175 ലക്ഷം രൂപ വകയിരുത്തുകയും ആയത് ലഭ്യമാവുകയും ചെയ്തെങ്കിലും പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം പോലും നാളിതുവരെ ആരംഭിച്ചിട്ടില്ല. പദ്ധതിയിതരയിനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 546 ലക്ഷം രൂപ ജീവനക്കാരുടെ ശമ്പളത്തിനും 547 ലക്ഷം രൂപ വി.എം.പി. ജീവനക്കാരുടെ

ശമ്പളത്തിനുമായാണ് വകയിരുത്തിയിട്ടുള്ളത്.

തൻവർഷത്തെ ബഡ്ജറ്റിൽ ഇന്റർനാഷണൽ ബുക്ക് ഫെയറിന് 15 ലക്ഷം രൂപ വകയിരുത്തിയെങ്കിലും വാർഷിക കണക്ക് പരിശോധിച്ചതിൽ ഈയിനത്തിൽ തൻവർഷം ചെലവൊന്നും ചെയ്തിട്ടില്ല. ഡോ. കെ.എം. ജോർജ് മെമ്മോറിയൽ ലൈബ്രറി ആന്റ് റിസർച്ച് സെന്ററിന്റെ നവീകരണത്തിനായി 16 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയെങ്കിലും 76,317 രൂപയുടെ പുസ്തകങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. വായനാമത്സരം സംഘടിപ്പിക്കുന്നതിനും സമ്മാന വിതരണത്തിനുമായി 3 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നുവെങ്കിലും പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മലയാളഭാഷാ കമ്പ്യൂട്ടിംഗിനായി 100 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നുവെങ്കിലും പ്രസ്തുതപദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതും യാഥാർത്ഥ്യ ബോധത്തോടു കൂടിയ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ട തുമാണ്.

## <u>ഭാഗം-2</u>

## <u>പ്രസിദ്ധീകരണ വിഭാഗം - ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 4) <u>പുന:പ്രസിദ്ധീകരണ പുസ്തകങ്ങളുടെ ഡി.റ്റി.പി/ ടൈപ്പ് സെറ്റിംഗ് ജോലികൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകി - 1,31,915/- രൂപ നിരാകരിക്കുന്നു</u>

2016-17 വർഷം പുന:പ്രസിദ്ധീകരിച്ച താഴെപ്പറയുന്ന പുസ്തകങ്ങളുടെ ഡി.റ്റി.പി/ ടൈപ്പ് സെറ്റിംഗ്/ കവർ ഡിസൈനിംഗ് ചാർജ്ജിനത്തിൽ 1,31,915/- രൂപ സ്വകാര്യ സ്ഥാപനങ്ങൾക്ക് താഴെച്ചേർക്കുന്ന പ്രകാരം അനുവദിച്ചിരിക്കുന്നു.

## (1) ഡി.റ്റി.പി./ ടൈപ്പ് സെറ്റിംഗ്

| ക്രമ നം | പുസ്തകത്തിന്റെ പേര് | പതിപ്പ് | സിൽ നം | ഡി.റ്റി.പി. സ്ഥാപനത്തിന്റെ പേര് | തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|---|---|
| 1. | ഫ്ളാറ്റിലെ കൃഷി | 3rd | 3938 | സുജിതാഗ്രാഫിക്സ് | 2810/- | 187179/ 25.02.17 |
| 2. | സിനിമറ്റോഗ്രഫി | 2nd | 3880 | ബിയോണ്ട് പബ്ലിഷേഴ്സ് | 1700/- | 086923/ 06.10.16 |
| 3. | ഇന്ത്യൻ ദേശീതയുടെ സാമൂഹ്യ പശ്ചാത്തലം | 3rd | 4015 | എസ് വേൾഡ് കമ്പ്യൂട്ടേഴ്സ് | 11393/- | 150164/ 11.07.16 |
| 4. | അധുനിക യുഗത്തിലെ വിപ്ലവങ്ങൾ | 4th | 3704 | രാജൻ പ്രസ്സ് | 6928/- | 95009032 / 09.09.16 |
| 5. | സഞ്ചാരിയുടെ വീട്- റായ് സിനിമ ഒരു പഠനം | 2nd | 3734 | ഗയാ ഗ്രാഫിക്സ് | 4268/- | 530870/ 23.03.17 |
| 6. | വേദശബ്ദരത്നാകരം | 4th | 3700 | ദേവി ഡി.റ്റി.പി. സെന്റർ | 12482/- | 087036/ 26.12.16 |
| 7. | ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ | 2nd | 3934 | ബിയോണ്ട് പബ്ലിഷേഴ്സ് | 2444/- | 087009/ 25.11.16 |
| 8. | മണ്ണും സസ്യപോഷണവും | 2nd | 3905 | രാജേഷ്. കെ | 5000/- | 086901/ 07.09.16 |
| 9. | അറബികളുടെ ചരിത്രം | 7th | 3677 | ബിയോണ്ട് പബ്ലിഷേഴ്സ് | 7233/- | 150155/ 05.07.16 |
| 10. | സുഗന്ധവ്യഞ്ജനവിളകൾ | 2nd | 4149 | ബിയോണ്ട് പബ്ലിഷേഴ്സ് | 4190/- | 087162/ 13.02.17 |
| 11. | ഡോ- അംബേദ്കർ തെരെഞ്ഞെടുത്ത കൃതികൾ | 3rd | 4064 | ബിയോണ്ട് പബ്ലിഷേഴ്സ് | 9098/- | 087111/ 27.01.17 |
| 12. | സഹകാരികൾക്ക് ഒരു കൈപ്പുസ്തകം | 2nd | 3824 | ഇൻഫോനീഡ്സ് | 2637/- | 087016/ 08.12.16 |
| 13. | ചൈനയുടെ ചരിത്രം | 2nd | 3873 | ഗയാ ഗ്രാഫിക്സ് | 4298/- | 530870/ 23.03.17 |
| 14. | തിരക്കഥയുടെ രീതി ശാസ്ത്രം | 2nd | 3917 | ബിയോണ്ട് പബ്ലിഷേഴ്സ് | 2634/- | 086885/ 29.08.16 |
| 15. | സംസ്കൃത സ്വാധീനം മലയാളത്തിൽ | 2nd | 4025 | ബിയോണ്ട് പബ്ലിഷേഴ്സ് | 6902/- | 087009/ 25.11.16 |

| | | | | | | |
|---|---|---|---|---|---|---|
| 16. | നവജ്യോതി ശ്രീ.കരുണാകരഗുരു | - | - | ബിയോണ്ട് പബ്ലിഷേഴ്സ് | 2798/- | 086897/ 07.09.16 |
| **ആകെ** | | | | | **86815/-** | |

*(1) ക്രമ നം 8: മണ്ണും സസ്യപോഷണവും എന്ന പുസ്തകത്തിന്റെ ആദ്യ പതിപ്പിന്റെ സി.ഡി യിൽ 40 പേജുകൾ അവ്യക്തമായതിനാൽ വീണ്ടും ടൈപ്പ് ചെയ്തതിന് ചെലവായ തുക.*
*(2) ക്രമ നം. 16: 2 മുതൽ 11 വരെയുള്ള പതിപ്പുകൾക്ക് നൽകിയ ടൈപ്പ് സെറ്റിംഗ്, ലേ ഔട്ട് ചാർജ്ജ്.*

## (2) <u>കവർ ഡിസൈനിംഗ്</u>

| **ക്രമ നം** | **പുസ്തകത്തിന്റെ പേര്** | **പതിപ്പ്** | **സിൽ നം** | **കവർ ഡിസൈനറുടെ പേര്** | **തുക** | **ചെക്ക് നം/ തീയതി** |
|---|---|---|---|---|---|---|
| 1. | സിനിമറ്റോഗ്രഫി | 2nd | 3880 | സതീഷ് കുമാർ. എൻ | 1000/- | 086926/ 07.10.16 |
| 2. | ഇന്ത്യൻ ദേശീതയുടെ സാമൂഹ്യ പശ്ചാത്തലം | 3rd | 4015 | രാജേഷ്. കെ | 1000/- | 150168/ 12.07.16 |
| 3. | അധുനിക യുഗത്തിലെ വിപ്ലവങ്ങൾ | 4th | 3704 | റോയ് ഉമ്മൻ | 1000/- | 086987/ 21.11.16 |
| 4. | സഞ്ചാരിയുടെ വീട്- റായ് സിനിമ ഒരു പഠനം | 2nd | 3734 | സതീഷ് കുമാർ. എൻ | 1000/- | 086895/ 05.09.16 |
| 5. | ന്യൂനപക്ഷത്തിനും ലിംഗപദവിക്കുമിടയിൽ | 2nd | 3734 | ബിയോണ്ട് പബ്ലിഷേഴ്സ് | 2500/- | 087009/ 25.11.16 |
| 6. | അറബികളുടെ ചരിത്രം | 7th | 3667 | ബിയോണ്ട് പബ്ലിഷേഴ്സ് | 2000/- | 150155/ 05.07.16 |
| 7. | മണ്ണില്ലാകൃഷി | 2nd | 4104 | സതീഷ് കുമാർ. എൻ | 2000/- | 087008/ 25.11.16 |
| 8. | സുഗന്ധവ്യഞ്ജനവിളകൾ | 2nd | 4149 | സതീഷ് കുമാർ. എൻ | 1000/- | 087093/ 18.01.17 |
| 9. | ഡോ- അംബേദ്കർ തെരെഞ്ഞെടുത്ത കൃതികൾ | 3rd | 4164 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000/- | 087111/ 27.01.17 |

| | | | | | | |
|---|---|---|---|---|---|---|
| 10. | സഹകാരികൾക്ക് ഒരു കൈപ്പുസ്തകം | 2nd | 3824 | സതീഷ്കുമാർ. എൻ | 1000/ | 086911/ 07.09.16 |
| 11. | ചൈനയുടെ ചരിത്രം | 2nd | 3875 | സതീഷ്കുമാർ. എൻ | 1000/ | |
| 12. | തിരക്കഥയുടെ രീതി ശാസ്ത്രം | 2nd | 3917 | സതീഷ്കുമാർ. എൻ | 1000/ | 086887/ 29.08.16 |
| 13. | സംസ്കൃത സ്വാധീനം മലയാളത്തിൽ | 2nd | 4025 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000/ | 087009/ 25.11.16 |
| 14. | ആഗോളവത്ക്കരണ വും കൃഷിയും | 2nd | 3897 | സതീഷ് കുമാർ. എൻ | 1000/ | 150069/ 27.05.16 |
| 15. | കൂൺകൃഷി | 4th | 3895 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000/ | 150055/ 07.05.16 |
| 16. | പഴക്കൂടയിലെ നവാഗതർ | 2nd | 3864 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000/ | 086901/ 07.09.16 |
| 17. | നാടൻപാട്ടുകൾ മലയാളത്തിൽ | 2nd | 3871 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 18. | പഞ്ചായത്ത് രാജ് നിയമവും ഭരണവും | 4th | 3998 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 19. | നക്ഷത്ര പരിണാമവും തമോഗർത്തങ്ങളും | 4th | 3765 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 20. | കീർത്തന സാഹിത്യം | 2nd | 3836 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 21. | റോസ് ആരാമ സുന്ദരി | 3rd | 3911 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 22. | മാധ്യമങ്ങളും മലയാള സാഹിത്യവും | 2nd | 3699 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 23. | ശകുന്തള | 2nd | 3732 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 24. | മുസ്ലീം രാജ്യചരിത്രം | 2nd | 3714 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 25. | കൃഷിയിലെ നാട്ടറിവ് | 5rd | 3188 | രാജേഷ്.കെ | 1000/ | 086901/ 07.09.16 |
| 26. | കർണ്ണാടക സംഗീത ചരിത്രം | 3rd | 3869 | സതീഷ് കുമാർ. എൻ | 1000/ | 086887/ 29.08.16 |
| 27. | ജന്തുജന്യ രോഗങ്ങൾ | 2nd | 3940 | സതീഷ് കുമാർ. എൻ | 1000/ | 086887/ 29.08.16 |

| | | | | | | |
|---|---|---|---|---|---|---|
| 28. | ലൈഫ് ഇൻഷ്വറൻസ് - എന്ത് ? എങ്ങനെ? എപ്പോൾ? | 2nd | 3981 | റോയ് ഉമ്മൻ | 1000/ | 086987/ 21.11.16 |
| 29. | സ്വാമി വിവേകാനന്ദനും കേരളവും | 2nd | 3327 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000/ | 086897/ 07.09.16 |
| 30. | മലയാളത്തിലെ ഇംഗ്ലീഷ് | 2nd | 3260 | ബിയോണ്ട് പബ്ലിഷേഴ്സ് | 2111/- | 086897/ 07.09.16 |
| 31. | ഭരണഭാഷാ പ്രയോഗങ്ങൾ | 3rd | 3936 | ബിയോണ്ട് പബ്ലിഷേഴ്സ് | 1205 | 086897/ 07.09.16 |
| 32. | കൗമാര ആരോഗ്യം | 3rd | 3339 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000 | 086897/ 07.09.16 |
| 33. | പത്രലോകം | 3rd | 3065 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000 | 086897/ 07.09.16 |
| 34. | മലയാള ഭഗവത്ഗീത | 2nd | 3261 | ബിയോണ്ട് പബ്ലിഷേഴ്സ് | 860 | 086897/ 07.09.16 |
| 35. | അനുഷ്ഠാന കലകൾ- രംഗാവതാരണവും ഫോക് ലോറും | 2nd | 3698 | ബിയോണ്ട് പബ്ലിഷേഴ്സ് | 1631 | 086897/ 07.09.16 |
| 36. | ഭാരതീയ ചിന്ത | 2nd | 3654 | ബിയോണ്ട് പബ്ലിഷേഴ്സ് | 1000 | 086897/ 07.09.16 |
| 37. | മണ്ണില്ലാ കൃഷി | 2nd | 4104 | സതീഷ് കുമാർ. എൻ | 1000 | 087008/ 25.11.16 |
| 38. | നട്ടെല്ല് രോഗങ്ങളും പ്രതിവിധികളും | 2nd | 3372 | രാജേഷ്. കെ | 1000 | 087014/ 02.12.16 |
| 39. | വീട്ടുവളപ്പിലെ ഔഷധ കൃഷി | 3rd | 3721 | സുദയദാസ് | 1000 | 086927/ 07.10.16 |
| **ആകെ** | | | | | **45100/-** | |

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും ഇന്നർ കവർ പേജുകളുടെ ഉപയോഗയോഗ്യമായ സി.ഡി.കൾ ഡി.റ്റി.പി സെക്ഷനിൽ ലഭ്യമായി എന്നുറപ്പുവരുത്തിയ ശേഷമാണ് നിലവിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡി.റ്റി.പി/ കവർ ഡിസൈനിംഗ്/ അച്ചടി പ്രതിഫലം അനുവദിക്കുന്നത്. ഡി.റ്റി.പി സെക്ഷനിൽ പുസ്തകത്തിന്റെ കവർ സി.ഡി. ലഭ്യമല്ല, ഡിസൈനിൽ മാറ്റം വരുത്താൻ

ഗ്രന്ഥകർത്താവ് നിർദ്ദേശിച്ച തുടങ്ങിയവയാണ് പുതിയ കവർ ഡിസൈൻ ചെയ്യാൻ കാരണമായി സൂചിപ്പിച്ചിരിക്കുന്നത്. ചില പുസ്തകങ്ങൾക്ക് പുതിയ കവർ ഡിസൈൻ ചെയ്തതിന് കാരണം വിശദീകരിച്ചിട്ടുമില്ല. വ്യക്തമായ കാരണമില്ലാതെയും കരാറിൽ വ്യവസ്ഥയില്ലാതെയും ഗ്രന്ഥകാരന്റെ നിർദ്ദേശാനുസരണം പുതിയ കവർ ഡിസൈനിംഗിന് അധിക തുക ചെലവാക്കിയത് അംഗീകരിക്കാവുന്നതല്ല. മേൽ വിഷയം സംബന്ധിച്ച് 16.08.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ഖണ്ഡിക (1), (2) എന്നിവ പ്രകാരം ചെലവഴിച്ച 1,31,915/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

**5) <u>പുനപ്രസിദ്ധീകരണ ഗ്രന്ഥങ്ങളുടെ പ്രൂഫ് റീഡിംഗ് സ്വകാര്യ പ്രൂഫ് റീഡർമാർക്ക് നൽകിയതിലൂടെ 11,800/- രൂപയുടെ അധികച്ചെലവ്</u>**

താഴെപ്പറയുന്ന പുന:പ്രസിദ്ധീകരണ ഗ്രന്ഥങ്ങളുടെ പ്രൂഫ് റീഡിംഗിനായി 11,800/- രൂപ സ്വകാര്യ പ്രൂഫ് റീഡർമാർക്ക് അനുവദിച്ചിരിക്കുന്നു.

| **ക്രമ നം** | **പുസ്തകത്തിന്റെ പേര്** | **പതിപ്പ്** | **സിൽ നം** | **പ്രൂഫ് റീഡർമാരുടെ പേര്** | **തുക** | **ചെക്ക് നം/ തീയതി** |
|---|---|---|---|---|---|---|
| 1 | ഫ്ലാറ്റിലെ കൃഷി | 3rd | 3938 | ബിന്ദു.കെ.ജി | 1344 | 087029/ 23.12.16 |
| 2 | സിനിമാറ്റോഗ്രഫി | 2nd | 3880 | സുവർണ്ണ പ്രകാശ് | 1248 | 086930/ 14.10.16 |
| 3 | ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം | 3rd | 4015 | കെ.എസ്. സുരേഷ്‌ലാൽ | 4640 | 150131/ 23.06.16 |
| 4 | സഞ്ചാരിയുടെ വീട്-റായ് സിനിമ ഒരു പഠനം | 2nd | 3734 | പി. സുമംഗല | 1776 | 086900/ 06.09.16 |
| 5 | സംസ്കൃത സ്വാധീനം മലയാളത്തിൽ | 2nd | 4025 | പി.വി. ഓമന സതീഷ് | 2792 | 087007/ 24.11.16 |
| **ആകെ** | | | | | **11800/-** | |

ആവശ്യമെങ്കിൽ വളരെ ചെറിയ ഭേദഗതികൾ മാത്രം വേണ്ടി വരുന്ന പുന:പ്രസിദ്ധീകരണ പുസ്തകങ്ങളുടെ പ്രൂഫ് റീഡിംഗ് ജോലി ഇൻസ്റ്റിറ്റ്യൂട്ടിൽ 5 പ്രൂഫ് റീഡർമാരുടെ സേവനം ലഭ്യമായിരിക്കെ സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ച നടപടി അംഗീകരിക്കാവുന്നതല്ല. മേൽ വിഷയത്തിൽ 16.08.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുതയിനത്തിൽ ചെലവായ 11,800/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദി യായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

**6) <u>'ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം' സ്വകാര്യ ഡി.റ്റി.പി. സ്ഥാപനത്തിന് 2 തവണ പ്രതിഫലം അനുവദിച്ചു - 11,393/- രൂപ നഷ്ടം</u>**

'ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം' (സിൽ 4015) എന്ന പുസ്തകത്തിന്റെ ഡി.റ്റി.പി. ടൈപ്പ് സെറ്റിംഗ് പ്രതിഫലമായി 11,393/- രൂപ എസ് വേൾഡ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് ചെക്ക് നം. 150132/ 23.06.16, 150164/ 11.07.16(വൗച്ചർ നം. യഥാക്രമം 432/ 06-2016, 530/07-2016) എന്നിവ പ്രകാരം 2 തവണ അനുവദിച്ചിരിക്കുന്നു. പ്രസ്തുത സ്ഥാപനം 07/2016 ൽ ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള ഡി.റ്റി.പി കരാർ അവസാനിപ്പിച്ചിട്ടുള്ളതാണ്. അധികം നൽകിയ 11,393/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/23.08.17 ന മറുപടി ലഭ്യമാക്കിയിട്ടില്ല).

**7) <u>ഭൗതികശാസ്ത്ര നിഘണ്ടു- പ്രസാധനത്തിലെ അപാകതകൾ</u>**

രസതന്ത്രം, ഭൂവിജ്ഞാനീയം, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായി തയ്യാറാക്കപ്പെട്ട ഭൗതികശാസ്ത്ര നിഘണ്ടു 2015 മെയ് മാസത്തിൽ പ്രസിദ്ധീകരിച്ചു. 22.07.2007 ൽ കൂടിയ പബ്ലിക്കേഷൻ കമ്മിറ്റി യോഗത്തിലാണ് പ്രൊ.എം.ശിവശങ്കൻ എഡിറ്ററായി 'ഭൗതികശാസ്ത്ര നിഘണ്ടു' പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. പ്രസ്തുത നിഘണ്ടുവിന്റെ പ്രസാധനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** പ്രതിഫല തുകയായി 50,000/- രൂപ മുൻകൂർ (ഉത്തരവ് നം.പി/3776/08/സിൽ

തീയതി 23.01.2009) അനുവദിച്ചതിനു ശേഷം 05.02.2010 ലാണ് എഡിറ്ററുമായി ഇൻസ്റ്റിറ്റ്യൂട്ട് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. കരാറിൽ ഏർപ്പെടുന്നതിന് മുൻപ് പ്രതിഫലം അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

**2)** നിഘണ്ടുവിന് പ്രതിഫലമായി ₹ 1,00,000/- നൽകാനാണ് 07.11.2007 ലെ കമ്മിറ്റിയിൽ തീരുമാനിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ വ്യവസ്ഥ പ്രകാരം ഗ്രന്ഥകാരൻ അന്തിമ കയ്യെഴുത്തുപ്രതി (Final Manuscript) സമർപ്പിച്ച ശേഷം 50% പ്രതിഫലവും പ്രിന്റിംഗ് പൂർത്തിയായ ശേഷം ബാക്കി തുകയും അനുവദിക്കുന്നതാണ് (Book Preparation Agreement Para 9). എന്നാൽ ഇതിനു വിരുദ്ധമായി, അന്തിമ കയ്യെഴുത്തുപ്രതി ലഭിക്കുന്നതിനു മുൻപ് 50% പ്രതിഫലം അനുവദിച്ചു.

**3)** സ്വകാര്യ സ്ഥാപനമായ അനശ്വര ഓഫ് സെറ്റ് പ്രിന്റേഴ്സിന് വർക്ക് ഓർഡർ നൽകാതെ തന്നെ അവർ നിഘണ്ടുവിന്റെ ജോലികൾ ആരംഭിക്കുകയും 12.07.2011 ൽ ഭൂരിഭാഗവും പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ 28.10.2014 ലാണ് മേൽ സ്ഥാപനത്തിന് ഡി.റ്റി.പി/ ടൈപ്പ്സെറ്റിംഗ് ജോലികൾ ഏൽപ്പിച്ചു കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് വർക്ക് ഓർഡർ നൽകിയത്. നടപടി ക്രമങ്ങളിലെ ഈ ഗുരുതര വീഴ്ച ന്യായീകരിക്കത്തക്കതല്ല. കൂടാതെ അനശ്വര ഓഫ്സെറ്റ് പ്രിന്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡി.റ്റി.പി. ജോലികൾ നിർവ്വഹിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള സ്ഥാപനമല്ല. ഈ ഡി.റ്റി.പി. സെന്ററിനെ പ്രവൃത്തി ഏൽപ്പിക്കുന്നതു സംബന്ധിച്ച് എഡിറ്ററും ഇൻസ്റ്റിറ്റ്യൂട്ടുമായി യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തീരുമാനം എഡിറ്റർ ഏകകണ്ഠമായെടുത്തതാണെന്ന് അനുമാനിക്കാവുന്നതാണ്. പ്രസ്തുത നടപടി ഇൻസ്റ്റിറ്റ്യൂട്ട് ലാഘവത്തോടെ കണ്ടത് നിഘണ്ടു പ്രസിദ്ധീകരണം വൈകുന്നതിനിടയായി.

**4)** ഡി.റ്റി.പി. സെന്ററിന്റെ ഭാഗത്തുള്ള വീഴ്ച കാരണം നാല് മാസത്തോളം ഡി.റ്റി.പി. പ്രവർത്തനങ്ങൾ മുടങ്ങിയതായി 22.07.2009 ലെ കത്തു പ്രകാരം എഡിറ്റർ അറിയിച്ചിട്ടുണ്ടെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും യാതൊരു നടപടികളുമുണ്ടായിട്ടില്ല. നിഘണ്ടു നിർമ്മാണത്തിലെ പുരോഗതി ഇൻസ്റ്റിറ്റ്യൂട്ട്

യഥാസമയം വീക്ഷിച്ചിരുന്നുവെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും സാധിക്കുമായിരുന്നു.

**5)** 15.06.2011 ലാണ് നിഘണ്ടുവിന്റെ 1-ാം ഭാഗം അയച്ചുതരാൻ ഡയറക്ടർ എഡിറ്ററോട് ആവശ്യപ്പെട്ടത്. ഇതിന് എഡിറ്റർ മറുപടി നൽകിയിട്ടില്ല. 2007-ൽ ആരംഭിച്ച പ്രവൃത്തി 2011 ആയിട്ടും പൂർത്തിയാക്കാത്തതു സംബന്ധിച്ച് വിശദീകരണം നൽകാൻ എഡിറ്റർ ബാദ്ധ്യസ്ഥനായിരിക്കെ പ്രസ്തുത വിഷയത്തിൽ നടപടിയെടുക്കാത്തത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്.

**6)** ഡി.റ്റി.പി. പ്രവൃത്തിയിലെ കാലതാമസം കാരണം നിഘണ്ടു അച്ചടിക്കാൻ സാധിക്കാത്തതിനാൽ 2014 നവംബർ 14 ന് ബഹു. രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾകലാമിന് നിഘണ്ടു പ്രകാശനം നിർവ്വഹിക്കുന്നതിനായി ഭൗതികശാസ്ത്ര നിഘണ്ടുവിന്റെ 2 ഡിജിറ്റൽ പ്രിന്റുകൾ തയ്യാറാക്കേണ്ടി വന്നത് 3000/- രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കി.

**7)** പ്രൂഫ് വായനയ്ക്കും എഡിറ്റോറിയൽ സഹായത്തിനുമായി എഡിറ്റർ ആവശ്യപ്പെട്ട പ്രകാരം യോഗ്യനായ ആളിനെ മാസവേതനവ്യവസ്ഥയിൽ നിയമിച്ചിട്ടും അപാകതമൂലം അവസാനഘട്ട പ്രൂഫ് വായനക്കായി മറ്റൊരാളെ നിയോഗിച്ചത് 3800/- രൂപയുടെ അധികച്ചെലവിനിടയാക്കി.

മേൽ വിവരിച്ചതിൽ നിന്നും, ഭൗതിക ശാസ്ത്ര നിഘണ്ടുവിന്റെ രൂപീകരണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് യാതൊരു മേൽനോട്ടവും വഹിച്ചിട്ടില്ല എന്നു വ്യക്തമാണ്. പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലെ കാലതാമസത്തിനും അധികച്ചെലവിനും പൂർണ്ണ ഉത്തരവാദിത്തം ഇൻസ്റ്റിറ്റ്യൂട്ടിനാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഖ്യാതി ഉയർത്താനുതകുന്ന ഇത്തരം ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം സമയക്ലിപ്തതയോടെ കുറ്റമറ്റതാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**8) <u>ഭൗതികശാസ്ത്ര നിഘണ്ടു- പ്രസിദ്ധീകരണത്തിലെ കാലതാമസം 3000/- രൂപയുടെ അധികച്ചെലവ്</u>**

ഭൗതിക ശാസ്ത്ര നിഘണ്ടുവിന്റെ ഡി.റ്റി.പി. ജോലികൾക്കായി അനശ്വര ഓഫ്സെറ്റ് പ്രിന്റേഴ്സിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. 2007-ൽ ആരംഭിച്ച

ഡി.റ്റി.പി. പ്രവൃത്തിയിലെ കാലതാമസം കാരണം പ്രസ്തുത നിഘണ്ടുവിന്റെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 2014 നവംബർ 14 ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ ബഹു. രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾകലാം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ 109 ശാസ്ത്രഗ്രന്ഥങ്ങൾ പ്രകാശനം ചെയ്ത വേളയിൽ പ്രസ്തുത നിഘണ്ടു വിന്റെ പ്രകാശനവും തീരുമാനിച്ചു. തുടർന്ന് അനശ്വര പ്രിന്റേഴ്സിൽ നിന്നു തന്നെ 2 ഡിജിറ്റൽ പ്രിന്റുകൾ എടുക്കുകയുണ്ടായി. പ്രസ്തുത ഇനത്തിൽ ചെലവായ 3000/- രൂപ (1 കോപ്പിക്ക് 1500/- രൂപ നിരക്കിൽ) 14.07.2016 ലെ 150174-ാം നമ്പർ ചെക്ക് പ്രകാരം (വൗ.നം. 544/07-2016) അനശ്വര ഓഫ്സെറ്റ് പ്രിന്റേഴ്സിന് അനുവദിച്ചു. (ഡി.റ്റി.പി. ചാർജ്ജുൾപ്പെടെ 21,789/- രൂപ നൽകി). ഡി.റ്റി.പി. സെന്ററിന്റെയും എഡിറ്റർ പ്രൊഫ. എം. ശിവശങ്കന്റെയും ഭാഗത്തു നിന്നുണ്ടായ വീഴ്ചയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ യഥാവിധ മേൽനോട്ടത്തിന്റെ അഭാവവും കാരണം അധികം ചെലവഴിക്കേണ്ടി വന്ന 3000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 26/30.08.17)

**9) ഭൗതികശാസ്ത്ര നിഘണ്ടു - പ്രൂഫ് റീഡിംഗിന് 3800/- രൂപ അധികം അനുവദിച്ചു**

നിഘണ്ടുവിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രൂഫ് റീഡിംഗിനും എഡിറ്റിംഗിനുമായി ഒരു സ്ഥിരം സഹായി അനിവാര്യമാണെന്ന് എഡിറ്റർ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം പ്രസ്തുത ജോലിക്കു യോഗ്യനെന്ന് സാക്ഷ്യപ്പെടു ത്തിയ ആളെ ഇൻസ്റ്റിറ്റ്യൂട്ട് ഉപാധികളില്ലാതെ അംഗീകരിക്കുകയും 5000/- രൂപ പ്രതിമാസ വേതനത്തിന് ഒരു വർഷത്തേക്ക് നിയോഗിക്കുകയും ചെയ്തു. ഈയിനത്തിൽ ആകെ 60,000/- രൂപ ചെലവുണ്ടായി. എന്നാൽ ഇതിനു പുറമേ പേജൊന്നിന് 10/- രൂപ നിരക്കിൽ 380 പേജിന് 3800/- രൂപ ശ്രീ.റ്റി.ഐ. ഉണ്ണികൃഷ്ണൻ എന്നയാൾക്ക് 17.05.2016 ലെ പി/2048(3)/14/സിൽ ഉത്തരവ് പ്രകാരം പ്രൂഫ് റീഡിംഗിനായി വീണ്ടും അനുവദിച്ചിരിക്കുന്നു.

അവസാന മാനുസ്ക്രിപ്റ്റ് പരിശോധിച്ചപ്പോൾ ഗുരുതര പിശകുകൾ കണ്ടെത്തിയതിനാലാണ് ശാസ്ത്ര പുസ്തകങ്ങളുടെ പ്രൂഫ് നോക്കി പരിചയമുള്ള ശ്രീ. റ്റി.ഐ. ഉണ്ണികൃഷ്ണനെ പ്രസ്തുത ജോലി ഏൽപ്പിച്ചതെന്നാണ് ഫയലിൽ വിശദീകരിച്ചിരിക്കുന്നത് (നോട്ട് ഫയൽ പേജ് നം. 15 ഖണ്ഡിക 32). ഗ്രന്ഥകാരൻ ഗ്രന്ഥത്തിന്റെ പൂർണ്ണരൂപത്തിലുള്ള അവസാനപ്രതി ഇൻസ്റ്റിറ്റ്യൂട്ടിന് നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കുകയും ആയതിൽ ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം ഡി.റ്റി.പി. ചെയ്യുന്നതിന് ഏൽപ്പിക്കുകയും ഡി.റ്റി.പി. ചെയ്തു ലഭിക്കുന്ന പ്രതി പ്രൂഫ് റീഡർ തിരുത്തുകയും ചെയ്യുന്നതാണ് നിലവിലെ രീതി. എന്നാൽ ഭൗതികശാസ്ത്ര നിഘണ്ടുവിന്റെ അവസാന മാനുസ്ക്രിപ്റ്റ് എഡിറ്റർ ഇൻസ്റ്റിറ്റ്യൂട്ടിന് സമർപ്പിക്കുകയോ ആദ്യഘട്ട പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. പകരം നിഘണ്ടുവിന്റെ കയ്യെഴുത്തു പ്രതി എഡിറ്റർ തന്നെ നേരിട്ട് ഡി.റ്റി.പി യ്ക്ക് ഏൽപ്പിക്കുകയും പ്രൂഫ് റീഡിംഗിനു നൽകുകയും ചെയ്തു. ഇതുവഴി 3800/- രൂപ അധികം അനുവദിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 10) <u>ഭൗതികശാസ്ത്ര നിഘണ്ടു - ഡി.റ്റി.പി/ ടൈപ്പ്സെറ്റിംഗ് യഥാസമയം വർക്ക് ഓർഡർ നൽകിയില്ല- ഉയർന്ന നിരക്കിൽ പ്രതിഫലം നൽകിയതിലൂടെ 1152/- രൂപ അധികം ചെലവഴിച്ചു</u>

ഭൗതികശാസ്ത്ര നിഘണ്ടുവിന്റെ ഡി.റ്റി.പി/ ടൈപ്പ്സെറ്റിംഗ് ജോലികൾ 2008 വർഷം മുതലാണ് അനശ്വര ഓഫ്സെറ്റ് പ്രിന്റേഴ്സിൽ എഡിറ്റർ പ്രൊഫ. എം. ശിവശങ്കരന്റെ നിർദ്ദേശാനുസരണം ആരംഭിച്ചത്. പ്രസ്തുത കാലയളവിൽ D 1/4 സൈസ് പുസ്തകങ്ങളുടെ ഡി.റ്റി.പി/ ടൈപ്പ്സെറ്റിംഗ് ചാർജ് 23/- രൂപയായിരുന്നു. 18.06.2012 ലെ പി/1687/2012/സിൽ നമ്പർ ഉത്തരവു പ്രകാരം ഇത് 26/- രൂപയാക്കി ഇൻസ്റ്റിറ്റ്യൂട്ട് വർദ്ധിപ്പിച്ചു. 2011 വർഷം തന്നെ നിഘണ്ടുവിന്റെ ഡി.റ്റി.പി. ജോലികൾ ഭൂരിഭാഗവും പൂർത്തിയായതായി എഡിറ്ററുടെ കത്തുകളിൽ നിന്നും വ്യക്തമാണ്. എന്നാൽ ഡി.റ്റി.പി. പ്രവൃത്തി മേൽസ്ഥാപനത്തിന് വർക്ക് ഓർഡർ പ്രകാരം നൽകിയിരിക്കുന്നത് 28.10.2014 ൽ ആണ്. (ഉത്തരവ് നം.പി.1/2843-A/2014/സിൽ തീ. 28.10.14). അതനുസരിച്ച് പുതുക്കിയ നിരക്കിൽ പ്രതിഫലം അനുവദിക്കുകയും ചെയ്തു. (ചെക്ക് നം.

150174/14.07.16). സ്ഥാപനത്തിന് കൃത്യസമയത്ത് തന്നെ വർക്ക് ഓർഡർ നൽകാത്തതിനാലാണ് പുതുക്കിയ നിരക്കിലുള്ള പ്രതിഫലം അനുവദിക്കേണ്ടി വന്നത്. ഇപ്രകാരം വർദ്ധിച്ച നിരക്കിലുള്ള പ്രതിഫലം അനുവദിച്ചതിലൂടെ ഇൻസ്റ്റിറ്റ്യൂട്ടിന് 1152/- രൂപയുടെ അധികച്ചെലവുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച തുക (പുതുക്കിയ നിരക്ക്)

ആകെ പേജുകൾ X26 രൂപ + 20% അധികം - 9984/-

(320X26+ (320X26) 20%)

അനുവദനീയമായ തുക (പഴയ നിരക്ക്) - 8832/-

(320X23+ (320X23) 20%)

--------------------

**അധികം അനുവദിച്ചത് 1152/-**

=============

നടപടിക്രമങ്ങൾ യഥാസമയം പാലിക്കാത്തത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുള്ള വീഴ്ചയാണ്. ഇപ്രകാരം അധികം ചെലവഴിക്കേണ്ടി വന്ന 1152/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 26/30.08.17).

**11) <u>'അനന്തത്തെ അറിഞ്ഞയാൾ- രാമാനുജൻ എന്ന പ്രതിഭയുടെ ജീവിതം' എന്ന പുസ്തകത്തിന് റോയൽറ്റി അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല- 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

'അനന്തത്തെ അറിഞ്ഞയാൾ- രാമാനുജൻ എന്ന പ്രതിഭയുടെ ജീവിതം' (സിൽ നം. 3000) എന്ന പുസ്തകത്തിന്റെ റോയൽറ്റിയായി 40,000/- രൂപ ചെന്നൈ രാമാനുജൻ മാത്തമാറ്റിക്കൽ സൊസൈറ്റിക്ക് അനുവദിച്ചിരിക്കുന്നു (പ്രസ്തുത തുകയിൽ നിന്നും 2% ആദായനികുതി കുറവു ചെയ്തശേഷം 39,200/- രൂപ ചെക്ക് നം. 150170/ 12.07.2016 (വൗച്ചർ നം. 539/7-16) പ്രകാരം സ്ഥാപനത്തിനു നൽകി). പരാമർശ ചെലവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലുകളിൽ (നം. എസ്.പി. 3/1859/13/സിൽ.എസ്.പി.3/1959/13/സിൽ) . പ്രസ്തുത തുക അനുവദിച്ചു കൊണ്ടുള്ള ഡയറക്ടറുടെ ഉത്തരവ് റോയൽറ്റി കണക്കാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

2015-16 വർഷത്തെ റോയൽറ്റി സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത പുസ്തകത്തിന്റെ 78 കോപ്പികളാണ് റോയൽറ്റിക്ക് അർഹമായത്. അതനുസരിച്ച് ഒരു കോപ്പിക്ക് 400/- രൂപ വിലയുള്ള പുസ്തകത്തിന് 5% നിരക്കിൽ 1560/- രൂപയാണ് റോയൽറ്റി അനുവദിക്കേണ്ടത്. ആയതിനു പകരം 40,000/- രൂപ അനുവദിച്ചതിന്റെ മാനദണ്ഡം ബോദ്ധ്യപ്പെടാനായില്ല. മേൽ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവായ 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**12) <u>ഇന്ത്യ 2020 (5-ാം പതിപ്പ്)- അഡ്വാൻസ് റോയൽറ്റി അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല – 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

'ഇന്ത്യ 2020' (5-ാം പതിപ്പ്) എന്ന പുസ്തകത്തിന് അഡ്വാൻസ് റോയൽറ്റിയായി 30,000/- രൂപ ഡി.ഡി.നം. 105419/ 08.04.16(വൗച്ചർ നം. 156/04-2016) പ്രകാരം ന്യൂഡൽഹി പെൻഗ്വിൻ ബുക്സിന് അനുവദിച്ചിരിക്കുന്നു. പ്രസ്തുത പുസ്തകത്തിന് അഡ്വാൻസ് റോയൽറ്റി അനുവദിച്ചു കൊണ്ടുള്ള ഡയറക്ടറുടെ ഉത്തരവോ അഡ്വാൻസ് റോയൽറ്റി അനുവദിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കുന്ന മറ്റു രേഖകളോ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. 2015-16 വർഷത്തെ റോയൽറ്റി സ്റ്റേറ്റ്മെന്റിൽ പ്രസ്തുത പുസ്തകത്തിന്റെ വിൽപ്പന, അനുവദിച്ച റോയൽറ്റി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈയിനത്തിൽ ചെലവായ 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**13) <u>ന്യൂഡൽഹി പ്രവാസി ഭാരതീയ കേന്ദ്രത്തിന് പുസ്തകം വിതരണം ചെയ്തതിനു രേഖകളില്ല- കൊറിയർ ചാർജ്ജിനത്തിൽ മുൻകൂർ അനുവദിച്ച 3000/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

2016 ഒക്ടോബർ 2-ാം തീയതി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്ത പ്രവാസി ഭാരതീയ കേന്ദ്രത്തിൽ പ്രദർശിപ്പിക്കുന്നതിനായി ശൂരനാട് കുഞ്ഞൻപിള്ള, ഉള്ളൂർ, ഡോ. എം. ലീലാവതി തുടങ്ങിയവരുടെ 14,733/- രൂപ മുഖവിലയുള്ള 79 പുസ്തകങ്ങൾ സൗജന്യമായി അയച്ചു കൊടുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിക്കുകയും (ഉത്തരവ് നം. എസ്.പി.5/1919/16/സിൽ തീയതി

03.09.16) ആയത് കൊറിയർ അയയ്ക്കുന്നതിന് ശ്രീ. എസ്. സുലൈമാൻ, പ്യൂണിന് 3000/- രൂപ മുൻകൂർ കണ്ടിജൻസി ഇനത്തിൽ അനുവദിക്കുകയും ചെയ്തു. (വൗച്ചർ നം. 880/09-2016). പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** 14,733/- രൂപ മുഖവിലയുള്ള 79 പുസ്തകങ്ങൾ അയച്ചു കൊടുക്കുന്നതിനാണ് തീരുമാനിച്ചതെങ്കിലും ഫയലിൽ ലഭ്യമായ പട്ടികയിൽ 76 പുസ്തകങ്ങളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയുടെ മുഖവില രേഖപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങളുടെ പട്ടിക ഡയറക്ടർ അംഗീകരിച്ചിട്ടുമില്ല.

**2)** തദ്ദേശീയ ഭാഷയിലെ പ്രശസ്തരായ എഴുത്തുകാരുടെ കൃതികൾ സംഭാവന ചെയ്യാനാണ് വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നതെങ്കിലും അയച്ചു കൊടുത്ത പുസ്തകങ്ങളുടെ പട്ടികയിൽ ഇത്തരം പുസ്തകങ്ങൾ വിരലിൽ എണ്ണാവുന്നവ മാത്രമേയുള്ളൂ.

**3)** വിദേശകാര്യ മന്ത്രാലയത്തിന് പുസ്തകങ്ങൾ അയച്ചു കൊടുത്തതിന്റെയും കൊറിയർ അയയ്ക്കുന്നതിന് മുൻകൂർ അനുവദിച്ച 3000/- രൂപ ക്രമീകരിച്ചതിന്റെയും രേഖകളില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/07.08.2017) ലഭിച്ച മറുപടിയിൽ ശ്രീ. എസ്. സുലൈമാൻ, പ്യൂൺ മേൽ തുക ചെലവ് സംബന്ധിച്ച വൗച്ചറുകളോ മറ്റു രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് തുക ക്രമീകരിക്കാത്തതെന്ന് വിശദീകരിച്ചിട്ടുള്ളത്. പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ക്രമീകരിക്കാത്ത പക്ഷം ആയത് ശ്രീ. എസ്. സുലൈമാന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

**14) <u>സ്വകാര്യ ഡി.റ്റി.പി. സെന്ററുകൾക്ക് ഡി.റ്റി.പി ജോലികൾ അനുവദിക്കുന്നതിന് നിശ്ചിത കരാർ/ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല</u>**

ബുക്ക് പ്രൊഡക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2016-17 വർഷം ഡി.റ്റി.പി/ ടൈപ്പ് സെറ്റിംഗ് ചാർജ്ജിനത്തിൽ സ്വകാര്യ ഡി.റ്റി.പി സെന്ററുകൾക്ക് 9,08,964/- രൂപ പ്രതിഫലം അനുവദിച്ചിട്ടുണ്ട്. 2015-16 ൽ ഈയിനത്തിലെ ആകെ ചെലവ് 7,13,198/- രൂപയായിരുന്നു. പ്രതിവർഷം ഇത്രയധികം തുക ഈയിനത്തിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടും പ്രസ്തുത സ്ഥാപനങ്ങളുമായി ഇൻസ്റ്റിറ്റ്യൂട്ട് നിയമാനുസൃത

കരാറിൽ ഏർപ്പെടുകയോ ഡി.റ്റി.പി. ജോലികളിലെ കാര്യക്ഷമതയും സമയക്ലിപ്തതയും ഉറപ്പാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ഇത് ഡി.റ്റി.പി ജോലികളിലെ കാലതാമസത്തിനും, അതുമൂലം പുസ്തക പ്രസിദ്ധീകരണം വൈകുന്നതിനും കാരണമാകുന്നു. പ്രസിദ്ധീകരണ ജോലികളിലെ കാലതാമസം മൂലം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസാധന ചരിത്രത്തിൽ പൊൻതൂവലാകേണ്ട പല ബൃഹത്ഗ്രന്ഥങ്ങളും യഥാസമയം പ്രസിദ്ധീകരിക്കാൻ കഴിയാത്ത അവസ്ഥ വന്നു ചേരുന്നു.

ബിയോണ്ട് പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തിനു മാത്രം 2016-17 വർഷം 4,13,513/- രൂപ ഡി.റ്റി.പി. ചാർജ്ജിനത്തിൽ അനുവദിച്ചിട്ടുണ്ട്. 30.01.2001 ൽ 1000/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കിയിട്ടുള്ളതാണ് (രസീത് നം. 35141/30.01.01) നാളിതുവരെ ഡി.റ്റി.പി. വർക്ക് ചെയ്യാനുള്ള സ്ഥാപനത്തിന്റെ അർഹതയായി ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിച്ചിട്ടുള്ളത്. തുച്ഛമായ തുകയുടെ മുതൽമുടക്കിലൂടെ പ്രതിവർഷം ലക്ഷക്കണക്കിനു രൂപയുടെ വരുമാനമാണ് ഇത്തരം സ്ഥാപനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയെടുക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. നിശ്ചിത മാനദണ്ഡങ്ങളോ കരാർ വ്യവസ്ഥകളോ നിലവിലില്ലാത്ത തിനാൽ ഡി.റ്റി.പി. ജോലികളിലെ കാലതാമസത്തിനും മറ്റപാകതകൾക്കും പ്രസ്തുത സ്ഥാപനത്തിനെതിരെ നടപടിയെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

എഡിറ്റർ ഡി.റ്റി.പി. വർക്ക് ഓർഡർ നൽകാൻ നിർദ്ദേശിക്കുന്ന സ്ഥാപനത്തിന് ഡയറക്ടർ അംഗീകാരം നൽകുന്നതാണ് നിലവിലെ രീതി. ഇത് ചില പ്രത്യേക സ്ഥാപനങ്ങളിൽ മാത്രം ഡി.റ്റി.പി ജോലികൾ ഒതുങ്ങുന്നതിനു കാരണമാകുന്നു. പ്രസ്തുത ജോലികൾ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി തെറ്റുകൾ കൂടാതെ നിർവ്വഹിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതും അനിവാര്യമാണ്. ആയതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും ക്രിയാത്മക സമീപനം ആവശ്യമാണ്.

പരാമർശ വിഷയത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കമ്മിറ്റി അംഗീകാരത്തിനു വിധേയമായി നടപ്പിലാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1) ഡി.റ്റി.പി. സ്ഥാപനങ്ങൾ തെരെഞ്ഞെടുക്കുന്നതിന് വ്യക്തമായ യോഗ്യതാ മാനദണ്ഡങ്ങൾ തയ്യാറാക്കി അതിൻപ്രകാരം ഓരോ പുസ്തകത്തിന്റെയും വർക്കിനു കരാർ ഉണ്ടാക്കുക.
2) ഡി.റ്റി.പി ജോലികൾ പൂർത്തിയാക്കി സമർപ്പിക്കുന്നതിന് കൃത്യമായ സമയപരിധി കരാറിൽ രേഖപ്പെടുത്തുക.
3) ജോലിയിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുമ്പോൾ അതിനെതിരെ സ്വീകരിക്കുന്ന നടപടികൾ വ്യക്തമായി വിശദമാക്കുക.
4) നിലവിൽ നൽകിയ ജോലികൾ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് പുതിയ ജോലികൾ അനുവദിക്കാതിരിക്കുക.
5) ഓരോ സ്ഥാപനത്തിന്റെയും ഡി.റ്റി.പി. ജോലികളിലെ പുരോഗതി പ്രതിമാസം അവലോകനം ചെയ്യുക.
6) കരാറിൽ വ്യക്തവും സുതാര്യവുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുക.
7) സെക്യൂരിറ്റി ഡെപ്പോസിറ്റ്/ ഗ്യാരണ്ടി തുക എസ്റ്റിമേറ്റിന്റെ ചട്ടപ്രകാരമുള്ള നിരക്കിനനുസൃതമായി വാങ്ങുക.

## 15) ഇൻസ്റ്റിറ്റ്യൂട്ട്- ദശലക്ഷങ്ങളുടെ അച്ചടി ജോലി സ്വകാര്യ പ്രസ്സിനെ ഏൽപ്പിക്കുമ്പോൾ- നിയമാനുസൃത കരാർ വെയ്ക്കുന്നില്ല.

അറിവ്- നിറവ് പരമ്പരയിൽപ്പെട്ട 'നവജ്യോതി ശ്രീ കരുണാകര ഗുരു' എന്ന പുസ്തകത്തിന്റെ വിവിധ പതിപ്പുകളുടെ അച്ചടി പ്രതിഫലമായി ശിവകാശിയിലെ ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ്സിന് 25,97,675/- രൂപ താഴെപ്പറയും പ്രകാരം അനുവദിച്ചിരിക്കുന്നു.

| എഡിഷൻ | സിൽ നം | കോപ്പികളുടെ എണ്ണം | തുക (ആദായനികുതി കുറച്ചുള്ളത്) | വൗച്ചർ നം/ തീയതി | ചെക്ക് നം/ തീയതി |
|---|---|---|---|---|---|
| 9 | 3985 | 50100 | 603905 | 91/ 4-2016 | 150024/ 12.04.16 |
| 0 | 3995 | 50100 | 603905 | 162/ 4-2016 | 150050/ 29.04.16 |

| | | | | | |
|---|---|---|---|---|---|
| 11 | 3999 | 40100 | 483405 | 210/ 5-2016 | 3453798/ 05.05.16 |
| 12 | 4001 | 50100 | 603905 | 249/ 5-2016 | 3453800/ 18.05.16 |
| 13 | 4024 | 25100 | 302555 | 437/ 6-2016 | 150136/ 25.06.16 |
| **ആകെ** | | **215500** | **25,97,675** | | |

'നവജ്യോതി ശ്രീ കരുണാകര ഗുരു' വിന്റെ 50,000 കോപ്പികൾ അടിയന്തിരമായി ശാന്തിഗിരി ആശ്രമത്തിനു നൽകേണ്ടതിനാൽ പ്രസ്തുത പുസ്തകത്തിന്റെ അച്ചടി ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ്സിനെ ഏൽപ്പിക്കാമെന്ന എഡിറ്റർ ശ്രീ. പി.വി. രാജന്റെ 30.03.2016 ലെ സമർപ്പണം ഡയറക്ടർ അംഗീകരിക്കുകയും 9-ാം പതിപ്പായി 50100 കോപ്പികൾ അച്ചടിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 165400 കോപ്പികൾ കൂടി വിവിധ എഡീഷനുകളിലായി അച്ചടിച്ചിട്ടും പ്രസ്തുത സ്ഥാപനവുമായി ഇൻസ്റ്റിറ്റ്യൂട്ട് നിയമാനുസൃത കരാറിൽ ഏർപ്പെടുകയോ പരാമർശ വിഷയത്തിന്മേൽ ഭരണസമിതി അംഗീകാരം തേടുകയോ ചെയ്തിട്ടില്ല.

ഇത്തരത്തിൽ വലിയൊരു പ്രവൃത്തി സാമ്പത്തികവും ഭൗതികവുമായ സുരക്ഷിതത്വം ഉറപ്പാക്കി ചെയ്യുന്നതിനു പകരം എഡിറ്ററുടെ നിർദ്ദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ യാതൊരു ഉടമ്പടിയുടെയും പിൻബലമില്ലാതെ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപടി ചട്ടവിരുദ്ധവും ന്യായീകരിക്കാനാ വാത്തതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേ ണ്ടതാണ്.

**16) <u>'നവജ്യോതി ശ്രീ കരുണാകര ഗുരു'- വിവിധ പതിപ്പുകൾക്ക് വ്യത്യസ്ത അച്ചടി നിരക്കുകൾ അനുവദിച്ചു</u>**

നിലവിലെ അംഗീകൃത അച്ചടി നിരക്കനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 'നവജ്യോതി ശ്രീ കരുണാകര ഗുരു' എന്ന പുസ്തകത്തിന്റെ ഒരു കോപ്പി അച്ചടിക്കുന്നതിനുള്ള യഥാർത്ഥ ചെലവ് 12.39 രൂപയാണ് (ഫയൽ നം. പി/958/2015/സിൽ/കുറിപ്പ് ഫയൽ പേജ് നം. 529). എന്നാൽ പ്രസ്തുത നിരക്ക്

കണക്കിലെടുക്കാതെ പരാമർശ പുസ്തകത്തിന്റെ വിവിധ പതിപ്പുകൾക്ക് വ്യത്യസ്ത നിരക്കിൽ പ്രതിഫലം അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പതിപ്പ് | സിൽ നം | പ്രസ്സിന്റെ പേര് | കോപ്പി കളുടെ എണ്ണം | ഒരു പുസ്തകത്തിന് അനുവദിച്ച നിരക്ക് | അനുവ ദിച്ച തുക |
|---|---|---|---|---|---|
| 9 | 3985 | ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ് | 50100 | 12.30 | 616230 |
| 5 | 3969 | സുജിലി കളർ പ്രിന്റേഴ്സ് | 10100 | 12.91 | 130342 |
| 6 | 3974 | സുജിലി കളർ പ്രിന്റേഴ്സ് | 20100 | 12.58 | 252890 |
| 7 | 3982 | സുജിലി കളർ പ്രിന്റേഴ്സ് | 30100 | 12.47 | 375425 |
| 4 | 3944 | M/s. മറ്റത്തിൽ പ്രിന്റേഴ്സ് & പബ്ലിക്കേഷൻ | 10100 | 12.91 | 130342 |
| 3 | 3939 | സെന്റ് ജോസഫ്സ് പ്രസ്സ് | 20100 | 12.58 | 252890 |
| 1 | 3848 | സോളാർ ഓഫ്സെറ്റ് പ്രസ്സ് | 1100 | 15.91 | 17500 |
| 13 | 4024 | ഗുരുവന്ദനം ഓഫ്സെറ്റ് പ്രസ്സ് | 25100 | 12.30 | 308730 |

ഒരേ പ്രവൃത്തിക്കു തന്നെ വ്യത്യസ്ത നിരക്കുകൾ അനുവദിച്ച നടപടി ന്യായീകരിക്കത്തക്കതല്ല. ബ്ലാക്ക് & വൈറ്റ് / കളർ പ്രിന്റിംഗ് അനുവദനീയമായ പേപ്പർ വെയ്സ്റ്റേജ് ഇൻസ്റ്റിറ്റ്യൂട്ട് കൃത്യമായി നിർണ്ണയിച്ച് ഉത്തരവായിട്ടില്ലാത്തത് കാരണം സ്വകാര്യ പ്രസ്സുകൾ വ്യത്യസ്ത വെയ്സ്റ്റേജ് നിരക്കുകൾ അവകാശപ്പെടുന്നതിനിടയാകുന്നു. ഇത് ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു എന്ന് വ്യക്തമാണ്. ഇപ്രകാരമുള്ള അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനായി കൃത്യവും വ്യക്തവും സുതാര്യവുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്വകാര്യ പ്രസ്സുകളുമായുള്ള അച്ചടിക്കരാർ പുതുക്കേണ്ടത് അനിവാര്യമാണ്. പരാമർശ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 17) <u>പ്രൂഫ് റീഡിംഗ് സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചു- അധിക ചെലവ് 1,55,702/- രൂപ</u>

പ്രൂഫ് റീഡിംഗ് സ്വകാര്യ വ്യക്തികൾ വഴി നിർവ്വഹിച്ച ഇനത്തിൽ തൻവർഷം

1,55,702/- രൂപ ചെലവ് വന്നിട്ടുണ്ട്. പ്രൂഫ് റീഡർ, കോപ്പി ഹോൾഡർ എന്നീ തസ്തികകളിൽ എട്ട് ജീവനക്കാർ നിലവിലുള്ളപ്പോഴാണ് പ്രസ്തുത ജോലി സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 05.03.2014 ലെ 534/14/സിൽ നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാനമുദ്രണം പ്രസ്സിൽ കരാർ നിയമനം ലഭിച്ച പ്രൂഫ് റീഡർമാരെയും, കോപ്പിഹോൾഡർമാരെയും ജോലി ക്രമീകരണാടി സ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റി നിയമിച്ചു. ശ്രീ. ദീപു. എ.ബി (പ്രൂഫ് റീഡർ) വിജ്ഞാനമുദ്രണം പ്രസ്സിലെ എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ചെയ്യുന്നതിനും ശ്രീ. റാഫി. എം (യു.ഡി. കോപ്പി ഹോൾഡർ) ലൈബ്രറിയിലും, ശ്രീ. ബിജു. ബി.കെ (യു.ഡി. കോപ്പി ഹോൾഡർ) എഡിറ്റോറിയൽ വിഭാഗത്തിലും ശ്രീ. അനീഷ്കൃഷ്ണ (യു.ഡി. കോപ്പി ഹോൾഡർ) വിജ്ഞാനകൈരളിയുടെ മേൽനോട്ട വുമാണ് നിർവ്വഹിച്ചിട്ടുള്ളത്.

പ്രസ്സിൽ പ്രൂഫ് റീഡിംഗ്, അതിനോടനുബന്ധ ജോലികൾ എന്നിവക്കായി നിയമിച്ച ജീവനക്കാരെ ജോലി ക്രമീകരണം എന്ന പേരിൽ ഇതര മറ്റു വിഭാഗങ്ങളിൽ നിയമിക്കുകയും അവർ ചെയ്യേണ്ട പ്രൂഫ് റീഡിംഗ് പ്രവൃത്തികൾ സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുകയും ചെയ്തത് നിയമ ലംഘനമാണ്. ഇപ്രകാരമുണ്ടാകുന്ന സാമ്പത്തിക നഷ്ടം അംഗീകരിക്കാനാവില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 2 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ മേൽ പ്രകാരം നഷ്ടമുണ്ടാക്കുന്നതിന് കാരണക്കാരാവയവർക്കെതിരെ നടപടി കൈക്കൊള്ളേണ്ടതാണ്.

**18) <u>NTM ന്റെ സഹകരണത്തോടെയുള്ള വിവർത്തന ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം അപാകതകൾ</u>**

ദേശീയ പരിഭാഷാ മിഷൻ ( NTM) ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 3 ലോകോത്തര ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നതിന് 15.09.2011 തീയതിയിൽ കരാറിൽ ഏർപ്പെടുകയുണ്ടായി. The Indian Constitution – Corner Stone of Nation, Principles of Mathematical Analysis, Outlines of Indian Philosophy എന്നീ ഗ്രന്ഥങ്ങൾ യഥാക്രമം ഇന്ത്യൻ ഭരണഘടന - രാഷ്ട്രത്തിന്റെ

ആധാരശില, ഗണിത വിശ്ലേഷണ തത്വങ്ങൾ, ഭാരതീയ ദർശന സംഗ്രഹം എന്നീ പേരുകളിൽ പ്രസിദ്ധീകരിക്കാനാണ് കരാർ പ്രകാരം തീരുമാനിക്കപ്പെട്ടത്. പ്രസ്തുത സംരംഭത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1)** NTM ഉം ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ 15.09.2011 ൽ ഏർപ്പെട്ട കരാർ പ്രകാരം 8 മാസങ്ങൾക്കുള്ളിൽ പ്രസ്തുത പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു (ഖണ്ഡിക 2.1, 9.2). എന്നാൽ 3 ഗ്രന്ഥങ്ങളും കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചിട്ടില്ല. 'ഭാരതീയ ദർശന സംഗ്രഹം' എന്ന ഗ്രന്ഥം 2014 ലും 'ഇന്ത്യൻ ഭരണഘടന രാഷ്ട്രത്തിന്റെ ആധാരശില' 2017 ലുമാണ് പ്രസിദ്ധീകരിച്ചത്. 'ഗണിത വിശ്ലേഷണ തത്വങ്ങൾ' നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

**2)** ഓരോ പുസ്തകത്തിന്റെയും കരാർ കാലാവധി 5 വർഷമാണ് (ഖണ്ഡിക 9.1). 14.09.2016 ൽ കാലാവധി അവസാനിച്ചിട്ടും പ്രസിദ്ധീകരിക്കാനവശേഷിച്ച പുസ്തകങ്ങളുടെ കരാർ പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

**3)** 'Principles of Mathematcial Analysis' എന്ന പുസ്തകം 'ഗണിതശാസ്ത്ര വിശ്ലേഷണ തത്വം' എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ട് മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ആയത് ഒഴിവാക്കി ശാസ്ത്രവുമായി ബന്ധപ്പെട്ട ഒന്നിലധികം ഗ്രന്ഥങ്ങൾ വിവർത്തനത്തിനു തെരെഞ്ഞെടുക്കാൻ തീരുമാനച്ചതായി പരാമർശിച്ചിട്ടുണ്ടെങ്കിലും (നോട്ട് ഫയൽ പേജ് 7 ഖണ്ഡിക 13&14) ഇത്തരമൊരു ധാരണയിലെത്തിയതിന്റെ അനുബന്ധ രേഖകളോ പഴയ കരാർ റദ്ദു ചെയ്തതിന്റെ വിവരങ്ങളോ ലഭ്യമല്ല.

**4)** 'ഗണിത വിശ്ലേഷണ തത്വങ്ങൾ' ഡോ. എസ്. മാധവനും ഡോ. റ്റി.ജി. ശരത്ചന്ദ്രനും ചേർന്ന് വിവർത്തനം ചെയ്യാൻ ധാരണയായതായും 40% പ്രവൃത്തി പൂർത്തിയായതായും നോട്ട് ഫയൽ പേജ് 21 ഖണ്ഡിക 36 ൽ രേഖപ്പെടുത്തിയിരിക്കുന്നു. വിവർത്തനം ഒഴിവാക്കാൻ തീരുമാനിച്ച ശേഷം പരാമർശ പുസ്തകം വീണ്ടും പ്രസിദ്ധീകരണത്തിനു തെരെഞ്ഞെടുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. പ്രസ്തുത വിഷയത്തിൽ NTM ഉം ഇൻസ്റ്റിറ്റ്യൂട്ടും രേഖാമൂലമുള്ള ആശയവിനിമയം നടത്തിയിട്ടില്ല.

പുസ്തക പ്രസാധന രംഗത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന മികവും യശസ്സും ഉയർത്തിക്കാണിക്കാനുതകുന്ന ഇത്തരം ബൃഹത് സംരംഭങ്ങൾ അനാവശ്യ

കാലതാമസം കാരണം നഷ്ടപ്പെടാനിടയാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പരാമർശ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**19) <u>സ്വകാര്യ പ്രസ്സുകളിലെ അച്ചടി- കരാർ വ്യവസ്ഥകളിലെ അവ്യക്തത അച്ചടിച്ചെലവ് വർദ്ധിപ്പിക്കുന്നു</u>.**

സ്വകാര്യ പ്രസ്സുകളുമായി ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിക്കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകളിലെ അവ്യക്തത കാരണം അച്ചടിച്ചെലവ് വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പ്രധാനമായും 5 സ്വകാര്യ പ്രസ്സുകളിലാണ് ഇൻസ്റ്റിറ്റ്യൂട്ട് അച്ചടി ജോലികൾ ഏൽപ്പിക്കുന്നത്. ഇതിൽ M/s. സുജിലി കളർ പ്രിന്റേഴ്സുമായുള്ള കരാർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് 4 പ്രസ്സുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമല്ല. M/s. സുജിലി കളർ പ്രിന്റേഴ്സുമായുള്ള കരാർ പ്രകാരം കരാർ കാലാവധി 1 വർഷമാണ്. 29.08.2014 ൽ ആണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രസ്തുത സ്ഥാപനവുമായി കരാർ ഉണ്ടാക്കിയത്. എന്നാൽ ഇത് നാളിതുവരെ പുതുക്കിയിട്ടില്ല. പ്രിന്റിംഗ് നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്താതെയാണ് കരാർ വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുള്ളത്. കരാർ വ്യവസ്ഥ (4) ൽ പ്രിന്റിംഗ് 1% മുതൽ 2% വരെ വെയ്സ്റ്റേജ് അനുവദിച്ചിരിക്കുന്നു. ബ്ലാക്ക് & വൈറ്റ്, കളർ പ്രിന്റുകൾക്ക് അനുവദനീയമായ വെയ്സ്റ്റേജ് വേർതിരിച്ച് രേഖപ്പെടുത്താത്തതിനാൽ സ്വകാര്യ പ്രസ്സുകൾ 2% മുതൽ 10% വരെയുള്ള നിരക്ക് പ്രതിഫലത്തിനൊപ്പം ആവശ്യപ്പെടുകയും ഇൻസ്റ്റിറ്റ്യൂട്ട് ആയത് അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വ്യത്യസ്ത വെയ്സ്റ്റേജ് നിരക്ക് അനുവദിക്കുന്നത് ഒരേ പുസ്തകത്തിനു തന്നെ വ്യത്യസ്ത അച്ചടി പ്രതിഫലം നൽകേണ്ട സാഹചര്യമു ണ്ടാക്കുന്നു. എല്ലാ സ്വകാര്യ പ്രസ്സുകളുമായും നിയമാനുസൃത കരാർ ഉണ്ടാക്കേണ്ടതും അതിലെ വ്യവസ്ഥകൾ വസ്തുനിഷ്ഠവും വ്യക്തവുമാക്കി അച്ചടി പ്രതിഫലം ഏകീകരിക്കേണ്ടതുമാണ്.

# ഭാഗം - 3

# വിജ്ഞാനകൈരളി മാസിക

## 20) വിജ്ഞാന കൈരളി- ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റ് ചെയ്തതിനാൽ 2,84,328/- രൂപ അധിക ചെലവ്

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളി മാസിക 2016 ഏപ്രിൽ മാസം വരെ റീമിന് 850/- രൂപ നിരക്കിൽ 12 കി.ഗ്രാം ന്യൂസ് പ്രിന്റ് പേപ്പറിലാണ് പ്രിന്റ് ചെയ്തിരുന്നത്. പ്രസ്തുത പേപ്പർ ഗുണനിലവാരം കുറഞ്ഞതാണെന്നും കാലികമായ വിഷയങ്ങളെ സംബന്ധിച്ച ഈടുറ്റ ലേഖനങ്ങൾ ഉൾപ്പെടുത്തുന്നതിനും പരസ്യ വരുമാനത്തിലൂടെ മാസിക ആകർഷകമാക്കുന്നതിനുമായി 70 gsm ഗ്ലേസ്ഡ് പേപ്പർ ഉപയോഗിച്ച് മാസിക പ്രിന്റു ചെയ്യുന്നതിന് അനുവാദം നൽകണമെന്ന് വിജ്ഞാനകൈരളിയുടെ എഡിറ്റർ 29.04.2016 ലെ ഓഫീസ് കുറിപ്പിലൂടെ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ മാസിക 70 gsm ഗ്ലേസ്ഡ് പേപ്പറിൽ പ്രിന്റ് ചെയ്യാൻ ഡയറക്ടറുടെ 18.07.2016 ലെ പി/1774/2015/സിൽ ഉത്തരവ് പ്രകാരം തീരുമാനിച്ചു. പേപ്പറിന്റെ ഗുണനിലവാരം വർദ്ധിപ്പിച്ച് മാസിക പ്രസിദ്ധീകരിച്ച് തുടങ്ങിയപ്പോൾ പ്രിന്റിംഗിന് ക്വട്ടേഷൻ ക്ഷണിക്കാതെ പ്രസ്സുകാർ ആവശ്യപ്പെട്ട പ്രകാരം റീമിന് 2300/- രൂപ നിരക്കിൽ പേപ്പറിന് തുക അനുവദിക്കുകയാണ് ചെയ്തത്. 2016 മെയ് മുതൽ 2016 സെപ്റ്റംബർ വരെ ഇതേ നിരക്കിൽ പ്രസ്സിന് തുക നൽകി. 70 gsm ഗ്ലേസ്ഡ് പേപ്പർ ഉപയോഗിച്ച് മാസിക പ്രിന്റു ചെയ്യുമ്പോൾ മാസികയുടെ ഭാരം കൂടുതലായതിനാൽ പോസ്റ്റേജ് ചാർജ് കൂടുന്നു. കൂടാതെ പ്രിന്റിംഗ് ചാർജ് അധികമായതിനാലും ഒക്ടോബർ 2016 മുതൽ 60 gsm ഓർഡിനറി LWC പേപ്പറിൽ മാസിക പ്രിന്റ് ചെയ്യാൻ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതു പ്രകാരം റീമിന് 1500/- രൂപ നിരക്കിൽ 60 gsm ഓർഡിനറി LWC പേപ്പറിൽ ഒക്ടോബർ 2016 മുതൽ ഡിസംബർ 2016 വരെയുള്ള മാസികകൾ പ്രസിദ്ധീകരിച്ചു.

തുടർന്ന് 70 gsm ഗ്ലേസ്ഡ് പേപ്പറിൽ അച്ചടിക്കുന്നതിനായി 25.11.2016 ൽ ക്വട്ടേഷൻ ക്ഷണിച്ചു. ആയതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ നൽകിയ

മംഗളം പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ക്വട്ടേഷൻ 70 gsm ഗ്ലേസ്ഡ് ന്യൂസ് പ്രിന്റ് പേപ്പർ റീമിന് 1020/- രൂപ നിരക്കിൽ അംഗീകരിച്ചു. പ്രസ്തുത നിരക്കിൽ 2017 ജനുവരി മുതൽ മാസിക പ്രിന്റ് ചെയ്തു വരുന്നു. 2016 മെയ് മുതൽ 2016 ഡിസംബർ വരെയുള്ള കാലയളവിൽ ക്വട്ടേഷനും കരാറും ഒഴിവാക്കി പ്രിന്റ് ചെയ്തതിനാൽ 2,84,328/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| **മാസിക പ്രസിദ്ധീകരിച്ച മാസം** | **ഉപയോഗിച്ച പേപ്പറിന്റെ അളവ് & അനുവദിച്ച തുക** | **ക്വട്ടേഷൻ നിരക്കുമായി താരതമ്യം ചെയ്താൽ (@1020) അധിക ചെലവ്** |
|---|---|---|
| മെയ് 2016 | 22 ream @ 2300 = 50600 | 28160 |
| ജൂൺ 2016 | 40.7 ream @ 2300 = 93610 | 52096 |
| ജൂലായ് 2016 | 37.95 ream @ 2300 = 87285 | 48576 |
| ആഗസ്റ്റ് 2016 | 41.25 ream @ 2300 = 94875 | 52800 |
| സെപ്റ്റംബർ 2016 | 31.35 ream @ 2300 = 72105 | 40128 |
| ഒക്ടോബർ 2016 | 30.25 ream @ 1500 = 45375 | 14520 |
| നവംബർ 2016 | 51.15 ream @ 1500 = 76725 | 24552 |
| ഡിസംബർ 2016 | 48.95 ream @ 1500 = 73425 | 23496 |
| **ആകെ അധിക ചെലവ്** | | **284328/-** |

2016-17 സാമ്പത്തിക വർഷം പരസ്യം പ്രസിദ്ധീകരിച്ചയിനത്തിൽ തുക ലഭിച്ചു എന്നത് പ്രശംസനീയമായ വസ്തുതയാണ്. എന്നിരുന്നാൽ തന്നെയും ക്വട്ടേഷൻ ക്ഷണിക്കാതെ കൂടിയ തുകയ്ക്ക് പ്രിന്റ് ഓർഡർ നൽകിയത് ശരിയായ നടപടിയല്ല. ആവശ്യമായ സമയത്ത് ക്വട്ടേഷൻ നടപടി സ്വീകരിച്ചിരുന്നെങ്കിൽ 2,84,328/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ നടപ്പിലാക്കുമ്പോഴും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുമ്പോഴും ഇത്തരം അധികചെലവ് ഒഴിവാക്കേണ്ടത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതക്ക് അനിവാര്യമാണ്.

21) **വിജ്ഞാനകൈരളി- പരസ്യവരവ് 1,87,500/- രൂപ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തില്ല**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാസികയായ വിജ്ഞാനകൈരളിയിൽ 2016-17 സാമ്പത്തിക വർഷം പരസ്യം പ്രസിദ്ധീകരിച്ചത് 3,90,000/- രൂപയ്ക്കാണ്. രജിസ്റ്റർ പ്രകാരം 15,000/- രൂപ ക്യാഷും 2,02,500/- രൂപയുടെ ചെക്കും 2016-17 സാമ്പത്തിക വർഷം ലഭിച്ചു. അതായത് ആകെ 2,17,500/- രൂപ തൻവർഷം ലഭിച്ചു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് | 654632 | 12.07.16 | 20000 |
| 2 | കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് | 704593 | 20.06.16 | 15000 |
| 3 | C.C.D.C | 883732 | 15.06.16 | 7500 |
| 4 | എനർജി മാനേജ്മെന്റ് സെന്റർ | 789417 | 02.07.16 | 7500 |
| 5 | എസ്.ബി.റ്റി. വികാസ്ഭവൻ | 999475 | 29.04.16 | 20000 |
| 6 | E.C. സൊല്യൂഷൻസ് | 199997 | 02.07.16 | 15000 |
| 7 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 064945 | 12.07.16 | 7500 |
| 8 | മലബാർ സിമെന്റ്സ് ലിമിറ്റഡ് | 708017 | 14.10.16 | 20000 |
| 9 | ACS ടെക്നോളജീസ് | 175353 | 25.06.16 | 15000 |
| 10 | Misuri Sales Co. Ltd (ക്യാഷായി ലഭിച്ചത്) | രസീത് നം. 47026 | 19.09.16 | 15000 |

| | | | | |
|---|---|---|---|---|
| 11 | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ & ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് | 504722 | 08.03.17 | 7500 |
| 12 | ഒറിഗാമി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് | 331818 | 09.03.17 | 15000 |
| 13 | Bosch ടെക്നോളജീസ് | 47461 | 02.03.17 | 7500 |
| 14 | Eram Infotech Technopark Phase -3 | 921074 | 19.01.17 | 7500 |
| 15 | Kinfra Internation Apparel Parks Ltd | 132584 | 26.11.16 | 7500 |
| 16 | Kerala Council for Historcial Research | 704748 | 07.01.17 | 15000 |
| 17 | K.S.F.E തൃശ്ശൂർ | 095709 | 13.12.16 | 15000 |
| **ആകെ** | | | | **217500** |

ചെക്കായി ലഭിച്ച തുക ഇൻസ്റ്റിറ്റ്യൂട്ടിൽ രസീത് വരവായി ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് സമർപ്പിച്ച കണക്ക് പ്രകാരം വിജ്ഞാനകൈരളി പരസ്യവരവ് 30,000/- രൂപ മാത്രമേയുള്ളൂ. അതായത് 1,87,500/- രൂപ തൻവർഷത്തെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31) മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ മേൽ തുക അക്കൗണ്ട് ചെയ്തിട്ടില്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുന്നു. പ്രസ്തുത തുക അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുകയോ, തുക ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## 22) <u>വിജ്ഞാന കൈരളി- പരസ്യയിനത്തിലെ വരവ്- 1,47,500/- രൂപ ഈടാക്കിയിട്ടില്ല</u>

വിജ്ഞാന കൈരളി മാസികയിൽ പരസ്യം പ്രസിദ്ധീകരിച്ച വകയിൽ 2016-17 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങളിൽ നിന്നായി 1,47,500/- രൂപ ലഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പരസ്യം പ്രസിദ്ധീകരിച്ച മാസം | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1. | മലബാർ സിമന്റ്സ് ലിമിറ്റഡ് | ജൂലായ് 2016 | 5000/- |
| 2. | മലബാർ ബൊട്ടാണിക്കൽ ഗാർഡൻ & ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് & സയൻസസ്, കോഴിക്കോട് | ആഗസ്റ്റ് 2016 | 7500/- |
| 3. | നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റി, കുമാരകോവിൽ, തക്കല, കന്യാകുമാരി ജില്ല | ആഗസ്റ്റ് 2016 | 15000/- |
| 4. | ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജീസ് | സെപ്റ്റംബർ 2016 | 15000/- |
| 5. | എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് | സെപ്റ്റംബർ 2016 | 7500/- |
| 6. | സൗര നാച്വറൽ എനർജി സൊല്യൂഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | സെപ്റ്റംബർ 2016 | 7500/- |
| 7. | നോർക്ക റൂട്ട്സ്, തൈക്കാട്, തിരുവനന്തപുരം | ഒക്ടോബർ 2016 | 15000/- |
| 8. | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | ഒക്ടോബർ 2016 | 20000/- |
| 9. | കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | ജനുവരി 2017 | 15000/- |
| 10. | കിൻഫ്ര, ശാസ്തമംഗലം | ജനുവരി 2017 | 5000/- |
| 11. | കെ.റ്റി.ഡി.സി, തിരുവനന്തപുരം | ഫെബ്രുവരി 2017 | 7500/- |
| 12. | കെ.എസ്.ഇ.ബി, തിരുവനന്തപുരം | ഫെബ്രുവരി 2017 | 7500/- |
| 13. | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | മാർച്ച് 2017 | 20000/- |
| **ആകെ** | | | **147500/-** |

2016-17 സാമ്പത്തികവർഷാവസാനം പരസ്യയിനത്തിൽ ആകെ 1,72,500/- രൂപ ലഭിക്കാനുണ്ടായിരുന്നു. ഇതിൽ 25,000/- രൂപ 2017-18 സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ ഈടാക്കാനുള്ള ബാക്കി തുകയായ 1,47,500/- രൂപ ഈടാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**23) <u>വിജ്ഞാനകൈരളി- സാമ്പത്തിക നഷ്ടം അപഗ്രഥനം നടത്തുന്നില്ല</u>**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളി മാസിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവിഭാജ്യമായ ഒരു പ്രസിദ്ധീകരണമാണ്. പ്രസ്തുത മാസികയുടെ വരവ് ചെലവ് സംബന്ധിച്ച് കണക്കുകൾ അവലോകനം ചെയ്യാത്തതിനാൽ തന്നെ ഓരോ വർഷവും ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ആയതു ക്രമീകരിച്ച് സാമ്പത്തിക നഷ്ടമില്ലാതെ മാസിക പ്രസിദ്ധീകരിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷം വിവിധ ഘട്ടങ്ങളിലായി പലതരം മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് മാസിക പ്രസിദ്ധീകരിച്ചത്. 2016 ആഗസ്റ്റ് വരെ മാസികയുടെ വില 15/- രൂപയായിരുന്നത് 2016 സെപ്റ്റംബർ മുതൽ 25 രൂപയായി വർദ്ധിപ്പിച്ചു. 2016 മെയ് മുതൽ മാസികയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കി വരുന്നു. 2016 മെയ് മുതൽ മാസികയുടെ പ്രിന്റിംഗ് പേപ്പറിന്റെ ഗുണനിലവാരം വർദ്ധിപ്പിച്ചു. ആയതിന് ക്വട്ടേഷൻ ക്ഷണിക്കാതെ മുൻപ് പ്രിന്റു ചെയ്തിരുന്ന പ്രസിനു തന്നെ കൂടിയ തുകയ്ക്ക് പ്രിന്റ് ഓർഡർ നൽകി. 70 gsm ഗ്ലേസ്ഡ് പേപ്പറിന് ഒരു റീമിന് 2,300/- രൂപ നിരക്കിലാണ് പേയ്മെന്റ് നൽകിയത്. 2016 മെയ് മുതൽ 2016 ഡിസംബർ വരെ മാസിക പ്രസിദ്ധീകരിച്ചതിൽ പേപ്പറിന്റെ വിലയിനത്തിൽ 2,84,328/- രൂപയുടെ സാമ്പത്തിക നഷ്ടമമുണ്ടായിട്ടുണ്ട്.(ഖണ്ഡിക 20 കാണുക). ഒരു മാസികയ്ക്ക് 70 പൈസ നിരക്കിലാണ് തപാൽ ചാർജ് നൽകുന്നത്. പോസ്റ്റൽ വകുപ്പുമായുള്ള കരാർ പ്രകാരം ഒരു മാസികയുടെ ഭാരം 150 ഗ്രാമിൽ കൂടുതലാകാൻ പാടില്ല. എന്നാൽ 2016 സെപ്റ്റംബർ മാസം മാസികയുടെ പേജുകളുടെ എണ്ണം കൂട്ടി പ്രിന്റ് ചെയ്തതിനാൽ ഒരു മാസികയുടെ ഭാരം 170 ഗ്രാം ആയി വർദ്ധിച്ചു. പ്രസ്തുത മാസം 9 രൂപ നിരക്കിൽ തപാൽ ചാർജ് നൽകുന്നതിന് ഇത് കാരണമായി. ഈയിനത്തിൽ 16,924/- രൂപ അധികം

ചെലവഴിച്ചു. മാസികയുടെ ഘടനയിലും മറ്റും മാറ്റം വരുത്തുമ്പോൾ ആയത് ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത രീതിയിൽ ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രാധാന്യം നൽകുന്നില്ല.

2016-17 ൽ പ്രസിദ്ധീകരിച്ച വിജ്ഞാനകൈരളിയുടെ എണ്ണവും ചെലവു തുകയും സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ മാസികകളുടെ എണ്ണം | - 41875 (14650 @ 15, 27225 @ 25) |
| ഡി.റ്റി.പി. ഡിസൈനിംഗ് ചാർജ്ജ് | - 75480/- |
| പ്രിന്റിംഗ് ചെലവ് | - 1258179/- |
| തപാൽ ചെലവ് | - 43174/- |
| ലേഖകർക്കുള്ള പ്രതിഫലം | - 205250/- |
| | ................................. |
| **ആകെ ചെലവ്** | **1582083/- രൂപ** |
| | =============== |

പ്രസിദ്ധീകരിക്കുന്ന മാസികയുടെ 86% പ്രൊമോട്ടർ വഴിയാണ് വിൽക്കുന്നത് 40% ഡിസ്കൗണ്ട് അനുവദിച്ചാണ് പ്രൊമോട്ടർമാർക്ക് മാസിക നൽകുന്നത്.

പ്രസിദ്ധീകരിച്ച മാസികകളുടെ

ആകെ മുഖവില = (14650X15)+(27225X25)

= **900375/- രൂപ**

ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കാവുന്ന പരമാവധി തുക (ഡിസ്കൗണ്ട് കിഴിച്ചതിന് ശേഷം)

$$= 900375 \times \frac{86}{100} \times \frac{60}{100} + 900375 \times \frac{14}{100}$$

*(86% മാസിക 60% തുകയ്ക്കും 14% മാസിക മുഖവിലയ്ക്കും വിൽക്കുന്നു)*

**= 5,90,646/- രൂപ**

പരസ്യയിനത്തിലെ വരവ് =3,90,000/- രൂപ

വിജ്ഞാനകൈരളി വരവിനത്തിൽ ലഭിക്കാവുന്ന ആകെ തുക

= 590646+390000

= **980646/- രൂപ**

അതായത് 601437/- രൂപയുടെ സാമ്പത്തിക നഷ്ടം (1582083-980646)

പ്രസിദ്ധീകരണ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ തുച്ഛമായ ഒരു തുക മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ടിന് ഓരോ വർഷവും ഈയിനത്തിൽ ലഭിക്കുന്നത്. 2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം വിജ്ഞാനകൈരളി വരവ് 2,98,659/- രൂപയാണ്.

വിജ്ഞാനകൈരളിയുടെ മേൽനോട്ടം വഹിക്കുന്ന സെക്ഷനിൽ ആവശ്യമായ എല്ലാ വിവരങ്ങളും അടങ്ങുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതും, ഫൈനാൻസ് അക്കൗണ്ട്സ് ഓഫീസർ ആയത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. വിജ്ഞാനകൈരളി വരവ് ചെലവ് ഇവ ശരിയായി അവലോകനം ചെയ്ത് സാമ്പത്തിക നഷ്ടത്തിന്റെ കാരണം കണ്ടെത്തേണ്ടതും ആയതിനനുസൃതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**24) <u>വിജ്ഞാനകൈരളി വരവ് ഒടുക്ക് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല</u>**

എറണാകുളം പുസ്തക വിൽപ്പനശാലയിൽ വിൽക്കപ്പെടുന്ന വിജ്ഞാനകൈരളി വരവ് തുക യഥാസമയം ഒടുക്ക് വരുത്തുന്നതിന് ഇക്കുറിയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. വിൽപ്പനശാലയിൽ ഈയിനത്തിൽ ലഭിക്കുന്ന തുക ഷോപ്പ് മാനേജർ കൈവശം വയ്ക്കുകയും പിന്നീട് എപ്പോഴെങ്കിലും ആസ്ഥാന ഓഫീസിലെ ഒരു ജീവനക്കാരന്റെ വ്യക്തിഗത അക്കൗണ്ടിലേയ്ക്ക് അയയ്ക്കുകയും ജീവനക്കാരൻ തുക ഇൻസ്റ്റിറ്റ്യൂട്ടിൽ അടയ്ക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. ഈ സംവിധാനം താൽക്കാലിക പണാപഹരണത്തിന് സാഹചര്യം സൃഷ്ടിക്കുന്നതാകയാൽ ഇത്തരം പ്രവർത്തനങ്ങൾ എത്രയും വേഗം അവസാനിപ്പിക്കേണ്ടതും പ്രസ്തുത തുക സ്വീകരിക്കുന്നതിന് പ്രത്യേകം രസീത് ബുക്കും തുക ഒടുക്കുന്നതിന് പ്രത്യേക അക്കൗണ്ടും ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം - 4
# പൊതുവായ ഓഡിറ്റ് നിരീക്ഷണങ്ങൾ

## 25) പുസ്തക വിൽപ്പനയിൽ ഗണ്യമായ പുരോഗതി, തൻവർഷ വരവ് - 2,10,61,809/- രൂപ

2016-17 സാമ്പത്തിക വർഷത്തിൽ പുസ്തക വിൽപ്പനയിൽ മുൻവർഷത്തേക്കാൾ 54% വർദ്ധനവുണ്ടായിട്ടുണ്ട്. തൻവർഷം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ 18 പുസ്തകമേളകളും കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 13 പുസ്തക മേളകളും സംഘടിപ്പിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിലെ വരവ് 1,37,02,775/- രൂപയായിരുന്നെങ്കിൽ തൻവർഷത്തിൽ ഈയിനത്തിൽ 2,10,61,809/- രൂപ വരവ് വന്നിട്ടുണ്ട്. (73,59,034/- രൂപ കൂടുതൽ) പുസ്തക മേളകൾ സംഘിടിപ്പിച്ചും ഷോറൂമുകൾ വഴിയും, ഓൺലൈൻ വിൽപ്പനയിലൂടെയും പുസ്തക വിൽപ്പനയിൽ വരവ് ഗണ്യമായി വർദ്ധിപ്പിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

## 26) സ്റ്റോക്ക് വെരിഫിക്കേഷനിൽ കുറവ് വന്ന പുസ്തകങ്ങളുടെ വില 22,605/- രൂപ ഈടാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെയിൻ ഗോഡൗണിലെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ആകെ 21,560/- രൂപ മുഖവിലയുള്ള 65 പുസ്തകങ്ങളും മിനിഗോഡൗൺ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 1,045/- രൂപ മുഖവിലയുള്ള 13 പുസ്തകങ്ങളും സ്റ്റോക്കിൽ കുറവ് വന്നിട്ടുണ്ട്. രണ്ട് ഗോഡൗണിലെയും സ്റ്റോക്കിൽ കുറവ് വന്ന പുസ്തകങ്ങളുടെ വിലയായ 22,605/- രൂപ ഈകാലയളവിൽ രണ്ട് ഗോഡൗണുകളുടെയും ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. സ്റ്റോക്കിൽ കുറവ് വന്ന പുസ്തകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## മെയിൻഗോഡൗൺ

| സിൽ നം | പുസ്തകത്തിന്റെ പേര് | എണ്ണം (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ) | എണ്ണം (സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം) | കുറവായ പുസ്തകങ്ങളുടെ എണ്ണം | നിരക്ക് | വില |
|---|---|---|---|---|---|---|
| 2320 | എരുമ വളർത്തൽ | 741 | 740 | 1 | 35 | 35 |
| 2417 | ഫോക്‌ലോർ നിഘണ്ടു | 41 | 36 | 5 | 485 | 2425 |
| 2647 | ലീലാതിലകം | 31 | 30 | 1 | 30 | 130 |
| 2809 | തളിരുകൾ-മൂന്നാം ഭാഗം | 1428 | 1427 | 1 | 130 | 130 |
| 3014 | രാജീവ് ഗാന്ധി | 2 | 0 | 2 | 40 | 80 |
| 3329 | വാൽമീകിയുടെ ലോകത്തിൽ | 824 | 804 | 20 | 50 | 1000 |
| 3414 | കൃഷിശാസ്ത്ര പദകോശം | 823 | 822 | 1 | 190 | 190 |
| 3559 | ശാസ്ത്രകലണ്ടർ | 11 | 10 | 1 | 120 | 120 |
| 3642 | ആരാച്ചാർ പഠനങ്ങൾ | 202 | 201 | 1 | 100 | 100 |
| 3673 | ഋഗ്വേദം അഷ്ടകം- 3 | 273 | 253 | 20 | 800 | 16000 |
| 3820 | നിവർത്തനം സാമൂഹിക നീതിയുടെ ഇതിഹാസം | 771 | 765 | 6 | 130 | 780 |
| 10006 | ഡോ. അംബേദ്കർ സമ്പൂർണ്ണ കൃതികൾ, ലൈബ്രറി എഡിഷൻ വാല്യം 111 | 231 | 230 | 1 | 105 | 105 |
| 10043 | ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, ലൈബ്രറി എഡിഷൻ Vol. VII | 192 | 191 | 1 | 105 | 105 |
| 10037 | ഡോ. അംബേദ്കർ സമ്പൂർണ്ണ കൃതികൾ ലൈബ്രറി എഡിഷൻ Vol. IX | 199 | 196 | 3 | 95 | 255 |

| | | | | | | |
|---|---|---|---|---|---|---|
| 10040 | ഡോ. അംബേദ്കർ സമ്പൂർണ്ണ കൃതികൾ ലൈബ്രറി എഡിഷൻ Vol. IX | 439 | 438 | 1 | 105 | 105 |
| **ആകെ 65 പുസ്തകങ്ങൾ 21,560/- രൂപ** | | | | | | |

**<u>മിനിഗോഡൗൺ</u>**

| സിൽ നം | പുസ്തകത്തിന്റെ പേര് | എണ്ണം (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ) | എണ്ണം (സ്റ്റോക്ക് വെരിഫി ക്കേഷൻ പ്രകാരം റിപ്പോർട്ട് നം) | കുറവായ പുസ്തകങ്ങളുടെ എണ്ണം | വില |
|---|---|---|---|---|---|
| 1480 | കേരള വർമ്മ സ്മരണ | 3 | 2 | 1 | 45 |
| 2006 | സംഘസാഹിത്യചരിത്രം | 15 | 14 | 1 | 160 |
| 2097 | ഇബ്സന്റെ നാടക സങ്കൽപ്പം | 8 | 7 | 1 | 45 |
| 2824 | കാലാവസ്ഥയും ആവാസ വ്യവസ്ഥയും | 6 | 5 | 1 | 95 |
| 2892 | ഇലക്ട്രോണിക്സ് അടിസ്ഥാന തത്വങ്ങൾ | 3 | 4 | 1 | 100 |
| 3174 | പൊട്ടൻതെയ്യം | 23 | 22 | 1 | 90 |
| 3280 | കമ്പ്യൂട്ടർ പരിചയവും പ്രയോഗവും | 13 | 22 | 1 | 120 |
| 3295 | കേരളം ലോകചരിത്രത്തിലൂടെ | 1 | 0 | 1 | 160 |
| 3499 | മയിലുകൾ | 13 | 10 | 3@50 | 150 |
| 3961 | ലിയാനാർഡോ ഡാവിഞ്ചി | 56 | 55 | 1 | 40 |
| 3942 | ഭാരവി | 25 | 24 | 1 | 40 |
| **ആകെ 13 പുസ്തകങ്ങൾ** | | | | | **1,045/- രൂപ** |

**27) പുസ്തകങ്ങളുടെ ആയിരത്തിലധികം കോപ്പികൾ വിൽപ്പനയില്ലാതെ ഗോഡൗണിൽ അവശേഷിക്കുന്നു.**

2016-17 വർഷത്തെ ഗോഡൗൺ സ്റ്റോക്ക് വെരിഫിക്കേഷൻ പത്രിക പ്രകാരം 138 പുസ്തകങ്ങളുടെ ആയിരത്തിലധികം കോപ്പികൾ വിൽപ്പനയില്ലാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ മെയിൻ ഗോഡൗണിൽ അവശേഷിക്കുന്നു. ഇതിൽ 3000 ൽ അധികം കോപ്പികളുള്ള 1 പുസ്തകവും (സിൽ നം. 3745), 2000 ൽ അധികം പ്രതികളുള്ള 9 പുസ്തകങ്ങളും 1500 ൽ കൂടുതൽ പ്രതികളുള്ള 21 പുസ്തകങ്ങളും 1000 ൽ അധികം കോപ്പികളുള്ള 107 പുസ്തകങ്ങളും ഉൾപ്പെടുന്നു. ഇത്തരത്തിൽ വിൽപ്പനയില്ലാതെ അവശേഷിക്കുന്നവയിൽ കാലപ്പഴക്കം കാരണം ജീർണ്ണാവസ്ഥയിലായ നിരവധി പുസ്തകങ്ങളും ഉൾപ്പെടുന്നു.

പുസ്തക വിൽപ്പന വിഭാഗം അസി. ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗോഡൗണുകളിലും പുസ്തകശാലകളിലുമായി 12 കോടി രൂപയ്ക്ക് മുകളിൽ മുഖവിലയുള്ള പുസ്തകങ്ങളുടെ സ്റ്റോക്ക് ഉണ്ട്. തൻവർഷം രണ്ട് കോടി അറ്റവിലയ്ക്കുള്ള പുസ്തകങ്ങൾ മാത്രമാണ് വിൽപ്പന നടത്താൻ കഴിഞ്ഞിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രകാരം വിൽപ്പനയില്ലാതെ കെട്ടിക്കിടക്കുന്ന പുസ്തകങ്ങൾ കൂടുതലും പഠനത്തിനും ഗവേഷണത്തിനും സഹായകരമായ ഗ്രന്ഥങ്ങളാണ്. പ്രസ്തുത പുസ്തകങ്ങൾ പഠിതാക്കളിൽ എത്തിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

**28) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഡി.വി.ഡി കളുടെ വിൽപ്പന കാര്യക്ഷമമല്ല**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2016-17 വർഷം കവിത ചൊല്ലാൻ പഠിക്കാം, മലയാളം ട്യൂട്ടർ എന്നീ രണ്ട് ഡി.വി.ഡി.കളുടെ 2100 കോപ്പികൾ വീതം വിൽപ്പനക്കായി പുറത്തിറക്കി. കവിത ചൊല്ലാൻ പഠിക്കാം എന്ന ഡി.വി.ഡി യുടെ നിർമ്മാണത്തിനായി 90764/- രൂപയും മലയാളം ട്യൂട്ടർ എന്നതിന് 93,264/- രൂപയും ചെലവുണ്ടായി. എന്നാൽ പ്രസ്തുത ഡി.വി.ഡി. കളിൽ ഭൂരിഭാഗവും വിൽപ്പനയില്ലാതെ അവശേഷിക്കുന്നു. ഒന്നാമത്തെ ഡി.വി.ഡി യുടെ 1878 പകർപ്പുകളും രണ്ടാമത്തേതിന്റെ 1876 പകർപ്പും ഇവയിൽ ഉൾപ്പെടുന്നു. നിശ്ചിത സമയപരിധിയിൽ ഇവ വിറ്റഴിക്കാത്ത പക്ഷം കേടുപാടുകൾ സംഭവിച്ച് ഉപയോഗയോഗ്യമല്ലാതാവാൻ സാദ്ധ്യതയുണ്ട്.

ആയതിനാൽ ഇവയുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടി വിൽപ്പന വിഭാഗം സ്വീകരിക്കേണ്ടതാണ്.

**29) <u>വിജ്ഞാനമുദ്രണം പ്രസ് - ഡബിൾ ക്രൗൺ 13.6 കി.ഗ്രാം പേപ്പർ 44 റീമിന്റെ സ്റ്റോക്ക് വ്യത്യാസം</u>**

വിജ്ഞാന മുദ്രണം പ്രസ്സിലെ പ്രിന്റിംഗ് പേപ്പറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30.09.2017 ൽ ഡബിൾ ക്രൗൺ 13.6 കി.ഗ്രാം പേപ്പർ 359 റീം ബാക്കിയുണ്ട്. ഈ ഓഫീസിൽ നിന്നും ഇതേ തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ 403 റീം അവശേഷിക്കുന്നതായി ബോദ്ധ്യപ്പെട്ടു. 44 റീമിന്റെ വ്യത്യാസം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 37) മറുപടി ലഭിച്ചില്ല. 2016-17 ൽ വാങ്ങിയതാണ് ഈ പേപ്പർ.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതിനേക്കാൾ 44 റീം പേപ്പർ അധികം അവശേഷിക്കാനുണ്ടായ കാരണം വിശദീകരിക്കേണ്ടതും, ഈ വീഴ്ച പരിഹരിക്കുന്ന തിനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതുമാണ്.

**30) <u>വിജ്ഞാനമുദ്രണം പ്രസ്സ്- പ്രിന്റിംഗിനായുള്ള ഡബിൾ ക്രൗൺ 10 റീം പേപ്പർ ഉപയോഗിക്കാതെ നശിക്കുന്നു.</u>**

2016-17 സാമ്പത്തിക വർഷത്തിന് മുൻപ് പ്രിന്റിംഗിനായി വാങ്ങിയ ഡബിൾ ക്രൗൺ 15.5 കി.ഗ്രാം ഇനത്തിലുള്ള 10 റീം പേപ്പർ ഇപ്പോഴും ഉപയോഗരഹിതമായി സൂക്ഷിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു, ടി പേപ്പർ ഉപയോഗിക്കാതെ മാറ്റി വച്ചിരിക്കുമ്പോൾ തന്നെ ഇതേതരത്തിലുള്ള പേപ്പറുകൾ ഷോർട്ട് ക്വട്ടേഷനിലൂടെയും മറ്റും വാങ്ങി പ്രിന്റിംഗിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. മേൽ പേപ്പർ ഉപയോഗിക്കാതിരിക്കുന്നതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 38 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പേപ്പർ ഉപയോഗിക്കാവുന്നതാണെന്ന അഭിപ്രായം സ്റ്റോർകീപ്പർ രേഖാമൂലം അധികാരികളെ അറിയിച്ചെങ്കിലും യാതൊരു തുടർ നടപടികളും കൈക്കൊണ്ടിട്ടില്ല. പ്രസ്തുത പേപ്പർ പ്രിന്റിംഗിനായി ഉപയോഗിക്കുന്ന തിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 31) പ്രൂഫ് റീഡർ, കോപ്പി ഹോൾഡർ തസ്തികകളിൽ കരാർ നിയമനം ചട്ടവിരുദ്ധം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 06.09.2013 ലെ ഇ 1/58/13/സിൽ നമ്പർ വിജ്ഞാപന പ്രകാരം പ്രൂഫ് റീഡർ, കോപ്പി ഹോൾഡർ എന്നീ തസ്തികകളിൽ നിയമിതരായ ഉദ്യോഗാർത്ഥികളിൽ ശ്രീ. ദീപു. എ.ബി, ശ്രീമതി. സിന്ധു. പി, ശ്രീ. അരുൺ. എസ് എന്നിവർക്ക് മേൽ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയില്ല. 1984 ലെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഗ്വേജസ് ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്.എ. അക്കാദമിക് ബ്രാഞ്ച്- ൽ 5(ബി) 2 അനുശാസിക്കുന്ന തരത്തിലുള്ള യോഗ്യതയില്ലാതെയാണ് നിയമനം നൽകിയിട്ടുള്ളത്. പ്രൂഫ് റീഡിംഗിൽ കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും ഏതെങ്കിലും പബ്ലിഷിംഗ് ഹൗസിലോ പ്രിന്റിംഗ് പ്രസ്സിലോ നിന്നുള്ള രണ്ട് വർഷത്തെ പ്രവർത്തന പരിചയ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. എന്നാൽ മേൽ വ്യക്തികളിൽ ആരും തന്നെ പ്രൂഫ് റീഡിംഗിൽ കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ- ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ശ്രീ. ദീപു. എ.ബി, മെലിൻഡ ബുക്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ശ്രീമതി. സിന്ധു, ശ്രീ. അരുൺ.എസ് എന്നിവർ പ്രിയദർശിനി പബ്ലിക്കേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുള്ള പ്രവർത്തന പരിചയ സർട്ടിഫിക്കറ്റുമാണ് ഹാജരാക്കിയിട്ടുള്ളത്. നിശ്ചിത യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ പ്രൂഫ് റീഡിംഗ് പോലെ പരിചയസമ്പത്ത് ആവശ്യമായ തസ്തികയിൽ നിയമിച്ചിട്ടുള്ളത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ചട്ടങ്ങളുടെ ലംഘനമാണ്. ആയതിനാൽ അംഗീകൃത യോഗ്യതയുള്ള വ്യക്തികളെ മാത്രം നിയമിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 32) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത കെട്ടിടം പണിയുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്ത പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ Ground Floor Plan, Estimate എന്നിവ തയ്യാറാക്കി

സർക്കാരിന് സമർപ്പിച്ചതിനെ തുടർന്ന് ജി.ഒ(ആർ.റ്റി) നം. 134/2017/സി.എൽ.എ.ഡി തീയതി 10.03.2017 പ്രകാരം പുതിയ കെട്ടിട സമുച്ചയത്തിന്റെ ആദ്യനില നിർമ്മിക്കുന്നതിന് 175 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചു. അഡ്മിനിസ്ട്രേഷൻ, അക്കാദമിക്, ലൈബ്രറി എന്നിവ അടങ്ങുന്ന മൂന്ന് നില കെട്ടിടത്തിന്റെ ആദ്യ നില നിർമ്മിക്കുന്നതിനാണ് പ്രസ്തുത ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

ജി.ഒ(ആർ.റ്റി) നം. 235/2017/സി.എഡി. തീയതി 25.03.2017 പ്രകാരം അനുവദിച്ച 175 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ TPA 188 അക്കൗണ്ടിൽ 29.03.2017 ൽ വരവ് വന്നിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 29.03.2017 ലെ എ/873/2016/സിൽ ഉത്തരവ് പ്രകാരം പ്രസ്തുത തുക ഇൻസ്റ്റിറ്റ്യൂട്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് 8443-00-108 PW Deposit എന്ന PWD യുടെ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് ചെലാൻ മുഖേന 30.03.2017 ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. പക്ഷെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഊർജ്ജിത ശ്രമങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

### 33) പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിതം ഈടാക്കുന്നതിന് നടപടിയില്ല

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി ഉത്തരവ് പ്രകാരം (ജി.ഒ.പി. 20/2013/ഫിൻ തീയതി 07.01.2013) 01.04.2013 മുതൽ നിയമിതരായ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷനാണ് അർഹതയുള്ളത്. ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും, ക്ഷാമബത്തയും ചേർന്ന തുകയുടെ 10% ജീവനക്കാരിൽ നിന്നും തത്തുല്യമായ തുക തൊഴിൽ ദാതാവിൽ നിന്നും സമാഹരിച്ച് പെൻഷൻ ഫണ്ട് റഗുലേറ്ററി & ഡെവലപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ) നിശ്ചയിച്ച അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ 23.01.2014 ൽ പ്യൂൺ/ പാക്കർ തസ്തികയിൽ നിയമിതനായ ശ്രീ. സുനിൽകുമാർ. എസ്, ന്റെ ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിതം നാളിതുവരെ ഈടാക്കിയിട്ടില്ല. ആയതിനാൽ തന്നെ തൊഴിൽ ദാതാവ് നൽകേണ്ട വിഹിതവും നിശ്ചയിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നില്ല. ജീവനക്കാർ വിരമിക്കുന്ന സാഹചര്യത്തിൽ ടിയാന് നിർദ്ദിഷ്ട പെൻഷൻ ലഭിക്കാതിരിക്കുന്നതിന് ഇത് ഇടയാകും. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്

സാമ്പത്തിക ബാധ്യതയുണ്ടാകുന്നതിനും ഇത് കാരണമാകാം. 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 24) പ്രസ്തുത വിവരം പരാമർശിച്ചിട്ടുണ്ടെങ്കിലും ആയതിന്മേൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ നാഷണൽ പെൻഷൻ സ്കീം വിഹിതം ഒടുക്കു വരുത്തേണ്ട ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി ഇൻസ്റ്റിറ്റ്യൂട്ട് വിഹിതം ഉൾപ്പെടെ നിശ്ചിത അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതിന് വേണ്ട നടപടികൾ ഇനിയും വൈകാതെ കൈക്കൊള്ളേണ്ടതാണ്.

**34) <u>ആദായ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>**

ഗ്രന്ഥകർത്താക്കളിൽ നിന്നും വിവിധ പ്രസ്സുകളിൽ നിന്നും, ജീവനക്കാരിൽ നിന്നും ആദായനികുതിയിനത്തിൽ ഈടാക്കുന്നതും ഒടുക്കുന്നതുമായ തുകയുടെ വിശദാംശം രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രത്യേക രജിസ്റ്ററിൽ ഈയിനത്തിലുള്ള വരവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈടാക്കുന്ന തുക പൂർണ്ണമായും ആദായ നികുതി വകുപ്പിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്നതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ വിവിധ കാലയളവിൽ ആദായനികുതിയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുകയുടെയും ഒടുക്കു വരുത്തിയ തുകയുടെയും വിവരം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**35) <u>ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ പരസ്യം നൽകൽ- ഫലപ്രദമല്ല- ഫണ്ട് ദുർവിനിയോഗം</u>**

വാർഷിക കണക്ക് പ്രകാരം 34,922/- രൂപ പരസ്യ ചാർജ്ജിനത്തിൽ തൻവർഷം ചെലവുണ്ട്. പ്രചാരം കുറഞ്ഞതും അറിയപ്പെടാത്തതുമായ പ്രസിദ്ധീകരണങ്ങളിലാണ് ഭൂരിഭാഗം പരസ്യവും നൽകിയിട്ടുള്ളത്. ഈരടി കവിത മാസിക, അശ്വതി മാസിക, വിശ്വവേദി മാസിക എന്നീ പ്രസിദ്ധീകരണങ്ങൾ ഇവയിൽ ചിലതാണ്. കൂടാതെ ഈ ഇനത്തിൽ ചെലവ് നടത്തിയത് പി.ആർ.ഡി നിരക്കിനനുസൃതമല്ല. കൂടുതൽ പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളിൽ പരസ്യം നൽകിയാൽ മാത്രമേ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിശദാംശം

വായനക്കാരിൽ എത്തിക്കുന്നതിന് സാധിക്കുകയുള്ളൂ. ആയതിനാൽ ഈ വിഷയത്തിന്മേൽ വ്യക്തമായ മാനദണ്ഡം നിശ്ചയിക്കുന്നതിൽ ഭരണ വിഭാഗത്തിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 36) <u>മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല</u>

2016-17 സാമ്പത്തിക വർഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി അനുവദിച്ച മുൻകൂറുകളിൽ ചിലത് നാളിതുവരെ ക്രമീകരിച്ചിട്ടില്ലായെന്ന് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ക്രമീകരിക്കാത്ത മുൻകൂർ തുകകളും ഇവയിൽ ഉൾപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വൗച്ചർ നം/ തീയതി** | **മുൻകൂർ കൈപ്പറ്റിയ വ്യക്തിയുടെ പേര്** | **ഉദ്ദേശ്യം** | **ഉത്തരവ് നമ്പർ/ തീയതി** | **തുക** |
|---|---|---|---|---|
| 62/ 08.04.16 | അജി. കെ. വർഗ്ഗീസ് എൽ.ഡി.സി | പുസ്തക പ്രദർശന കണ്ടിജൻസി | SP3/898/16/SIL തീയതി 06.04.16 | 90000 |
| 120/ 21.04.16 | അജി. കെ. വർഗ്ഗീസ് എൽ.ഡി.സി | പുസ്തക പ്രദർശന കണ്ടിജൻസി | SP3/898/16/SIL തീയതി 18.04.16 | 20000 |
| 347/ 14.06.16 | വി.യു. മഞ്ജുഷ കാഷ്യർ, സിൽ | ക്യാന്റീന് ആവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിന് | E2/1995/2015/ തീയതി 14.06.16 | 10000 |
| 880/ 07.09.16 | എസ്. സുലൈമാൻ പ്യൂൺ | പോസ്റ്റേജ് സ്റ്റാമ്പ് വാങ്ങുന്നതിന് | SP5/1919/18/SIL തീയതി 06.09.16 | 3000 |
| 1120/ 24.10.16 | എസ്. സുലൈമാൻ പ്യൂൺ | കയറ്റിക്ക് കൂലി | E2/1397/2011/ SIL തീയതി 21.10.16 | 15000 |
| 1487/ 20.12.16 | അജി.കെ. വർഗ്ഗീസ് എൽ.ഡി.സി | പുസ്തക പ്രദർശന അഡ്വാൻസ് | SP3/2860/16/SIL തീയതി 15.12.16 | 5000 |
| 1697/ 30.01.17 | അജി.കെ. വർഗ്ഗീസ് എൽ.ഡി.സി | പുസ്തക പ്രദർശന കണ്ടിജൻസി | SP3/222/17/SIL തീയതി 27.01.11 | 24000 |
| 1987/ 30.03.17 | ദീപു. എ.ബി പ്രൂഫ് റീഡർ | പ്രൂഫ് റീഡർ | E1/2663/16/SIL തീയതി 25.03.17 | 10000 |

| | | | | |
|---|---|---|---|---|
| 1731/ 08.02.17 | അജി.കെ.വർഗ്ഗീസ് എൽ.ഡി.സി, സിൽ | പ്രൂഫ് റീഡിംഗ് | SP3/222/17/SIL തീയതി 27.01.17 | 11000 |
| 1732/ 08.02.17 | അജി.കെ. വർഗീസ് എൽ.ഡി.സി | പ്രൂഫ് റീഡിംഗ് | SP3/152/17/SIL തീയതി 30.01.17 | 13000 |
| 1776/ 15.02.17 | അനിൽകുമാർ. എൻ.ഐ പ്യൂൺ/ പായ്ക്കർ | പ്രൂഫ് റീഡിംഗ് | SP3/223/17/SIL തീയതി 03.02.17 | 10000 |
| 1787/ 16.02.17 | അനിൽകുമാർ. എൻ.ഐ പ്യൂൺ/ പായ്ക്കർ | പ്രൂഫ് റീഡിംഗ് | SP3/379/17/SIL തീയതി 13.02.17 | 15000 |
| 1790/ 17.02.17 | അജി. കെ.വർഗ്ഗീസ് എൽ.ഡി.സി | പ്രൂഫ് റീഡിംഗ് | SP3/380/17/SIL തീയതി 13.02.17 | 14000 |
| 1838/ 27.02.17 | അജി. കെ.വർഗ്ഗീസ് എൽ.ഡി.സി | പ്രൂഫ് റീഡിംഗ് | SP3/378/17/SIL തീയതി 20.02.17 | 14000 |
| 1841/ 27.02.17 | നിധിൻ ചന്ദ്രൻ (യു.ഡി.സി) | പ്രൂഫ് റീഡിംഗ് | SP3/221/17/SIL തീയതി 23.02.17 | 2000 |
| 1860/ 02.03.17 | അനിൽകുമാർ. എൻ.ഐ പ്യൂൺ | പ്രൂഫ് റീഡിംഗ് | SP3/465/17/SIL തീയതി 23.02.17 | 15000 |
| 1910/ 14.03.17 | അജി.കെ.വർഗ്ഗീസ് എൽ.ഡി.സി | പ്രൂഫ് റീഡിംഗ് | SP3/152/17/SIL തീയതി 30.01.17 | 12000 |
| 1941/ 21.03.17 | അജി.കെ.വർഗ്ഗീസ് എൽ.ഡി.സി | പ്രൂഫ് റീഡിംഗ് | SP3/597/17/SIL തീയതി 16.03.17 | 5000 |
| 1965/ 24.03.17 | എൻ.ഐ. അനിൽകുമാർ പ്യൂൺ | പ്രൂഫ് റീഡിംഗ് | SP3/598/17/SIL തീയതി 10.03.17 | 2000 |
| **ആകെ** | | | | **308000** |

അഡ്വാൻസ് ക്രമീകരിക്കുവാൻ വൈകുന്നത് കേരള ഫിനാൻഷ്യൽ കോഡ് ചട്ടങ്ങളിലെ ചട്ടം 99 ന്റെ ലംഘനമാണ്. ജി.ഒ(പി) 419/2011 ധന. 04.10.2011 പ്രകാരം മൂന്ന് മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ച് മുൻകൂർ ക്രമീകരിച്ചില്ലെങ്കിൽ മുഴവൻ അഡ്വാൻസ് തുകയും തിരിച്ചു പിടിക്കുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ

ഈടാക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 3,08,000/- രൂപ 18% നിരക്കിൽ പലിശ ഈടാക്കി ക്രമീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**37) <u>വിജ്ഞാനമുദ്രണം പ്രസ്- പ്രിന്റിംഗ് പേപ്പർ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല</u>**

വിജ്ഞാന മുദ്രണം പ്രസിലെ പ്രിന്റിംഗ് പേപ്പർ സ്റ്റോക്ക് രജിസ്റ്റർ 25.05.2016 മുതലുള്ളവയാണ് ഓഡിറ്റിനു ഹാജരാക്കിയത്. ഈ തീയതിക്കു മുൻപുള്ള രജിസ്റ്റർ ഓഡിറ്റ് എൻക്വയറി (നം. 38) മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 2016-17 സാമ്പത്തിക വർഷം അറുമുഖ ട്രേഡേഴ്സിൽ നിന്നും 38,16,200/- രൂപയും ക്വയിലോൺ പേപ്പർ മാർട്ടിൽ നിന്നും 1,87,050/- രൂപയും കേരള പേപ്പേഴ്സിൽ നിന്നും 18,19,650/- രൂപയും പ്രിന്റിംഗ് പേപ്പർ വാങ്ങിയിട്ടുണ്ട്. ഓരോ വർഷവും വലിയ അളവിൽ പേപ്പർ പർച്ചേസ് നടത്തുന്ന സ്ഥാപനമെന്ന നിലയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തത് തികഞ്ഞ അനാസ്ഥയാണ്.

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ശേഷം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**38) <u>വിൽപ്പനവിഭാഗം- ഓൺലൈൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ - ഡേറ്റാ സെന്ററിന്റെ സൗജന്യസേവനം പ്രയോജനപ്പെടുത്തിയില്ല.</u>**

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പബ്ലിക്കേഷൻ വിഭാഗങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി സി-ഡിറ്റിൽ നിന്നും 17.01.2013 ലെ 245/DO/L/C-DIT/2013-ാം നമ്പർ കത്തിനോടൊപ്പം പ്രോജക്ട് പ്രൊപ്പോസൽ ലഭിച്ചു. പദ്ധതിക്കാവശ്യമായ ഹാർഡ്‌വെയറുകളും അവയ്ക്ക് വേണ്ടി വരുന്ന ചെലവും ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. പക്ഷേ പ്രൊപ്പോസൽ ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിക്കുകയും തുടർന്ന് 09.10.2014 തീയതിയിൽ നാല് ലക്ഷത്തോളം രൂപ ചെലവഴിച്ച് സി-ഡിറ്റിൽ നിന്നും സെർവർ വാങ്ങിക്കുകയും ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ട് 30.07.2014 തീയതിയിൽ സ്റ്റേറ്റ് ഡേറ്റാ സെന്ററിനോട് സെർവർ സ്ഥാപിക്കാൻ സ്ഥലം ആവശ്യപ്പെട്ടെങ്കിലും ഡേറ്റ സെന്റർ ഈ സംവിധാനം നിർത്തലാക്കിയതിനാൽ പകരം കോ-ഹോസ്റ്റിംഗ് സംവിധാനം സൗജന്യമായി

അനുവദിക്കാമെന്നും സമ്മതിച്ചു. പക്ഷെ ഈ സാധ്യത പ്രയോജനപ്പെടുത്താൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞില്ല.

**39) <u>തസ്തികമാറ്റം - ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിംഗ് ബോഡിയുടെ അംഗീകാരമില്ല</u>**

പബ്ലിക്കേഷൻ വിഭാഗത്തിൽ കരാർ വ്യവസ്ഥയിൽ പബ്ലിക്കേഷൻ അസിസ്റ്റന്റായി 2016-17 കാലയളവിൽ 10,000/- രൂപ നിരക്കിൽ ജോലി ചെയ്തിരുന്ന ശ്രീ. സി.പി. ഗോപകുമാറിന് ജി.ഒ.പി (നം) 28/2016/ഫിൻ തീയതി 26.02.2016 നെ അടിസ്ഥാനമാക്കി 2016 ജൂൺ മുതൽ ശമ്പളം 19,000/- രൂപയായി ഉയർത്തി നൽകി. എന്നാൽ മേൽ സർക്കാർ ഉത്തരവിൽ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയുടെ ശമ്പള വർദ്ധനവിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. ടിയാന്റെ ശമ്പള വർദ്ധനവിന് സർക്കാരിൽ നിന്നും അംഗീകാരവും ലഭ്യമാക്കിയിട്ടില്ല. ഈ നടപടി ക്രമവിരുദ്ധമാണ്. കൂടാതെ ടിയാന് ശമ്പള വർദ്ധനവ് നൽകുന്നതിനായി എൽ.ഡി. പ്രിന്റർ തസ്തികയിൽ മാറ്റി നിയമിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചതായി ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എൽ.ഡി. പ്രിന്റർ തസ്തികയുടെയും, പബ്ലിക്കേഷൻ അസിസ്റ്റന്റിന്റെയും യോഗ്യതകൾ വ്യത്യസ്തമായിരിക്കെ ഇത്തരത്തിൽ തസ്തികമാറ്റം അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. സർക്കാർ നിർദ്ദേശങ്ങൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി മാത്രം നിയമനങ്ങളും ശമ്പള നിർണ്ണയവും, തസ്തികമാറ്റവും അനുവദിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കേണ്ടതാണ്.

**40) <u>ബുക്ക് മാർക്കിൽ നിന്നും ഈടാക്കാനുള്ള ₹ 31,57,824/- ഈടാക്കിയില്ല</u>**

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ക്രഡിറ്റ് വ്യവസ്ഥയിൽ പുസ്തകങ്ങൾ വിറ്റ ഇനത്തിൽ 2015-16 സാമ്പത്തിക വർഷാവസാനം 29,61,199/- രൂപ ലഭിക്കാനുണ്ടായിരുന്നു. പ്രസ്തുത തുക ഈടാക്കാതെ 2016-17 ൽ 1,96,625/- രൂപയുടെ (16000+180625) പുസ്തകങ്ങൾ വീണ്ടും നൽകിയിട്ടുണ്ട്. ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും 2016-17 സാമ്പത്തിക വർഷം ലഭിക്കുവാനുള്ള ആകെ കുടിശ്ശിക തുകയായ 31,57,824/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം- 5

# കോഴിക്കോട് പ്രാദേശിക കേന്ദ്രം

## 41) ഗോഡൗൺ സ്റ്റോക്ക് വെരിഫിക്കേഷൻ- 74 പുസ്തകങ്ങൾ കുറവ്

കോഴിക്കോട് പ്രാദേശിക കേന്ദ്രം ഗോഡൗണിന്റെ 2016-17 സാമ്പത്തിക വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 5769 രൂപയുള്ള 74 പുസ്തകങ്ങൾ കുറവുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സിൽ നം. | പുസ്തകത്തിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് | കുറവ് വന്ന പുസ്തകങ്ങളുടെ എണ്ണം & തുക |
|---|---|---|---|---|---|
| 1. | 1076 | വ്യവസായ മാനേജ്മെന്റ് നൂതന പ്രവണതകൾ | 5 | 3 | 2 @ 15 = 30 |
| 2. | 1383 | സാഹിത്യപഞ്ചാനനന്റെ കൃതികൾ - 2 | 44 | 42 | 2 @ 32 = 64 |
| 3. | 2031 | കാൻസറും റേഡിയോതെറാപ്പിയും | 4 | 2 | 2 @ 55 = 110 |
| 4. | 2597 | കഥകളിയിലെ മനോധർമ്മങ്ങൾ | 99 | 98 | 1 @ 60 = 60 |
| 5. | 2623 | ഹൈസൻബർഗിന്റെ ലോകങ്ങൾ | 7 | 5 | 2 @ 60 = 120 |
| 6. | 2715 | എൻ.വി.കൃഷ്ണവാരിയർ | 53 | 52 | 1 @ 40 = 40 |
| 7. | 2854 | മാനസികാരോഗ്യവും വ്യക്തിത്വ വികസനവും | 13 | 9 | 4 @ 120 = 480 |
| 8. | 2897 | മഹാത്മജിയും മലയാളകവിതയും | 324 | 322 | 2 @ 50 = 100 |
| 9. | 2959 | ആഗോള ഭക്ഷ്യസുരക്ഷ | 178 | 177 | 1 @ 70 = 70 |
| 10. | 2974 | സുകുമാർ അഴീക്കോട് | 24 | 23 | 1 @ 40 = 40 |

| | | | | | |
|---|---|---|---|---|---|
| 11. | 3203 | വൃക്ഷായുർവ്വേദ ഗ്രന്ഥങ്ങൾ – ഒരു പഠനം ( 2-ാം പതിപ്പ്) | 17 | 15 | 2 @ 100 = 200 |
| 12. | 3233 | മൗലാനാ അബ്ദുൾ കലാം ആസാദ് | 6 | 3 | 3 @ 40 = 120 |
| 13. | 3235 | പഠിച്ചുതീരാത്ത പാഠങ്ങൾ | 91 | 90 | 1 @ 70 = 70 |
| 14. | 3255 | സ്ത്രീശാക്തീകരണ മാർഗനിർദ്ദേശങ്ങൾ | 82 | 72 | 10 @ 80 = 800 |
| 15. | 3262 | പരിസ്ഥിതിദർശനം മലയാള കവിതയിൽ | 32 | 31 | 1 @ 100 = 100 |
| 16. | 3330 | നാട്ടറിവുകളുടെ ഉള്ളറകളിലേക്ക് | 3 | 1 | 2 @ 80 = 160 |
| 17. | 3334 | വയലാർ രാമവർമ്മ | 44 | 42 | 2 @ 40 = 80 |
| 18. | 3458 | പ്രസവവും പ്രസവാനന്തരശുശ്രൂഷയും | 106 | 105 | 1 @ 90 = 90 |
| 19. | 3520 | മിന്നലും ഇടിയും | 15 | 14 | 1 @ 70 = 70 |
| 20. | 3528 | പോൾ എർദോസ് - ഐതിഹാസിക ഗണിത തീർഥാടകൻ | 22 | 21 | 1 @ 50 = 50 |
| 21. | 3580 | ഹൃദയത്തിലെ അൽഭുതങ്ങൾ | 10 | 9 | 1 @ 100 = 100 |
| 22. | 3585 | ഹൃദയം സംഗീതോപകരണമാണ് | 78 | 77 | 1 @ 50 = 50 |
| 23. | 3591 | ശ്രീ.ശാരദാദേവി | 32 | 31 | 1 @ 40 = 40 |
| 24. | 3627 | എസ്.കെ.പൊറ്റക്കാട് - യാത്ര, എഴുത്ത്, കാഴ്ച | 3 | 2 | 1 @ 90 = 90 |
| 25. | 3757 | സി.എച്ച്.മുഹമ്മദ്കോയ | 25 | 24 | 1 @ 40 = 40 |
| 26. | 3801 | ചിലമ്പ് - തെയ്യം ഉൽപത്തിയും ചരിത്രവും | 57 | 50 | 7 @ 70 = 490 |
| 27. | 3812 | മനനം | 111 | 110 | 1 @ 65 = 65 |
| 28. | 3826 | മന്നത്ത് പത്മനാഭൻ | 71 | 70 | 1 @ 100 = 100 |
| 29. | 3843 | ശ്രീമദ്ഭഗവത്ഗീത ശിവാരവിന്ദം മഹാഭാഷ്യം ( 7-ാം പതിപ്പ്) | 114 | 113 | 1 @ 450 = 450 |
| 30. | 3851 | വൈദ്യരത്നം പി.എസ്.വാരിയർ | 9 | 7 | 2 @ 80 = 160 |

| | | | | | |
|---|---|---|---|---|---|
| 31. | 3859 | ചങ്ങമ്പുഴ കൃഷ്ണപിള്ള | 3 | 2 | 1 @ 40 = 40 |
| 32. | 3901 | വംശീയതയും രാഷ്ട്രീയവും | 81 | 80 | 1 @ 60 = 60 |
| 33. | 4019 | പ്രഭാഷണകല | 4 | 0 | 4 @ 80 = 320 |
| 34. | 4021 | യുവകവിക്കുള്ള കത്തുകൾ | 160 | 159 | 1 @ 125 = 125 |
| 35. | 4082 | കേരളത്തിന്റെ ആദിവാസി സംസ്കാരം | 1 | 0 | 1 @ 180 = 180 |
| 36. | 10046 | ഡോ.അംബേദ്കർ സമ്പൂർണകൃതികൾ Vol.VI | 66 | 65 | 1 @ 85 = 85 |
| 37. | 10013 | ഡോ.അംബേദ്കർ സമ്പൂർണകൃതികൾ Vol.XIII | 42 | 41 | 1 @ 30 = 30 |
| 38. | 10029 | ഡോ.അംബേദ്കർ സമ്പൂർണകൃതികൾ Vol.XXIX | 80 | 79 | 1 @ 40 = 40 |
| 39. | 15038 | ദൃശ്യവിസ്മയലോകം | 58 | 57 | 1 @ 70 = 70 |
| 40. | 3074 | എഴുത്തിന്റെ ചന്ദ്രകാന്തം | 160 | 159 | 1 @ 100 = 100 |
| 41 | 4192 | കേരളീയ നവോത്ഥാനം വിമർശനവും വിചിന്തനവും | 11 | 9 | 2 @ 90 = 180 |
| **74 പുസ്തകങ്ങൾ 5769/- രൂപ** | | | | | |

സ്റ്റോക്ക് വെരിഫിക്കേഷനിൽ കുറവുണ്ടായ 74 പുസ്തകങ്ങളുടെ വിലയായ 5769/- രൂപ ഗോഡൗൺ കീപ്പറിൽ നിന്നും ഈടാക്കേണ്ടതും ആയതിനനുസൃതമായ സ്റ്റോക്കിലെ വ്യത്യാസം ഓൺലൈൻ സ്റ്റോക്കിൽ ക്രമീകരിക്കേണ്ടതുമാണ്.

### 42) <u>കോഴിക്കോട് പുസ്തക വിൽപ്പനശാല സ്റ്റോക്ക് വെരിഫിക്കേഷൻ – 32 പുസ്തകങ്ങൾ കുറവ്</u>

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന കോഴിക്കോട് പുസ്തകവിൽപ്പനശാലയിലെ 2016-17 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 2622/- രൂപയുള്ള 32 പുസ്തകങ്ങൾ സ്റ്റോക്കിൽ കുറവുണ്ട്. ആയതു സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സിൽ നം. | പുസ്തകത്തിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് | സ്റ്റോക്ക് വെരിഫിക്കേഷൻ പ്രകാരം നീക്കിയിരിപ്പ് | കുറവു വന്ന പുസ്തകങ്ങളുടെ എണ്ണം & തുക |
|---|---|---|---|---|---|
| 1. | 1407 | ക്യാബിനറ്റ് ഗവൺമെന്റ് | 1 | 0 | 1 @ 72 = 72 |
| 2. | 1612 | കാട്ടുതീ | 2 | 1 | 1 @ 35 = 35 |
| 3. | 1717 | ഇൻഡ്യൻ സമ്പദ് വ്യവസ്ഥയുടെ പരിണാമം | 9 | 8 | 1 @ 125 = 125 |
| 4. | 2613 | മലയാള നാടകം - താജ്‌വഴി | 1 | 0 | 1 @ 160 = 160 |
| 5. | 3061 | വാക്കിന്റെ രാഷ്ട്രീയം | 1 | 70 | 1 @ 70 = 70 |
| 6. | 3685 | ഗണിതത്തിലെ വിനോദങ്ങൾ | 31 | 28 | 3 @ 50 =150 |
| 7. | 3689 | ആധുനിക ജ്യാമിതികൾ | 30 | 29 | 1 @ 130 =130 |
| 8. | 3722 | വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ | 30 | 29 | 1 @ 80=80 |
| 9. | 3730 | മലയാള വൃത്തപഠനം | 25 | 24 | 1 @ 100=100 |
| 10. | 3743 | മഹാകവിമോയിൻകുട്ടി വൈദ്യർ | 21 | 18 | 3 @ 40=120 |
| 11. | 3752 | ടൂറിസം ബിസിനസ് ഹോംസ്റ്റേ സർവ്വീസ്ഡ് വില്ല (2-ാം പതിപ്പ്) | 33 | 32 | 1 @ 80=80 |
| 12. | 3767 | ഇൻഡ്യാ ചരിത്രം പ്രാചീനകാലം | 12 | 11 | 1 @ 70=70 |
| 13. | 3771 | കലകളും വിദ്യാഭ്യാസവും | 37 | 36 | 1 @ 80=80 |
| 14. | 3801 | ചിലമ്പ് - തെയ്യം ഉൽപ്പത്തിയും ചരിത്രവും | 30 | 29 | 1 @70 =70 |
| 15. | 3803 | ആനന്ദരഹസ്യം | 32 | 31 | 1 @ 70 =70 |
| 16. | 3810 | കവിത തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ | 47 | 46 | 1 @ 130 =1 30 |
| 17. | 3847 | വേലുത്തമ്പിദളവ | 38 | 37 | 1 @ 40 = 40 |
| 18. | 3850 | കെ.കരുണാകരൻ | 37 | 36 | 1 @ 40 =40 |
| 19. | 3904 | കലവറ കീടരോഗങ്ങളും പഴം പച്ചക്കറികളുടെ വിളവെടുപ്പനന്തര സൂക്ഷിപ്പ് | 30 | 29 | 1 @ 60 =40 |
| 20. | 3954 | കടത്തനാട് മാധവിയമ്മ | 46 | 45 | 1 @ 40 =40 |

| | | | | | |
|---|---|---|---|---|---|
| 21. | 3965 | വി.പി.സത്യൻ | 32 | 31 | 1 @ 40 =40 |
| 22. | 3980 | പ്രപഞ്ചക്കാഴ്ചകൾ | 38 | 37 | 1 @ 70 =70 |
| 23. | 4069 | നരേന്ദ്രപ്രസാദ് ഒരു സംഗ്രഹപാഠം | 17 | 16 | 1 @ 150 =150 |
| 24. | 4164 | ഡോ.അംബേദ്കറുടെ തെരഞ്ഞെടുത്ത കൃതികൾ | 26 | 25 | 1 @ 275 =275 |
| 25. | 10046 | ഡോ.അംബേദ്കർ സമ്പൂർണകൃതികൾ Vol.VI | 3 | 2 | 1 @ 85 =85 |
| 26. | 10055 | ഡോ.അംബേദ്കർ സമ്പൂർണകൃതികൾ Vol.XV | 5 | 3 | 2 @ 125 =125 |
| 27. | 16026 | ഫാദർ ഡാമിയൻ | 4 | 3 | 1 @ 30 =30 |
| | | | **32 പുസ്തകങ്ങൾ 2622/- രൂപ** | | |

സ്റ്റോക്കിൽ കുറവുവന്ന 32 പുസ്തകങ്ങളുടെ വിലയായ 2622/- രൂപ ഷോപ്പ് കീപ്പറിൽ നിന്നും ഈടാക്കുന്നതിനും ഓൺലൈൻ സ്റ്റോക്കിൽ തദനുസൃതമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 43) <u>പുസ്തകപ്രദർശനത്തിനിടയിൽ പുസ്തകങ്ങൾ നഷ്ടപ്പെട്ടു- ₹ 45,997/- നഷ്ടം</u>

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2016-17 വർഷത്തിൽ 13 പുസ്തകപ്രദർശനങ്ങൾ സംഘടിപ്പിച്ചു. പുസ്തകപ്രദർശനത്തിൽ ആകെ 653 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങളുടെ ആകെ മുഖവിലയായ 45,997/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. പ്രസ്തുത നഷ്ടം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പുസ്തകപ്രദർശന ത്തിന്റെ പേര്/തീയതി | വില്പനസ്റ്റേറ്റ് മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ മുഖവില / എണ്ണം | കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ മുഖവില/ എണ്ണം | കുറവ് വന്ന പുസ്തകങ്ങ ളുടെ എണ്ണം | കുറവ് വന്ന പുസ്തകങ്ങ ളുടെ വില | പുസ്തകപ്രദർശനത്തി ൽ പങ്കെടുത്ത ഉദ്യോഗസ്ഥർ |
|---|---|---|---|---|---|---|
| 1. | വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ 04.03.2017 - 06.03.2017 | 104230/732 | 98685/674 | 58 | 5545 | ശ്രീ. വി.സി.ജിനോഷ് ശ്രീ. എൻ.മനോജ് കുമാർ |

| | | | | | | |
|---|---|---|---|---|---|---|
| 2. | തുഞ്ചൻ ഉത്സവം 28.01.2017 - 31.01.2017 | 47305/349 | 45155/328 | 21 | 2150 | ശ്രീ. അനീഷ്.എൻ<br>ശ്രീ. മനോജ് കുമാർ |
| 3. | കണ്ണൂർ മഹാത്മ മന്ദിരം ഹാൾ | 303175/2759 | 274540/2289 | 470 | 28635 | ശ്രീ. കെ.പി.അജേഷ്<br>ശ്രീ. എൻ.മനോജ് കുമാർ<br>ശ്രീ. വി.സി.ജിനോഷ് |
| 4. | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല സാഹിതി സാഹിത്യോത്സവം 21.02.2017 - 23.02.2017 | 62151/397 | 61017/383 | 14 | 1134 | ശ്രീ. കെ.പി.അജേഷ്<br>ശ്രീ. പി.മുഹമ്മദ് ഇസ്ഹാഖ് |
| 5. | കണ്ണൂർ ലൈബ്രറി കൗൺസിൽ 16.03.2016 - 22.03.2017 | 531970/3926 | 530805/3905 | 21 | 1165 | ശ്രീ.ഷിബിത്ത് വി.ബി<br>ശ്രീ.ജിനോഷ് വി.സി<br>ശ്രീ. മനോജ് കുമാർ .എൻ<br>ശ്രീ. അജേഷ് കെ.പി<br>ശ്രീ. അനീഷ്.വി |
| 6. | കോഴിക്കോട് പോലീസ് ക്ലബ് 05.02.2017 - 10.02.2017 | 252767/1838 | 245399/1769 | 69 | 7368 | ശ്രീ. പി.അനീഷ്<br>ശ്രീ. കെ.പി.അജേഷ്<br>ശ്രീ. എൻ.മനോജ് കുമാർ<br>ശ്രീമതി. എം.നെഹബത്ത് |
| **ആകെ** | | | | **653** | **45,997/-** | |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് പുസ്തകങ്ങളുടെ വില ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാ ണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 44) പുസ്തകപ്രദർശനങ്ങളിൽ നിന്ന് ലഭിക്കുന്ന തുക ഒടുക്കിയതിൽ കുറവ്

2016-17 വർഷത്തിൽ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ പുസ്തകപ്രദർശനങ്ങളിൽ നിന്ന് ലഭിച്ച തുക യഥാസമയം ഒടുക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. ഏതാനും പ്രദർശനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പുസ്തകപ്രദർശനത്തിന്റെ പേര് / തീയതി | വിൽപ്പനത്തുക | അടച്ച തുക | കുറവ് | വിൽപ്പനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1. | സംസ്ഥാന ചലച്ചിത്ര അവാർഡ്, പാലക്കാട് 12.10.2016 മുതൽ 15.10.2016 വരെ | 23942 | 23492 | 450 | ശ്രീ.അനീഷ് വി ശ്രീ.അജേഷ് കെ.പി |
| 2. | തൃശ്ശൂർ സാഹിത്യ അക്കാദമി പുസ്തകോത്സവം 03.10.2016 മുതൽ 08.10.2016 വരെ | 297400 | 294045 | 3355 | ശ്രീ.അനീഷ് വി ശ്രീ.അജേഷ് കെ.പി ശ്രീ.എൻ.മനോജ് കുമാർ |
| | **ആകെ** | | | **3805/- രൂപ** | |

ഈ വിഷയം ആസ്പദമാക്കി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9 ന് ലഭിച്ച മറുപടിയിൽ നഷ്ടത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണെന്ന് അസി.ഡയറക്ടർ അറിയിച്ചു. തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 45) പ്രാദേശിക കേന്ദ്രം ഗോഡൗൺ – പുസ്തകങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ല

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പുസ്തക ഗോഡൗണിന്റെ വിസ്തീർണം 800 സ്ക്വയർഫീറ്റ് മാത്രമാണ്. പ്രസ്തുത ഗോഡൗണിൽ ഉൾക്കൊള്ളാവുന്ന അത്രയും റാക്കുകൾ ക്രമീകരിച്ച് പുസ്തകങ്ങൾ അടുക്കിയിട്ടുണ്ട്. കൂടാതെ ഗോഡൗണിനുള്ളിൽ പ്രവേശിക്കാൻ കഴിയാത്ത തരത്തിൽ പുസ്തകങ്ങൾ തറയിൽ കൂട്ടിയിട്ടിരിക്കുന്നതായാണ് ഓഡിറ്റ് പരിശോധന വേളയിൽ ബോധ്യപ്പെട്ടത്. പുസ്തകോത്സവം കഴിഞ്ഞ് തിരികെ കൊണ്ടുവരുന്ന പുസ്തകങ്ങൾ സ്റ്റോക്ക് പരിശോധിച്ച് മാറ്റി വയ്ക്കുന്നതിനുള്ള സ്ഥലം പോലും ഗോഡൗണിൽ ഇല്ല.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ പ്രിന്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് 200 കോപ്പികൾ വീതം പ്രാദേശിക കേന്ദ്രത്തിന് നൽകാറുണ്ട്. ഏറ്റവും ഒടുവിലായി പ്രിന്റ് ചെയ്ത പുസ്തകങ്ങളാണ് തറയിൽ കൂട്ടിയിട്ടിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷം തറയിൽ കൂട്ടിയിട്ടിരുന്ന 71,550/- രൂപയുടെ പുസ്തകങ്ങൾ

ചിതൽ മൂലം നശിച്ചിരുന്നു. തുടർന്നും ചിതൽ ശല്യം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ചിതൽ ശല്യം ഉണ്ടായാൽ ഏറ്റവും പുതിയ പുസ്തകങ്ങളായിരിക്കും ആദ്യം നശിക്കുന്നത്. 2016-17 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രാദേശിക കേന്ദ്രത്തിൽ നിന്നും ആസ്ഥാന ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യം പരിഗണിച്ചാൽ പുസ്തകങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്നത് സാധ്യമല്ല. ആയതിനാൽ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ കൃത്യത എത്രമാത്രമാണെന്ന് പരിശോധിക്കേണ്ടി യിരിക്കുന്നു. പുസ്തകങ്ങൾ റാക്കുകളിൽ ക്രമീകരിച്ച് സൂക്ഷിക്കുന്നതിന് വിസ്തീർണം കൂടിയ വിശാലമായ റൂം ആവശ്യമാണ്. ആയതിനാൽ ഗോഡൗണിന് പര്യാപ്തമായ കെട്ടിടം കണ്ടെത്തി പുസ്തകങ്ങൾ ശരിയായ രീതിയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**46) <u>ഓൺലൈൻ സ്റ്റോക്കും സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല</u>**

കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ പുസ്തകശാലയിൽ സ്റ്റോക്ക് രജിസ്റ്ററും, ഓൺലൈൻ സ്റ്റോക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 09.08.2017 ലെ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സിൽ നം. | പുസ്തകത്തിന്റെ പേര് | ഓൺലൈൻ പ്രകാരമുള്ള സ്റ്റോക്ക് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്ക് | വ്യത്യാസം |
|---|---|---|---|---|
| 3667 | അറബികളുടെ ചരിത്രം | 57 | 25 | 22 |
| 3668 | ഹരിതരാഷ്ട്രീയത്തിന്റെ വർണക്കാഴ്ചകൾ | 33 | 32 | 1 |
| 3669 | അഴകത്ത് പത്മനാഭക്കുറുപ്പ് | 46 | 45 | 1 |
| 3676 | വ്യാകരണ പ്രവേശിക | 26 | 25 | 1 |
| 3739 | കേരള ചരിത്രവും സമൂഹ രൂപീകരണവും | 6 | 4 | 2 |
| 3828 | ശ്രീ.വിദ്യാദിരാജചട്ടമ്പി സ്വാമികൾ | 15 | 14 | 1 |
| 3843 | ഭഗവത്ഗീത | 31 | 42 | -11 |
| 3844 | മലബാർ കുടിയേറ്റം | 75 | 54 | 21 |

| | | | | |
|---|---|---|---|---|
| 3876 | പുതുകവിതയിലെ ബഹുരൂപി | 40 | 39 | 1 |
| 3973 | നിശബ്ദവസന്തത്തിന്റെ ഇടിമുഴക്കം | 28 | 20 | 8 |

പുസ്തകവിൽപ്പന ഓൺലൈൻ വഴി ആരംഭിച്ചപ്പോൾ പുസ്തകശാലയിലെ സ്റ്റോക്ക് ഓൺലൈനായി എന്റർ ചെയ്തതിൽ ഉണ്ടായ പിഴവുകളാണ് ഇതിനു കാരണമെന്നാണ് പുസ്തകശാലയിൽ നിന്നും ലഭ്യമായ വിശദീകരണം. സ്റ്റോക്കിലെ പ്രസ്തുത പിഴവുകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പ്രാദേശിക കേന്ദ്രത്തിൽ നിന്നും ആസ്ഥാന കാര്യാലയത്തിലേക്ക് കത്ത് നൽകിയെങ്കിലും ആയത് പരിഹരിക്കു ന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പുസ്തകങ്ങളുടെ ഭൗതിക പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള പുസ്തകങ്ങളാണ് സ്റ്റോക്കിൽ അവശേഷിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രസീത്, ഓൺലൈൻ സ്റ്റോക്ക് ഇവ പ്രാദേശിക കേന്ദ്രം അസി.ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിൽപ്പന വിഭാഗം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സ്റ്റോക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും യഥാർത്ഥ സ്റ്റോക്കും ഓൺലൈൻ സ്റ്റോക്കും പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 47) <u>സൗജന്യപുസ്തകവിതരണം - രജിസ്റ്ററുകൾ / രേഖകൾ പരിപാലിക്കുന്നില്ല</u>

2016-17 സാമ്പത്തിക വർഷം പുസ്തകങ്ങളുടെ സൗജന്യ കോപ്പി കോഴിക്കോട് പുസ്തകശാലയിൽ നിന്നും നൽകിയിട്ടുണ്ട്. പുസ്തക പ്രകാശനവുമായി ബന്ധപ്പെട്ട പ്രോഗ്രാമുകളിലും എഡിറ്റർമാർ, എഴുത്തുകാർ, അസി.ഡയറക്ടർ തുടങ്ങിയവർക്കുമാണ് പുസ്തകങ്ങൾ നൽകിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ പൂർണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ പുസ്തകങ്ങൾ സൗജന്യമായി നൽകാവൂ. എന്നാൽ പ്രസ്തുത ശുപാർശ ഫോം എഴുതി സൂക്ഷിച്ചിട്ടില്ല. എഡിറ്റർമാർ, എഴുത്തുകാർ എന്നിവർക്ക് നൽകിയ പുസ്തകങ്ങളുടെ ശുപാർശഫോം ഓഡിറ്റിനു ഹാജരാക്കി. എന്നാൽ പുസ്തകപ്രകാശനവുമായി ബന്ധപ്പെട്ട പ്രോഗ്രാമുകൾക്ക് നൽകിയ പുസ്തകങ്ങളെ

സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല. 2017 ജനുവരി മുതൽ 2017 മാർച്ച് വരെയായി 01/17 മുതൽ 15/17 വരെയുള്ള ബില്ലുകൾ കോംപ്ലിമെന്ററി കോപ്പിക്കായി ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ 03/17 മുതൽ 08/17 വരെയുള്ള ബില്ലുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. പ്രസ്തുത ബില്ലുകൾ പ്രകാരമുള്ള പുസ്തകവിതരണ ത്തിന്റെ വിവരങ്ങളും ലഭ്യമല്ല.

കൂടാതെ പുസ്തകങ്ങൾ കൈപ്പറ്റിയതു സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള ബില്ലുകൾ പ്രകാരമുള്ള പുസ്തകങ്ങൾ കൈപ്പറ്റിയതു സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

സൗജന്യ പുസ്തകവിതരണം സംബന്ധിച്ച രജിസ്റ്റർ, ബില്ലുകൾ, ശുപാർശഫോം എന്നിവ ശരിയായി പരിപാലിക്കുന്നതിനും മാനദണ്ഡങ്ങൾ പാലിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും അസിസ്റ്റന്റ് ഡയറക്ടർ ശ്രദ്ധിക്കേണ്ടതാണ്.

**48) <u>കോഴിക്കോട് പ്രാദേശിക കേന്ദ്രം - പുസ്തക പ്രദർശനത്തിലെ അപാകതകൾ</u>**

2016-17 സാമ്പത്തിക വർഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 13 പുസ്തകമേളകളാണ് സംഘടിപ്പിച്ചത്. ഈ പ്രദർശനവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പുസ്തക പ്രദർശന ശേഷം ഗോഡൗണിൽ തിരികെ ഏൽപിക്കുന്ന പുസ്തകങ്ങളുടെ എണ്ണവും വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം തിരികെ നൽകിയിട്ടുള്ളവയുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ പുസ്തകോത്സവം - കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകം -6, ഗോഡൗൺ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകം -10, 4 പുസ്തകങ്ങളുടെ വിലയായ 400/- രൂപ കുറവായി ഒടുക്കി.

2) പുസ്തക പ്രദർശനങ്ങളിൽ നിന്ന് ലഭിക്കുന്ന തുക ഒടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടില്ല. ഏതാനും പ്രദർശനങ്ങളിലെ തുക കൂടുതലായും മറ്റു ചിലതിലേത് കുറവായുമാണ് ഒടുക്കിയിട്ടുള്ളത്.

3) ഈ പ്രദർശനങ്ങളിൽ നിന്നും ലഭിക്കുന്ന ദൈനംദിന കളക്ഷൻ തുക പ്രാദേശിക

കേന്ദ്രത്തിൽ ഒടുക്കിയതിന്റെ രസീത് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

4) ഗോഡൗണിൽ നിന്ന് വിൽപ്പനക്കായി കൈപ്പറ്റി വിൽപ്പന നടത്തിയിട്ടുള്ള വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ പുസ്തകങ്ങളുടെ മുഖവിലയും വിറ്റ പുസ്തകങ്ങളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുഖവിലയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ മുഖവിലയേക്കാൾ കൂടുതൽ തുകക്കാണ് കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പ്രകാരം പുസ്തകങ്ങൾ വിറ്റിരിക്കുന്നത്.

ഉദാ:- ദേശാഭിമാനി പുസ്തകോത്സവം. വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ വില 6,455/- രൂപ. കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് പ്രകാരം വിറ്റ പുസ്തകങ്ങളുടെ മുഖവില 7695/- രൂപ പുസ്തകപ്രദർശനത്തോടനുബന്ധിച്ച് ഉണ്ടായിട്ടുള്ള മേൽ അപാകതകൾക്ക് കാരണം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്ന് ഓഡിറ്റ്

വിലയിരുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നടപടി പുസ്തക പ്രദർശനം നടത്തുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് സ്വീകരിക്കേണ്ടതാണ്.

## 49) <u>വിജ്ഞാനകൈരളി വിൽപ്പനയിൽ കുറവ്</u>

2016-17 കാലയളവിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാന കൈരളി മാസികയുടെ 499 പ്രതികളാണ് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന് തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നിന്ന് നൽകിയിട്ടുള്ളത്. ഇതിൽ 354 പതിപ്പുകൾ വിൽപ്പന നടത്തുകയും ബാക്കി 87 പതിപ്പുകൾ വിൽപ്പന നടത്താതെ അവശേഷിച്ചിട്ടുമുണ്ട്. പുസ്തകപ്രദർശനവേളയിൽ വിജ്ഞാന കൈരളി മാസിക കൂടി വില്പനയ്ക്കായി വയ്ക്കേണ്ടതും കൂടുതൽ വരിക്കാരെ ചേർക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 50) <u>ഭൗതിക പരിശോധന- പുസ്തകങ്ങളുടെ സ്റ്റോക്കിൽ കുറവ്</u>

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ ഷോറൂമിന്റെ 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയ ചില പുസ്തകങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പുസ്തകത്തിന്റെ പേര്/ സിൽ നം | സോഫ്റ്റ്‌വെയർ സ്റ്റോക്ക് പ്രകാരം പുസ്തകങ്ങളുടെ എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പുസ്തകങ്ങളുടെ എണ്ണം | ഭൗതിക പരിശോധനയിൽ കണ്ടെത്തിയ പുസ്തകങ്ങളുടെ എണ്ണം | കുറവ് എണ്ണം | വില |
|---|---|---|---|---|---|---|
| 1. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 1-ാം വാല്യം സിൽ നം -3564 | 6 | 6 | 5 | 1 | 1000/- |
| 2. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 2-ാം വാല്യം സിൽ നം -3613 | 2 | 2 | 1 | 1 | 1000/- |
| 3. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 3-ാം വാല്യം സിൽ നം -3673 | 5 | 5 | 4 | 1 | 800/- |
| 4. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 4-ാം വാല്യം സിൽ നം -3755 | 1 | 1 | 0 | 1 | 800/- |
| 5. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 5-ാം വാല്യം സിൽ നം -3794 | 9 | 9 | 8 | 1 | 800/- |
| 6. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 6-ാം വാല്യം സിൽ നം -3867 | 9 | 9 | 8 | 1 | 1000/- |
| 7. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 7-ാം വാല്യം സിൽ നം -4009 | 9 | 9 | 8 | 1 | 800/- |
| 8. | ഋഗ്വേദം ഗുരുദക്ഷിണ ഭാഷ്യം 8-ാം വാല്യം സിൽ നം -4028 | 9 | 9 | 8 | 1 | 1000/- |

| | | | | | | |
|---|---|---|---|---|---|---|
| 9. | സാംസ്കാരിക വിമർശവും മലയാള ഭാവനയും<br>സിൽ നം- 3336 | 9 | 9 | 6 | 3 | 1200/-<br>(@ Rs.400) |
| | **ആകെ** | | | | | **₹ 8400/-** |

സ്റ്റോക്കിൽ കുറവ് വന്ന മേൽകാണിച്ചിട്ടുള്ള പുസ്തകങ്ങൾ ഷോറൂമിലോ അതോടനുബന്ധിച്ചുള്ള ഗോഡൗണിലോ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1 തീയതി 26.09.2017 ന് മറുപടി ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിരുന്നില്ല. ആയത് ഓഡിറ്റിന് ശേഷം 03.10.2017 ൽ ഈ ഓഫീസിലേയ്ക്ക് ഇ-മെയിൽ മുഖേനയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഭൗതിക പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾക്ക് പിന്നീട് നൽകുന്ന വിശദീകരണങ്ങൾ അപ്രസക്തമാണ്. എന്നിരുന്നാലും പ്രസ്തുത മറുപടിയിലും ടി പുസ്തകങ്ങൾ കുറവു തന്നെയാണെന്ന് അംഗീകരിച്ചിട്ടുണ്ട്.

മേൽ കാണിച്ചിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ടി പുസ്തകങ്ങൾ റഫറൻസ് ആവശ്യത്തിന് സംസ്കൃത സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിലെ മലയാള വിഭാഗത്തിന് നൽകിയിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. കണ്ണൂർ പുസ്തകശാലയിലെ പുസ്തകങ്ങൾ വിൽപ്പനയ്ക്കാണ് വച്ചിട്ടുള്ളത്. അതല്ലാത്തവയ്ക്ക് നൽകണമെങ്കിൽ തന്നെ മേലാഫീസിൽ നിന്ന് പ്രത്യേക അനുമതി നേടണമായിരുന്നു. ഇപ്രകാരം പുസ്തകങ്ങൾ നൽകുമ്പോൾ തന്നെ കൈപ്പറ്റ് രസീതും വാങ്ങി ആയത് ബന്ധപ്പെട്ട സ്റ്റോക്കിലും കുറവ് വരുത്തേണ്ടതായിരുന്നു. ഇത്തരം നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല, ടി പുസ്തതകങ്ങൾ സംസ്കൃത സർവ്വകലാശാലയ്ക്ക് നലകിയതാണെന്ന വിവരവും മറുപടിയിലില്ല. പുസ്തകങ്ങൾ കൈപ്പറ്റിയതിന്റെ ഔദ്യോഗിക രേഖകൾ പിന്നീട് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാ ണെന്നാണ് മറുപടിയിലുള്ളത്. ഇപ്രകാരം പരിഗണനാർഹമല്ലാത്ത മറുപടി അംഗീകരിക്കാൻ നിർവ്വാഹമല്ലാത്ത സാഹചര്യത്തിൽ സ്റ്റോക്കിൽ കുറവ് വന്ന പുസ്തകങ്ങളുടെ വില 8,400/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 51) കണ്ണൂർ പുസ്തകശാല- 4,630/- രൂപയുടെ പുസ്തകങ്ങൾ കുറവ്

കണ്ണൂർ പുസ്തകശാലയിലെ 2016-17 വർഷത്തെ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 4,630/- രൂപയുടെ 51 പുസ്തകങ്ങൾ കുറവുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സിൽ നം | പുസ്തകത്തിന്റെ പേര് | രജിസ്റ്റർ പ്രകാരം സ്റ്റോക്ക് | വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം സ്റ്റോക്ക് | വ്യത്യാസം & തുക |
|---|---|---|---|---|
| 2027 | വ്യാകരണമിത്രം | 7 | 6 | 1@150 =150 |
| 2220 | മുസ്ലീംഭരണം സ്പെയിനിലും സിസിലിയിലും | 1 | 0 | 1@100 =100 |
| 2326 | കാർഷിക വിജ്ഞാനം I (2) | 1 | 0 | 1@75 =75 |
| 2327 | വന്യജീവി നിരീക്ഷണങ്ങൾ (5) | 2 | 1 | 1@30 =30 |
| 2451 | ദക്ഷിണേന്ത്യൻ സംഗീതം II | 1 | 0 | 1@200 =200 |
| 2578 | പൈതൃക സംരക്ഷണം | 13 | 12 | 1@65 =65 |
| 2583 | ചരിത്രം | 23 | 22 | 1@70=70 |
| 2701 | വാക്യദർശനം മലയാളത്തിന്റെ വിവരണാത്മക വ്യാകരണം | 23 | 22 | 1@70 =70 |
| 2740 | മനുഷ്യാവകാശ സംരക്ഷണം | 2 | 1 | 1@150 =150 |
| 2814 | തളിരുകൾ 1-ാം ഭാഗം | 2 | 0 | 2@130=260 |
| 2864 | ശസ്ത്രക്രിയാശാസ്ത്രം സാധാരണക്കാർക്ക് | 21 | 19 | 2@120=240 |
| 2905 | ലോകചരിത്രം II | 2 | 0 | 2@150=300 |
| 3029 | വിവർത്തനം | 44 | 38 | 6@110=660 |
| 3047 | ഭരണശബ്ദാവലി | 4 | 0 | 4@100 =400 |
| 3233 | മൗലാനാ അബ്ദുൾകലാം ആസാദ് | 82 | 72 | 10@40=400 |
| 3491 | കേരളത്തിലെ ദേശീയോദ്യാനങ്ങൾ | 3 | 0 | 3@80=240 |

| | | | | |
|---|---|---|---|---|
| 4112 | ശങ്കരാചാര്യർ | 1 | 0 | 1@40=40 |
| 4218 | ടി. പദ്മനാഭൻ കുട്ടികളുടെ കഥാകാരൻ | 32 | 28 | 4@70=280 |
| 10046 | ഡോ. അംബേദ്കർ സമ്പൂർണ കൃതികൾ Vol VII | 20 | 19 | 1@85=85 |
| 10047 | ഡോ. അംബേദ്കർ സമ്പൂർണ കൃതികൾ Vol VII | 3 | 2 | 1@105=105 |
| 10048 | ഡോ. അംബേദ്കർ സമ്പൂർണ കൃതികൾ Vol VIII | 2 | 0 | 2@115=230 |
| 10056 | ഡോ. അംബേദ്കർ സമ്പൂർണ കൃതികൾ Vol XVI | 5 | 4 | 1@105=105 |
| 10077 | ഡോ. അംബേദ്കർ സമ്പൂർണകൃതികൾ ലൈബ്രറി എഡിഷൻ Vol XXXVII | 11 | 9 | 2@125=250 |
| 10080 | ഡോ. അംബേദ്കർ സമ്പൂർണകൃതികൾ ലൈബ്രറി എഡിഷൻ Vol XXXX | 11 | 10 | 1@125=125 |
| **ആകെ 51 പുസ്തകങ്ങൾ** | | | | **4630/- രൂപ** |

സ്റ്റോക്കിൽ കുറവ് വന്ന പുസ്തകങ്ങളുടെ വിലയായ 4,630/- രൂപ ഷോപ്പ് മാനേജരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 52) കണ്ണൂർ പുസ്തക വിൽപ്പനകേന്ദ്രം - ദിവസ വിൽപ്പനയിൽ ഗണ്യമായ കുറവ്

2016-17 സാമ്പത്തിക വർഷത്തിലെ മെയ്, ജൂലൈ, സെപ്റ്റംബർ, ഒക്ടോബർ, ജനവരി മാസങ്ങളിലെ ദിവസേനയുള്ള വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ അർഹമായ പരിഗണന നൽകി ഭാവിയിൽ വിൽപ്പന വർദ്ധിപ്പിക്കാനുള്ള സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മാസങ്ങളിൽ ഒരു പുസ്തകം പോലും വിൽക്കാൻ കഴിയാത്ത ദിനങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്ന് ഓഡിറ്റിൽ ബോദ്ധ്യമാ യിട്ടുണ്ട്. പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്ന തരത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചും കൂടുതൽ പ്രാദേശിക മേളകളിൽ പങ്കെടുത്തും പുസ്തക വിൽപ്പന വർദ്ധിപ്പിക്കാനുള്ള

നടപടികൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്ത് നിന്നുണ്ടാവേണ്ടതാണ്.

## 53) വിൽപ്പനയോഗ്യമല്ലാത്ത പുസ്തകങ്ങൾ

എറണാകുളം പുസ്തക വിൽപ്പനശാലയിൽ താഴെപ്പറയുന്ന സിൽ നമ്പരുകളിലുള്ള ഓരോ പുസ്തകങ്ങൾ വിവിധ കാരണങ്ങളാൽ വിൽപ്പന യോഗ്യമല്ലാതായിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സിൽ നം | പുസ്തകത്തിന്റെ പേര് | വിൽപ്പന യോഗ്യമല്ലാത്തതിനുള്ള കാരണം |
|---|---|---|---|
| 1 | 3440 | "എന്താണ് രസതന്ത്രം" | 10,11,14,15,18,19,22,23 എന്നീ പേജുകളിൽ പ്രിന്റ് പതിഞ്ഞിട്ടില്ല |
| 2 | 1526 | "പുതിയ കൃതി പഴയ പൊരുൾ" | 33 മുതൽ 48 വരെയുള്ള പേജുകൾ ബൈന്റിംഗിൽ വന്ന അപാകത കാരണം തലകീഴായിട്ടാണ് കാണുന്നത്. |
| 3 | 3061 | "വാക്കിന്റെ രാഷ്ട്രീയം" | പേജ് നം. 17 മുതൽ 32 വരെ ക്രമം തെറ്റിയാണ് ബൈന്റ് ചെയ്തിരിക്കുന്നത്. |

മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകതകൾ കടന്നുകൂടാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 54) കോഴിക്കോട് പ്രാദേശിക കേന്ദ്രം- സാമ്പത്തികനില

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും യഥാസമയം ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത കണക്കുകളില്ലാതെയാണ് കോഴിക്കോട് പ്രാദേശിക കേന്ദ്രം ഓഡിറ്റ് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രാദേശിക കേന്ദ്രത്തിലേയ്ക്ക് മാത്രമായി പ്രത്യേക സാമ്പത്തികനില തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പും പരിശോധിച്ച് പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ</u>**

| | | |
|---|---|---|
| കയ്യിരിപ്പ് പണം | - | 201.00 |
| ട്രഷറി | - | 52691.00 |
| എസ്.ബി.റ്റി | - | 857772.20 |
| **ആകെ നീക്കിയിരിപ്പ്** | **-** | **910664.20** |
| | | ======== |

**<u>പാസ് ബുക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ</u>**

| | | |
|---|---|---|
| കയ്യിരിപ്പ് പണം | - | 201.00 |
| ട്രഷറി | - | 119597.00 |
| എസ്.ബി.റ്റി | - | 868394.20 |
| **ആകെ നീക്കിയിരിപ്പ്** | **-** | **988192.20** |

1) **<u>കുറയ്ക്കുക; പണമാകാത്ത ചെക്കുകൾ</u>**

| **ചെക്ക് നമ്പർ/ തീയതി** | - | **തുക** | |
|---|---|---|---|
| 626546/ 06.06.2008 | - | 2135.00 | |
| 621294/ 21.03.2009 | - | 3147.00 | |
| 2439213/ 31.03.2015 | - | 3000.00 | |
| 2439292/ 19.08.2016 | - | 1700.00 | |
| 2856406/ 04.11.2016 | - | 4500.00 | |
| 2856415/ 30.03.2017 | - | 11924.00 | 66906.00 |
| | | ------------ | ------------------- |
| | | | **921286.20** |
| 2) 31.03.2017 ൽ എസ്.ബി.റ്റി. അക്കൗണ്ടിൽ NEFT വഴി വരവ് വന്നതും ക്യാഷ്ബുക്കിൽ വരവിലെടുക്കാത്തതുമായ തുക (പ്രസ്തുത തുക 06.04.2017 ൽ 44645-ാം നം. രസീത് പ്രകാരം വരവിലെടുത്തിട്ടുണ്ട് | | | 10622.00 |
| | | | ------------------- |
| **ആകെ** | | | **910664.20** |
| | | | ========== |

# ഭാഗം - 6
# സാമ്പത്തിക നില

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാൻ/ നോൺ പ്ലാൻ ഉൾപ്പെടെയുള്ള എല്ലാ വരവ് ചെലവുകളും ജനറൽ പി.ഡി. അക്കൗണ്ടിൽ ഉൾപ്പെടുത്തിയാണ് 2016-17 വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ താൽക്കാലികമായി അംഗീകരിച്ച് കൊണ്ട് തയ്യാറാക്കിയ സ്ഥാപനത്തിന്റെ സാമ്പത്തികനില (ജനറൽ പി.ഡി. അക്കൗണ്ട്) ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| | | **മുന്നിരിപ്പ്** | - | (-)17086.00 |
| **വരവ്** | | | | |
| പ്ലാൻ | - | 70709068.00 | | |
| നോൺപ്ലാൻ | - | 54977023.00 | | 125686091.00 |
| | | ------------------ | | ------------------- |
| | | **ആകെ** | **-** | **125669005.00** |
| **ചെലവ്** | | | | |
| പ്ലാൻ | - | 70648643.00 | | |
| നോൺപ്ലാൻ | - | 54959937.00 | | 125608580.00 |
| | | ------------------ | | ---------------- |
| **നീക്കിയിരിപ്പ്** | | | | **60425.00** |
| | | | | ========== |

**നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ**

| | | | |
|---|---|---|---|
| 31.03.2017 ൽ ജനറൽ പി.ഡി. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | - | | 672221.00 |
| **കുറയ്ക്കുക:** | | | |
| **പണമാകാത്ത ചെക്കുകൾ** | | | |
| 2014-15 | - | 7596.00 | |
| 2015-16 | - | 5000.00 | |
| 2016-17 | - | 602200.00 | 614796.00 |
| | | ------------- | --------------- |
| | | | 57425.00 |

**കൂട്ടുക**

| | | |
|---|---|---|
| 24.11.2016 ൽ ക്യാഷ്ബുക്ക് കൂട്ടി എഴുതിയപ്പോൾ ഉണ്ടായ പിശക് | - | 3000.00 |
| | | **60425.00** |
| ജനറൽ പി.ഡി. ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | - | **60425.00** |

ക്യാഷ് ബുക്കിൽ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**പ്രത്യേക അക്കൗണ്ടുകൾ**

**i) റ്റി.പി.ഐ.1 (പി.എഫ്)**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 3052019.00 |
| വരവ് | - | 2377201.00 |
| ആകെ | - | 5429220.00 |
| ചെലവ് | - | 2716413.00 |
| **നീക്കിയിരിപ്പ്** | - | **2712807.00** |

**നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ**

| | | |
|---|---|---|
| 31.03.2017 ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | - | 2573073.00 |
| **കൂട്ടുക** | | |
| 22.03.2017 ൽ ക്യാഷ്ബുക്കിൽ വരവിലെടുത്തതും എന്നാൽ ട്രഷറി പാസ്ബുക്കിൽ വരവ് വരാത്തതുമായ തുക | - | 139734.00 |
| | | **2712807.00** |
| 31.03.2017 ൽ ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | - | **2712807.00** |

**ii) റ്റി.പി.എ. 188**

| | | |
|---|---|---|
| മുന്നിരിപ്പ് | - | 11774848.00 |
| വരവ് | - | 52707542.00 |
| ആകെ | - | 64482390.00 |
| ചെലവ് | - | 52107000.00 |
| **നീക്കിയിരിപ്പ്** | - | **12375390.00** |

**<u>നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ</u>**

| | | | |
|---|---|---|---|
| 31.03.2017 ൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | | - | 12511114.00 |
| **കുറയ്ക്കുക:-** | | | |
| 30.04.2014 ൽ ട്രഷറിയിൽ അധികം വരവ് | - 1.00 | | |
| 23.03.2015 ൽ ട്രഷറിയിൽ അധികം വരവ് | - 3.00 | | |
| 23.03.2017 ൽ (ട്രഷറി അക്കൗണ്ടിൽ തെറ്റായി വരവ് വന്ന തുക) | - 139734.00 | - | 139738.00 |
| | | | **12371376.00** |
| **കൂട്ടുക:-** | | | |
| 2007-08 ൽ ട്രഷറി വരവിൽ കുറവ് വന്ന തുക | | - | 4014.00 |
| | | | **12375390.00** |
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | - | 12375390.00 |

**iii) <u>സി&ഐ. 24 (എസ്.ബി.റ്റി)</u>**

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച വരവ് ചെലവുകൾ പരിപാലിക്കുന്ന ഈ അക്കൗണ്ട് ക്യാഷ്ബുക്കും ബാങ്ക് പാസ്ബുക്കും തമ്മിൽ ഇക്കുറിയും പൊരുത്തപ്പെടുത്തിയിട്ടില്ല. മുൻ റിപ്പോർട്ടുകളിലെല്ലാം തന്നെ മേൽ വിഷയത്തിന്മേൽ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ആവർത്തിച്ചാവശ്യപ്പെട്ടിരുന്നു. സ്ഥാപനത്തിന്റെ റിവോൾവിംഗ് ഫണ്ട് അക്കൗണ്ട് കൂടിയായ ഇത് വർഷങ്ങളായി റിക്കൺസിലിയേഷൻ നടത്താതിരിക്കുന്നത് ശരിയായ പ്രവണതയല്ല. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് തുക 1,04,50,945/- രൂപയും നീക്കിയിരിപ്പ് തുക 5,62,175/- രൂപയുമാണെന്നാണ് കാണിച്ചിട്ടുള്ളത്. പാസ്സ്ബുക്ക് പ്രകാരം 30.03.2017 ലെ നീക്കിയിരിപ്പ് തുക 1,32,90,799.38 രൂപയാണ്. നീക്കിയിരിപ്പിലെ വ്യത്യാസം പൊരുത്തപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ ഫൈനാൻസ് ഓഫീസർ കൈക്കൊള്ളേണ്ടതാണ്.

**iv) എസ്.ബി.ഐ. അക്കൗണ്ട് നം - 3013891125 - 4**

മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് പോലെ തൻവർഷവും ഈ അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ ഒന്നും നടന്നിട്ടില്ല. പലിശയിനത്തിലുള്ള വരവ് ഇക്കുറിയും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പലിശയിനത്തിൽ തൻവർഷം 4,456/- രൂപ പാസ്സ്ബുക്ക് പ്രകാരം വരവ് വന്നിട്ടുണ്ട്. ക്യാഷ്ബുക്ക് നീക്കിയിരിപ്പ് തുകയും പാസ്സ്ബുക്ക് നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെത്തിയിട്ടുമില്ല.

ക്യാഷ്ബുക്ക് പ്രകാരം മുന്നിരിപ്പ്/ നീക്കിയിരിപ്പ് - 21,879.00

31.03.2017 ൽ പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് - 92,027.00

പ്രസ്തുത അക്കൗണ്ടിലെ അപാകതകളും അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

**56) സർക്കാർ ധനസഹായം**

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതമായി പദ്ധതിയിനത്തിൽ വകയിരുത്തിയ 1,75,00,000/- (175 ലക്ഷം മാത്രം) രൂപയും പദ്ധതിയേതരയിനത്തിൽ മൂന്ന് ഗഡുക്കളായി 3,01,07,000/- (മൂന്ന കോടി ഒരു ലക്ഷത്തി ഏഴായിരം രൂപ മാത്രം) രൂപയും തൻവർഷം ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ് നം/ തീയതി | പ്ലാൻ തുക | നോൺ പ്ലാൻ തുക | അക്കൗണ്ടിൽ വരവ് വന്ന തുക |
|---|---|---|---|---|
| 1. | സ.ഉ(സാധാ) നം. 237/2016/സാംസ്കാരിക വകുപ്പ് തീയതി. 25.07.2016 | - | 1,00,00,000 | 25.08.2016 |
| 2. | സ.ഉ(സാധാ) നം. 339/2016/സാംസ്കാരിക വകുപ്പ് തീയതി. 07.10.2016 | - | 1,00,53,500 | 31.10.2016 |
| 3. | സ.ഉ(സാധാ) നം. 132/2017/സാംസ്കാരിക വകുപ്പ് തീയതി. 09.03.2017 | - | 1,00,53,500 | 14.03.2017 |

| | | | | |
|---|---|---|---|---|
| 4. | സ.ഉ(സാധാ) നം. 235/2017/സാംസ്കാരിക വകുപ്പ് തീയതി. 25.03.2017 | 1,75,00,000 | - | 29.03.2017 |
| **ആകെ** | | **1,75,00,000** | **3,01,07,000** | |

## C.S.T.T ഗ്രാന്റ് ലഭ്യമായില്ല

കേന്ദ്രസർക്കാരിൽ നിന്ന് C.S.T.T ഗ്രാന്റിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല. തുടർച്ചയായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ച് കൊണ്ടിരുന്നതാണ് പ്രസ്തുത ഗ്രാന്റ്. ബന്ധപ്പെട്ട ഫയൽ നം. എ 281/2012/സിൽ പരിശോധിച്ചതിൽ പ്രസ്തുത ഗ്രാന്റിന് വേണ്ടി യഥാസമയം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രൊപ്പോസൽ നൽകിയതായും കാണുന്നില്ല. 2015-16 വർഷം ഈയിനത്തിൽ 30 ലക്ഷം രൂപ ലഭിച്ചിരുന്നു. ഇത്രയും വലിയ തുക 2016-17 വർഷം നേടിയെടുക്കാൻ സാധിക്കാതിരുന്ന സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് ലഭിച്ച മറുപടിയിൽ സി.എസ്.റ്റി.റ്റി. ആവശ്യപ്പെടുന്നതനുസരിച്ചാണ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ നൽകാറുള്ളതെന്നും തൻവർഷം പ്രൊപ്പോസൽ അയച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ടിരുന്നില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുടർന്നും ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 57) സ്ഥിരനിക്ഷേപങ്ങൾ

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ 10 സ്ഥിരനിക്ഷേപങ്ങളും എസ്.ബി.റ്റി വികാസ്ഭവൻ ബ്രാഞ്ചിൽ 5 സ്ഥിരനിക്ഷേപങ്ങളുമാണ് 2016-17 ൽ ഉണ്ടായിരുന്നത്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ഇന്ത്യൻ ഓവർസീസ് ബാങ്ക്

| ക്രമ നം | നിക്ഷേപ നം/ തീയതി | തുക | കാലാവധി | പലിശ നിരക്ക് | കാലാവധി പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|---|
| 1. | 2014/ NDRQ 0232041/ 28.09.16 | 99,00,000 | 1 വർഷം | 7.25% | 28.09.2017 |
| 2. | 2014/ NDRQ 0232047/ 29.09.16 | 99,00,000 | 1 വർഷം | 7.25% | 29.09.2017 |
| 3. | 2014/ NDRQ 0232058/ 30.09.16 | 75,69,650 | 1 വർഷം | 7.25% | 30.09.2017 |
| 4. | 2014/ NDRQ 0232271/ 16.03.17 | 99,00,000 | 1 വർഷം | 6.75% | 16.03.2018 |
| 5. | 2014/ NDRQ 0232273/ 17.03.17 | 99,00,000 | 1 വർഷം | 6.75% | 17.03.2018 |
| 6. | 2014/ NDRQ 0232274/ 18.03.17 | 99,00,000 | 1 വർഷം | 6.75% | 18.03.2018 |
| 7. | 2014/ NDRQ 0232277/ 20.03.17 | 99,00,000 | 1 വർഷം | 6.75% | 20.03.2018 |
| 8. | 2014/ NDRQ 0232285/ 21.03.17 | 99,00,000 | 1 വർഷം | 6.75% | 21.03.2018 |
| 9. | 2014/ NDRQ 0232297/ 22.03.17 | 99,00,000 | 1 വർഷം | 6.75% | 22.03.2018 |
| 10. | 2014/ NDRQ 0232298/ 23.03.17 | 41,06,908 | 1 വർഷം | 6.75% | 23.03.2018 |
| ആകെ | | **9,08,76,558** | | | |

## എസ്.ബി.റ്റി

| ക്രമ നം | നിക്ഷേപ നം/ തീയതി | തുക | കാലാവധി | പലിശ നിരക്ക് | കാലാവധി പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|---|
| 1. | 67366940203/ 01.07.16 | 65,33,232 | 1 വർഷം | 6.75% | 01.07.2017 |
| 2. | 67366940134/ 01.07.16 | 59,50,812 | 1 വർഷം | 6.75% | 01.07.2017 |
| 3. | 67391139369/ 03.02.17 | 99,00,000 | 1 വർഷം | 6.9% | 03.02.2018 |

| | | | | | |
|---|---|---|---|---|---|
| 4. | 67391289622/ 06.02.17 | 55,25,804 | 1 വർഷം | 6.9% | 06.02.2017 |
| 5. | 67393635865/ 09.02.17 | 99,00,000 | 1 വർഷം | 6.9% | 09.02.2018 |
| | **ആകെ** | **3,78,09,848** | | | |

## 58) <u>റിവോൾവിംഗ് ഫണ്ട്</u>

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിവോൾവിംഗ്ഫണ്ട് അക്കൗണ്ടായ C&I 24 അക്കൗണ്ടിൽ നിന്നും 2016-17 വർഷം 4,12,81,725/- രൂപ പിൻവലിച്ചതിൽ ആകെ 1,25,00,000/- രൂപ മാത്രമാണ് ഈ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ 2,87,81,725/- രൂപ തൻവർഷം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു.

TPA 188 റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും തൻവർഷം 45,00,000/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും തിരിച്ചടച്ചിട്ടില്ലാത്തതിനാൽ ഈ അക്കൗണ്ടിലേയ്ക്ക് 45,00,000/- രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു.

മേൽ കാണിച്ചിട്ടുള്ള രണ്ട് അക്കൗണ്ടുകളിലേയ്ക്കും കൂടി തൻവർഷം ആകെ 3,32,81,725/- രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു. മുൻ റിപ്പോർട്ട് പ്രകാരം മുൻവർഷങ്ങളിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയായ 3,17,52,423/- രൂപയും ചേർത്ത് ആകെ 6,50,34,148/- രൂപ 31.03.2017 ൽ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നു.

# <u>ഓഡിറ്റ് പ്രത്യവലോകനം</u>

## 59) <u>ഓഡിറ്റ് ചാർജ്</u>

2016-17 വർഷത്തെ ഓഡിറ്റ് ചാർജ് താഴെപ്പറയുന്ന വിധം കണക്കാക്കുന്നു.

| | | |
|---|---|---|
| ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യ | - | 298659/- |
| പുസ്തക വിൽപ്പന | - | 21061809/- |
| മറ്റിനങ്ങളിലെ വരുമാനം | - | 564532/-<br>-------------- |
| ഓഡിറ്റ് ചാർജിന് പരഗണിക്കാവുന്ന ആകെ വരുമാനം | - | 21925000 |
| ഓഡിറ്റ് ചാർജ് 1% നിരക്കിൽ | - | **219250/-**<br>========= |

2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റ് ചാർജ് (152083+143148) 2,95,231/- രൂപ 10.08.2017 ൽ KL005005194201718M നമ്പർ ചെലാനായി ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

## 60) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | - | 125686091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | - | 125608580 |
| വരവിനങ്ങളിലുള്ള നഷ്ടം | - | 93828 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - | 159260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - | 73000 |

## 61) <u>വരവിനത്തിൽ ഭാഷാഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിശദാംശങ്ങൾ</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 26 | 22605 | 21560 - ശ്രീ. മനുപ്രസാദ്, യു.ഡി.സി<br>1045 – ശ്രീ. പ്രവീൺ. പി.ഐ, യു.ഡി.സി |
| 41 | 5769 | ശ്രീ. ഷിബിത്ത്. വി.ബി, കോഴിക്കോട് പ്രാദേശിക കേന്ദ്രം |
| 42 | 2622 | ശ്രീ. നിധീഷ്കുമാർ. എം, സ്റ്റോർ കീപ്പർ, കോഴിക്കോട് വിൽപ്പനശാല |
| 43 | 45997 | വിശദാംശം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 44 | 3805 | വിശദാംശം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 50 | 8400 | ശ്രീ. വിനോദ്കുമാർ. വി, ഷോറൂം ഇൻചാർജ്, കണ്ണൂർ വിൽപ്പനശാല |
| 51 | 4630 | ശ്രീ. വിനോദ്കുമാർ. വി, ഷോറൂം ഇൻചാർജ്, കണ്ണൂർ വിൽപ്പനശാല |
| **ആകെ** | **93828/-** | |

## 62) നിരാകരിച്ച തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 4 | 131915 | ₹ 12313- ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ<br>₹ 53644.50 - പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ<br>₹ 65957.50 -ശ്രീ. എൻ. ജയകൃഷ്ണൻ<br>പബ്ലിക്കേഷൻ ഓഫീസർ/ അസി. ഡയറക്ടർ (പ്രസിദ്ധീകരണ വിഭാഗം) |
| 5 | 11800 | ₹ 2320- ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ<br>₹ 3580- പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ<br>₹ 5900-ശ്രീ. എൻ. ജയകൃഷ്ണൻ<br>പബ്ലിക്കേഷൻ ഓഫീസർ/ അസി. ഡയറക്ടർ (പ്രസിദ്ധീകരണ വിഭാഗം) |
| 6 | 11393 | ₹ 5696.50 - ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ<br>₹ 5696.50 -ശ്രീ. എൻ. ജയകൃഷ്ണൻ<br>പബ്ലിക്കേഷൻ ഓഫീസർ/ അസി. ഡയറക്ടർ (പ്രസിദ്ധീകരണ വിഭാഗം) |
| 8 | 3000 | ₹ 1500 - ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ<br>₹ 1500 - ശ്രീ. എൻ. ജയകൃഷ്ണൻ<br>പബ്ലിക്കേഷൻ ഓഫീസർ/ അസി. ഡയറക്ടർ (പ്രസിദ്ധീകരണ വിഭാഗം) |
| 10 | 1152 | ₹ 576 - ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ<br>₹ 576 - ശ്രീ. എൻ. ജയകൃഷ്ണൻ<br>പബ്ലിക്കേഷൻ ഓഫീസർ/ അസി. ഡയറക്ടർ (പ്രസിദ്ധീകരണ വിഭാഗം) |
| **ആകെ** | **159260/-രൂപ** | |

## 63) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 11 | 40000 | ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ |
| 12 | 30000 | ഡോ. എം.ആർ. തമ്പാൻ, ഡയറക്ടർ |
| 13 | 3000 | ശ്രീ. സുലൈമാൻ, പ്യൂൺ |
| **ആകെ** | **73000** | |

64) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

65) **കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

66) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| | | |
|---|---|---|
| 1. | ശ്രീ. എം.ആർ. തമ്പാൻ<br>ഡയറക്ടർ | മേടയിൽ ഹൗസ്, ഉപാസന ഗാർഡൻസ്,<br>കൊച്ചാർ റോഡ്, ജഗതി, തിരുവനന്തപുരം |
| 2. | പ്രൊഫ. വി.കാർത്തികേയൻ<br>നായർ, ഡയറക്ടർ | റ്റി.സി. 25/ 1869, കാർത്തിക,<br>മേലേതമ്പാനൂർ, തിരുവനന്തപുരം - 695 001 |
| 3. | ശ്രീ. എൻ. ജയകൃഷ്ണൻ<br>അസിസ്റ്റന്റ് ഡയറക്ടർ<br>പ്രസിദ്ധീകരണം വിഭാഗം | ചെറുവയ്ക്കൽ ഹൗസ്<br>ചമ്പക്കര. പി.ഒ<br>കറുകച്ചാൽ, കോട്ടയം |
| 4. | ശ്രീ. പ്രവീൺ. പി.ഐ<br>യു.ഡി.സി | പാലപ്പള്ളി വീട്<br>കീഴ്തോന്നയ്ക്കൽ<br>മംഗലത്തുനട<br>പോത്തൻകോട്. പി.ഒ<br>പിൻ - 695 584 |
| 5. | ശ്രീ. മനപ്രസാദ്<br>യു.ഡി.സി | ചന്ദ്രമംഗലം<br>വാറുവിളാകം<br>മണലൂർ<br>നെയ്യാറ്റിൻകര. പി.ഒ<br>പിൻ - 695 121 |
| 6. | ശ്രീ. വിനോദ് കുമാർ.വി | "നീലാംബരി"<br>കാഞ്ഞങ്ങാട് സൗത്ത് (പി.ഒ)<br>കാസർഗോഡ് ജില്ല<br>പിൻ - 671 531 |
| 7. | ശ്രീ. നിധീഷ്കുമാർ. എം<br>സ്റ്റോർകീപ്പർ | മടശ്ശേരി വീട്<br>പിലാശ്ശേരി. പി.ഒ<br>കുന്നമംഗലം വഴി<br>കോഴിക്കോട് - 673 571 |

| | | |
|---|---|---|
| 8. | ശ്രീ. ഷിബിത്ത്. വി.ബി<br>ഗോഡൗൺ മാനേജർ<br>കോഴിക്കോട് | ശ്രീവത്സം ഹൗസ്<br>കൽപ്പാത്തൂർ. പി.ഒ<br>മേപ്പയ്യൂർ വഴി<br>കോഴിക്കോട് |
| 9. | ശ്രീ. ജിനോഷ്. വി.സി | പുത്താലത്ത് ഹൗസ്<br>മുണ്ടല്ലൂർ. പി.ഒ<br>പേരലശ്ശേരി<br>കണ്ണൂർ |
| 10. | ശ്രീ. അനീഷ്. വി | വലിയേടത്തു വീട്<br>കൊല്ലാർകണ്ടി പറമ്പ്<br>കല്ലായി. പി.ഒ<br>കോഴിക്കോട് - 673 003 |
| 11. | ശ്രീ. അജേഷ്. കെ.പി | കാട്ടിൽപുരയി ഹൗസ്<br>പായമ്പ്ര. പി.ഒ<br>കുന്നമംഗലം വഴി<br>കോഴിക്കോട് - 673 571 |
| 12. | ശ്രീ. മനോജ്കുമാർ. എൻ | നടുകണ്ടിയിൽ വീട്<br>പായമ്പ്ര. പി.ഒ<br>കുന്നമംഗലം വഴി<br>കോഴിക്കോട് - 673 571 |
| 13. | ശ്രീമതി. നെഹബത്ത്. എം | എം.പി. ഹൗസ്<br>തളിപ്പറമ്പ്<br>പള്ളിത്താഴം<br>ചേലാവൂർ. പി.ഒ<br>കോഴിക്കോട് - 673 571 |

# അനുബന്ധം - I

| ക്രമ നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | വർഷം |
|---|---|---|
| 1. | എൽ.എഫ്.റ്റി.ഡി/14/1903/82 തീയതി 14.06.1982 | 1979-80 |
| 2. | എൽ.എഫ്.റ്റി.ഡി.14/1784/83 തീയതി 14.10.1983 | 1980-81 |
| 3. | എൽ.എഫ്.റ്റി.ഡി.14/1696/85 തീയതി 18.07.1985 | 1981-82 |
| 4. | എൽ.എഫ്.റ്റി.ഡി.14/193/86 തീയതി 05.06.1986 | 1982-83 |
| 5. | എൽ.എഫ്.റ്റി.ഡി.14/72/87 തീയതി 08.10.1987 | 1983-84 |
| 6. | എൽ.എഫ്.റ്റി.ഡി.14/1707/90 തീയതി 21.10.1991 | 1986-87 |
| 7. | എൽ.എഫ്.റ്റി.ഡി.14/1369/91 തീയതി 11.08.1992 | 1987-88 |
| 8. | എൽ.എഫ്.റ്റി.ഡി.14/531/94 തീയതി 09.02.1996 | 1990-91 |
| 9. | എൽ.എഫ്.റ്റി.ഡി.14/756/95 തീയതി 01.02.1996 | 1991-92 |
| 10. | എൽ.എഫ്.റ്റി.ഡി.14/27/96 തീയതി 11.10.1996 | 1992-93 |
| 11. | എൽ.എഫ്.റ്റി.ഡി.9(എ).954/99 തീയതി 12.05.2000 | 1993-94 |
| 12. | എൽ.എഫ്.റ്റി.ഡി.9(എ).724/2000 തീയതി 12.05.2000 | 1994-95 |
| 13. | എൽ.എഫ്.റ്റി.ഡി.9(എ).515/2000 തീയതി 08.05.2001 | 1995-96 |
| 14. | എൽ.എഫ്.റ്റി.ഡി.11/1189/98 തീയതി 01.06.1998 | 1996-97 |
| 15. | എൽ.എഫ്.റ്റി.ഡി.9(എ).1141/99 തീയതി 03.09.1999 | 1997-98 |
| 16. | എൽ.എഫ്.റ്റി.ഡി.9(എ).125/2000 തീയതി 01.07.2000 | 1998-99 |
| 17. | എൽ.എഫ്.റ്റി.ഡി.9(എ).1001/2000 തീയതി 02.07.2001 | 1999-2000 |
| 18. | എൽ.എഫ്.റ്റി.ഡി.9(2).21/02 തീയതി 17.08.2002 | 2000-01 |
| 19. | എൽ.എഫ്.റ്റി.ഡി.മിസ്.1/1475/2004 തീയതി 01.06.2005 | 2001-02 |
| 20. | എൽ.എഫ്.റ്റി.ഡി.മിസ്.1/544/2005 തീയതി 25.11.2005/20.02.2006 | 2002-03 |
| 21. | എൽ.എഫ്.റ്റി.ഡി.മിസ്.1/2296/2006 തീയതി 09.03.2007 | 2003-04 |
| 22. | എൽ.എഫ്.റ്റി.ഡി.മിസ്.1/1351/2008 തീയതി 13.03.2009 | 2004-05 |
| 23. | എൽ.എഫ്.റ്റി.ഡി.മിസ്.1/499/2009 തീയതി 31.08.2009/01.01.2010 | 2005-06 |
| 24. | എൽ.എഫ്.റ്റി.ഡി.മിസ്.507/2010 തീയതി 20.10.2010/07.02.2011 | 2006-07 |

| | | |
|---|---|---|
| 25. | എൽ.എഫ്.സിൽ/എ 3/260/2011 തീയതി 15.10.2011 | 2007-08 |
| 26. | എൽ.എഫ്.സിൽ/എ 3/368/2011 തീയതി 25.02.2012/04.05.2012 | 2008-09 |
| 27. | എൽ.എഫ്.സിൽ/എ 2/212/2012 തീയതി 02.07.2012/22.09.2012 | 2009-10 |
| 28. | എൽ.എഫ്.സിൽ/എ 2/486/2012 തീയതി 19.03.2013/11.06.2013 | 2010-11 |
| 29. | എൽ.എഫ്.സിൽ/എ 2/138/2014 തീയതി 28.04.2014/19.02.2014 | 2011-12 |
| 30. | നമ്പർ എൽ.എഫ്.സിൽ/എ 2/96/2014 തീയതി 17.09.2015 | 2012-13 |
| 31. | കെ.എസ്.എ.സിൽ.എ 1/169/2015 തീയതി 26.05.2016 | 2013-14 |
| 32. | നമ്പർ.കെ.എസ്.എ.സിൽ.എ 3/450/2016 തീയതി 27.01.2017 | 2014-15 |
| 33. | നമ്പർ.കെ.എസ്.എ.സിൽ.എ 3/105/2017 തീയതി 22.05.2017 | 2015-16 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ് കാര്യാലയം**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

2016-17 വാർഷിക കണക്കുകളുടെ പരിശോധനാവേളയിൽ ഹാജരാക്കപ്പെട്ട കണക്കുകളുടെയും രേഖകളുടെയും നൽകപ്പെട്ട വിശദീകരണങ്ങളുടെയും വെളിച്ചത്തിലും പരിശോധനയിലൂടെ വെളിവാക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് തൻവർഷം അനുവദിച്ചുകിട്ടിയ സർക്കാർ ധനസഹായം നിർദ്ദിഷ്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഈ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും വിധേയമായി ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

| **സഹായ ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ്** | **ഉത്തരവു പ്രകാരം അനുവദിച്ച തുക** | | **തൻ വർഷം ലഭിച്ച തുക** | | **ഉദ്ദേശ്യം** | **ചെലവഴിക്കാൻ അവശേഷിക്കുന്ന തുക** | **റിമാർക്ക്** |
|---|---|---|---|---|---|---|---|
| | **പ്ലാൻ** | **നോൺ പ്ലാൻ** | **പ്ലാൻ** | **നോൺ പ്ലാൻ** | | | |
| 1) സ.ഉ.(സാധാ) നം. 237/2016/സാംസ്കാരിക വകുപ്പ് തീ: 25.07.16 | | 10000000 | | 10000000 | പുസ്തക പ്രസിദ്ധീകരണം, ജീവനക്കാരുടെ ശമ്പളം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് ദൈനംദിന ചെലവുകൾ, കെട്ടിട നിർമ്മാണം | ഇല്ല | |
| 2) സ.ഉ.(സാധാ) നം. 339/2016/സാംസ്കാരിക വകുപ്പ് തീ: 07.10.16 | | 10053500 | | 10053500 | | | |
| 3) സ.ഉ.(സാധാ) നം. 132/2017/സാംസ്കാരിക വകുപ്പ് തീ: 09.03.17 | | 10053500 | | 10053500 | | | |
| 4) സ.ഉ.(സാധാ) നം. 235/2017/സാംസ്കാരിക വകുപ്പ് തീ: 25.03.17 | 17500000 | | 17500000 | | | | |
| **ആകെ** | **17500000** | **30107000** | **17500000** | **30107000** | | | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ് കാര്യാലയം**